SAN THOM VOICE

Ramanathapuram Diocesan Bulletin

Vol. 9, 2018 March, No. 3



Imprimatur
(Sd)
Mar Paul Alappatt
Bishop of Ramanathapuram

Chief Editor
Fr. Bijo Palayil
Mob: 8903219668
Associate Editor
Fr. Kuriyakose Kallattil CMI
Mob: 9482173518
Published by
Fr. Jose Kannumkuzhy
Bishop's House, Ramanathapuram
Ph: 0422- 4221795
Website :
www.dioceseoframanathapuram.org
www.dioceseoframanathapuram.com
Printed at: S. Sridhar offset Printing
Annual Subscription Rs. 150/-
Single Copy Rs. 20/-

ഈ ലക്കത്തിൽ

Pope Tweets	02
മേജർ ആർച്ചുബിഷപ്പ് സർക്കുലർ	03
സർക്കുലർ	08
ഇടയലേഖനം	10
വിജ്ഞാപനം	13
CBCI - ജനറൽബോഡി മീറ്റിങ്ങ്	18
രൂപതാകാര്യാലയം	30
ഫിനാൻസ് ഓഫീസ്	36
Bishop's Engagements	41
From the Bishop's Diary	41
Directives that emerged from the conference of Priests'	42
പുരോഹിതൻ:	
സഭയുടെ മനുഷ്യൻ	44
കുടുംബക്കൂട്ടായ്മാ പഠനവിഷയം	52
മൈനർ സെമിനാരി	53
മദർ തെരേസ പീസ് ഹോം	54
Mater Dei ICSE School	57
വിശ്വാസപരിശീലനം	57
ഫാമിലി അപ്പസ്തോലേറ്റ്	58
കുടുംബക്കൂട്ടായ്മ	59
സാന്തോം സോഷ്യൽ സർവ്വീസ്	59
നവീകരണമുന്നേറ്റം	60
പിതൃവേദി	61
സീറോമലബാർ മാതൃവേദി	61
കത്തോലിക്കാ കോൺഗ്രസ്സ്	66
എസ്.എം.വൈ.എം.	66
സാന്തോം ക്രിയേഷൻസ്	68
വൊക്കേഷൻ കമ്മീഷൻ	68
എസ്.എം.ആർ.സി.	69
മെഡിക്കൽ ഫ്രട്ടേണിറ്റി	71
Snippets	75

Let us pray for the intentions of the Holy Father

Evangelization: **Formation in Spiritual Discernment**
That the Church may appreciate the urgency of formation in spiritual discernment, both on the personal and communitarian levels.

Pope Francis Tweets

Pope Francis@Pontifex Feb 13

We need the Holy Spirit to transmit the faith. We cannot do it alone.

Pope Francis@Pontifex Feb 14

When we confess our sins with humility and sincerity, we receive forgiveness and are reunited with God and our brothers and sisters.

Pope Francis@Pontifex Feb 15

In our daily lives we experience the tenderness of God who lovingly saves us from our sins, fears and anxieties.

Pope Francis @Pontifex Feb 16

The message of Jesus is troubling and disturbs us because it challenges worldly religious power and stirs consciences.

Pope Francis @Pontifex Feb 17

Only those able to acknowledge their mistakes and ask pardon receive understanding and forgiveness from others.

Pope Francis @Pontifex Feb 18

I wish you all a fruitful Lenten journey, and I ask you to pray for me and my collaborators as we begin our week of Spiritual Exercises.

MATER DEI ICSE SCHOOL
(Diocese of Ramanathapuram)

6A, KPR LAYOUT, SINGANALLUR, CBE-15

Pre-KG + LKG ക്ലാസ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 9489133403

MATER DEI ICSE SCHOOL
(An Educational Institution owned and run by the Diocese of Ramanathapuram)

Admissions open for the Pre-KG, LKG & UKG

For more details, contact : 9489133403

Prot. No. 0184/2017

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജ
പാലന ശുശ്രൂഷക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

നമ്മുടെ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തിയതിന്റെ രജതജൂബിലി ആഘോഷിക്കുന്ന ദിവസങ്ങളിലാണ് സഭാസിനഡിന്റെ XXVI -ാം സമ്മേളനം നടത്തപ്പെട്ടത്.
ആദ്യമായി സഭാസിനഡിൽ പങ്കെടുക്കുന്ന തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി, കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, എന്നിവരേയും പുതുതായ രൂപം കൊണ്ട ഹൊസൂർ രൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിലിനേയും സിനഡ് അനുമോദിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തു.നമ്മുടെ സഭയ്ക്ക് പുതിയ രണ്ട് ഇടയൻമാരെകൂടി ലഭിച്ച വിവരം ഈ സിനഡിനിടയ്ക്ക് പ്രഖ്യാപിക്കുകയുണ്ടായി. ഇടുക്കി രൂപതാദ്ധ്യക്ഷനായി ഫാദർ ജോൺ നെല്ലിക്കുന്നേലും, സാഗർ രൂപതാദ്ധ്യക്ഷനായി ഫാദർ ജെയിംസ് അത്തിക്കളം MST യും നിയമിതരായി. ഈ പുതിയ പിതാക്കൻമാർക്കുവേണ്ടി ഏവരും പ്രാർത്ഥിക്കുമല്ലോ.
തമിഴ്നാട്ടിൽ പുതിയതായി രൂപംകൊണ്ട ഹൊസൂർ രൂപതാസ്ഥാപനത്തിനു വേണ്ടി വർഷങ്ങളോളം പരിശ്രമിച്ച ഇരിങ്ങാലക്കുട രൂപതാ അധികാരികൾക്കും മുൻ മേലദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിനും സിനഡ് കൃതജ്ഞതയർപ്പിച്ചു.
വിശാലമായ അതിർത്തികളോടെ രൂപീകൃതമായ പുതിയ ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവിന് സിനഡ് ആശംസകൾ അർപ്പിച്ചു. ഷംഷാബാദ് രൂപതാസ്ഥാപനത്തോടെ ഭാരതം മുഴുവനും പ്രേഷിത പ്രവർത്തനം നടത്തുവാനും അജപാലനശുശ്രൂയിൽ ഏർപ്പെടുവാനും ഉള്ള അവകാശാധികാരങ്ങൾ സീറോമലബാർ സഭയ്ക്ക് കൈവന്നിരിക്കുകയാണ് എന്ന് സിനഡ് വിലയിരുത്തി. ഈ അവകാശാധികാരങ്ങളോടുകൂടെയുള്ള പുതിയ സംവിധാനത്തിന് വഴിയൊരുക്കിയ ആദ്യത്തെ അപ്പസ്തോലിക്ക് വിസിറ്ററായ അഭിവന്ദ്യ കർദ്ദിനാൾ ആന്റണി പടിയറ, മാർ ഗ്രിഗറി കരോട്ടേമ്പ്രയിൽ, മാർ ഗ്രേഷ്യൻ മുണ്ടാടൻ എന്നിവരെ സിനഡ് നന്ദിപൂർവ്വം അനുസ്മരിച്ചു.പുതിയ രൂപതയുടെ പ്രവർത്തനങ്ങൾക്ക് മാതൃസഭയിൽ നിന്നും

സഭയിലെ സമർപ്പിതസമൂഹങ്ങളിൽ നിന്നും ആത്മാർഥമായ സഹായ സഹകരണങ്ങൾ ഉണ്ടാകേണ്ടതാണെന്ന് ഉത്ബോധിപ്പിക്കുന്നു. ഇന്ത്യ യിൽ ആഗോളതലത്തിൽ അവകാശാധികാരങ്ങൾ വ്യാപിപ്പിച്ചു കിട്ടി യത് സുവിശേഷവത്കരണത്തിനുള്ള അവസരമായിട്ടും മറ്റു വ്യക്തി സഭകളുമായി സമാധാനപരമായ സഹവർത്തിത്വത്തിനും ഉള്ള അവ സരമായി കാണേണ്ടതുണ്ട്. സീറോ മലബാർ സഭയ്ക്ക് ഇന്ത്യയിൽ മുഴുവൻ അജപാലനാധികാരം ലഭിച്ചത് രജതജൂബിലി വർഷത്തിലാ ണ് എന്നത് ശ്രദ്ധേയമാണ്.

പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന മാർ ജേക്കബ് മുരിയ്ക്കൻ, മാർ ടോണി നീലങ്കാവിൽ എന്നിവർക്ക് സിനഡ് ജൂബിലി ആശംസകൾ നേർന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു.

ഭാരതത്തിൽ കത്തോലിക്കാസഭ അടുത്ത കാലത്ത് നേരിട്ടുകൊണ്ടിരി ക്കുന്ന പ്രശ്നങ്ങൾ, പ്രത്യേകിച്ചും സത്ന, സാഗർ, ജഗദൽപൂർ എന്നീ രൂപതകളിലെ ക്രൈസ്തവർക്ക് നേരെയുണ്ടായ ആക്രമണങ്ങളിൽ സിനഡ് ആശങ്ക രേഖപ്പെടുത്തി.

മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയുടെ രജതജൂബിലി ആഘോഷങ്ങളെപ്പറ്റി സിനഡ് വിശകലനം ചെയ്തു. ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നമ്മുടെ എല്ലാപിതാക്കൻമാരും ഒന്നു ചേർന്ന് ജനുവരി 13-ാം തീയതി കൃതജ്ഞതാബലി അർപ്പിക്കുകയു ണ്ടായി. ഉച്ചകഴിഞ്ഞ് 2.30-ന് നടന്ന പൊതു സമ്മേളനം കൽദായ കത്തോലിക്കാ സഭയുടെ പാത്രിയർക്കിസ് ലൂയീസ് റാഫേൽ സാക്കോ ഉത്ഘാടനം ചെയ്തു. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ്പ് ഡോ. ജാംബത്തിസ്ത ദിക്വാത്രോ അദ്ധ്യക്ഷത വഹിച്ച സമ്മേ ളനത്തിൽ എന്നെ കൂടാതെ സി.ബി.സി.ഐ പ്രസിഡന്റും സീറോ മല ങ്കര സഭ മേജർ ആർച്ചു ബിഷപ്പുമായ കർദിനാൾ മാർ ബസേലിയോസ് ക്ലിമിസ് കാതോലിക്കബാവ, പൗരസ്ത്യ സഭകൾക്കായുള്ള വത്തി ക്കാൻ കാര്യാലയത്തിന്റെ സെക്രട്ടറി ആർച്ച് ബിഷപ്പ് ഡോ. സിറിൽ വാസിൽ, വരാപ്പുഴ മുൻ ആർച്ച് ബിഷപ്പ് ഡോ. ഫ്രാൻസിസ് കല്ലറ യ്ക്കൽ, ഗ്രീക്ക് കത്തോലിക്കാസഭയുടെ അദ്ധ്യക്ഷ പദവിയിൽനിന്നും വിരമിച്ച ബിഷപ്പ് ഡിമിത്രിയോസ് സലാക്കസ്, സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ്, സി.എം.സി മദർ ജനറൽ സി. സി ബി, കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ബിജു പറയന്നിലം, മാതൃവേദി സെക്രട്ടറി ജിജി ജേക്കബ്, എസ്.എം.വൈ.എം പ്രസിഡന്റ് അരുൺ ഡേവിസ് എന്നിവരും തദവസരത്തിൽ ആശംസകൾ നേരുകയുണ്ടായി.സിനഡിൽ സംബന്ധിച്ചിരുന്ന സീറോ മലബാർ സഭയിലെഎല്ലാപിതാക്കന്മാർക്കുംപുറമെ സീറോ മലബാർ സഭയുടെ എല്ലാ രൂപതകളിൽനിന്നുമുള്ള വൈദികരുടേയും സമർപ്പിതരുടേയും അത്മായസഹോദരങ്ങളുടേയും പ്രത്യേകമായി യുവജനങ്ങളുടേയും പ്രതിനിധികളും പ്രസ്തുതസമ്മേളനത്തിൽ പങ്കെടുത്തു.

കാർഷിക മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പ്രശ്നങ്ങൾ സിനഡ് ഗൗരവമായി ചർച്ച ചെയ്യുകയും അവരുടെ ജീവനും സ്വത്തിനും കൃഷിയ്ക്കും സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കർഷകകുടുംബങ്ങളേയും കൃഷിയിടങ്ങളേയും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്ന് സിനഡ് പിതാക്കൻമാർ അഭിപ്രായപ്പെട്ടു. വന്യമൃഗങ്ങൾക്കെതിരെ കിടങ്ങ്, ഉയർന്ന മതിൽ, സോളാർ, ഇലക്ട്രിക്കൽ വേലികൾ തുടങ്ങിയവ നിർമ്മിക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും കാര്യമായ സഹായങ്ങൾ ഉണ്ടാകണമെന്ന് സിനഡ് ആവശ്യപ്പെട്ടു. മനുഷ്യ സംരക്ഷണത്തേക്കാൾ മൃഗസംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന സമീപനരീതി തികച്ചും അപവലപനീയമാണ്. ദൂരവ്യാപക ഫലങ്ങൾ ഉളവാക്കുന്നതും നിലനിൽക്കുന്നതും (Sustainable) ആയ പദ്ധതികൾ ആവിഷ്കരിക്കുവാൻ സർക്കാരും രാഷ്ട്രീയ പാർട്ടികളും സന്നദ്ധസംഘടനകളും മുന്നിട്ട് ഇറങ്ങേണ്ടതുണ്ട്. INFARM, AKCC തുടങ്ങിയ സംഘടനകൾ ഈ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതും പൊതുജനാഭിപ്രായരൂപീകരണത്തിന് പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. മലയോര മേഖലയിൽ കഴിയുന്നവരുടെ പ്രശ്നങ്ങൾക്കും, കാർഷിക വിളകളുടെ വിലയിടിവിനും, പ്രകൃതിക്ഷോഭം, തുടങ്ങിയ പ്രശ്നങ്ങൾക്കും ഒരു സാമ്പത്തിക സുരക്ഷാ പദ്ധതി വിഭാവനം ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇത്യാദി പ്രശ്നങ്ങൾ കൊണ്ട് മലയോര മേഖലയിൽ കഴിയുന്നവർ കുടിയിറങ്ങുന്ന പ്രവണത സിനഡ് ആശങ്കാപൂർവ്വമാണ് നോക്കി കാണുന്നത്. ഇത് ഒരു പുതിയ രീതിയിലുള്ള കുടിയേറത്തിന് രൂപം കൊടുക്കുന്നു.

നമ്മുടെ സഭയിൽ ദൈവവിളി പ്രോത്സാഹനത്തിനുവേണ്ടി ഒരു കമ്മീഷന് രൂപം കൊടുത്തിട്ടുള്ള കാര്യം നിങ്ങൾക്കറിയാമല്ലോ. മാതൃസഭയിൽ ദൈവവിളികൾ, പ്രത്യേകിച്ചും സ്ത്രീകൾക്കായുള്ള സമർപ്പിതസമൂഹങ്ങളിലേക്കുള്ളദൈവവിളികൾ, ആശങ്കാജനകമാംവിധം കുറഞ്ഞു വരുന്നതിനെപ്പറ്റി സിനഡ് വിലയിരുത്തി. ഈ കമ്മീഷനുമായി സഹകരിച്ച് സഭാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ദൈവവിളി പ്രോത്സാഹിപ്പിക്കുവാൻ ബന്ധപ്പെട്ട എല്ലാവരും പരിശ്രമിക്കുമല്ലോ. ബഹുമാനപ്പെട്ട വികാരിമാർക്കും ഇടവകയിലെ സമർപ്പിതസമൂഹങ്ങൾക്കും ദൈവവിളി പ്രോത്സാഹനത്തിൽ വലിയ പങ്കുവഹിക്കുവാനുണ്ട്. മിഷൻ ലീഗ് തുടങ്ങിയ സംഘടനകൾ കുട്ടികളിലും യുവജനങ്ങളിലും പ്രേഷിതാഭിമുഖ്യവും ദൈവവിളികളും പ്രോത്സാഹിപ്പിക്കുവാൻ മുന്നിട്ടിറങ്ങണം. വൈദികപരിശീലന കാലഘട്ടത്തിൽ തന്നെ പ്രേഷിതാഭിമുഖ്യം (Mission awareness) നൽകുവാൻ പരിശ്രമിക്കേണ്ടതാണ്. റീജൻസി കാലത്തും വൈദിക പട്ടത്തിനു ശേഷമുള്ള ആദ്യത്തെ ചില വർഷങ്ങളിലും നമ്മുടെ

മിഷൻ പ്രദേശങ്ങളിൽ ശുശ്രൂഷ ചെയ്യുവാനുള്ള അവസരം ഒരുക്കേണ്ടതാണെന്ന് സിനഡ് അഭിപ്രായപ്പെട്ടു. അൽമായരേയും സന്നദ്ധ സംഘടനാംഗങ്ങളേയും വോളന്റിയർമാരായി മിഷൻ രൂപതകളിൽ പോയി ശുശ്രൂഷ ചെയ്യുവാൻ പ്രോത്സാഹിപ്പിക്കാവുന്നതാണ്. അതു പോലെതന്നെ മിഷൻ രൂപതകളിൽ നിന്നും കേരളത്തിൽ മാതൃസഭയിലെ ഇടവകകളിലും സ്ഥാപനങ്ങളിലും വന്ന് മിഷനെപ്പറ്റി പ്രസംഗിക്കുന്ന രീതി (Mission Appeal) പ്രോത്സാഹിപ്പിക്കേണ്ടതാണ്. ദൈവവിളി പ്രോത്സാഹനത്തിനായി മിഷനിൽ നിന്നും കേരളത്തിൽ വരുന്ന Vocation Promotersന് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തു കൊടുക്കണമെന്ന് സിനഡ് ആഹ്വാനം ചെയ്തു. മിഷൻ രൂപതകളിലേക്ക് പൊതുവായി സെമിനാരിക്കാരെ എടുത്ത് മേജർ ആർച്ച് ബിഷപ്പിന്റെ നേതൃത്വത്തിൽ പരിശീലിപ്പിക്കണമെന്ന് സിനഡിൽ നിർദ്ദേശമുണ്ടായി.

മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദ്ദേശങ്ങളെ ചർച്ചയ്ക്കു ശേഷം തീരുമാനങ്ങളായി സിനഡ് അംഗീകരിച്ചു. അവ താഴെപ്പറയുന്നവയാണ്.

1. വിവിധ ഇടവകകൾ, സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ പരിപാടികളിൽ അഭിവന്ദ്യപിതാക്കന്മാർപങ്കെടുക്കുന്ന സാഹചര്യങ്ങളിൽ സ്വീകരണം പളളിയുടെ പ്രവേശനകവാടത്തിൽ വെച്ച് നടത്തുക. ഇടവകയുടെ അതിർത്തികളിലോ, ഗേററിനടുത്തോ ഉളള സ്വീകരണം ഒഴിവാക്കുക.റോഡരികിലുളളഫ്ളക്സ്, ആർച്ച് എന്നിവ ഒഴിവാക്കുക.
2. എല്ലാ ആഘോഷങ്ങളും ലളിതമായിരിക്കണം. ഏതു തരത്തിലുളള പബ്ലിസിററിയും ജനങ്ങളെ അറിയിക്കുക എന്ന ഉദ്ദേശത്തോടെയും വളരെ ലളിതമായിട്ടുളളതുമായിരിക്കണം.
3. രൂപതയുടെയോ, ഇടവകയുടേയോ മററു സമർപ്പിത സമൂഹങ്ങളുടേയോ സ്ക്കൂളുകളിൽ നിർബന്ധിതമായിട്ടുളള സംഭാവന ചോദിക്കുവാൻ പാടില്ല.
4. രൂപതയുടെയോ, ഇടവകയുടേയോ, സമർപ്പിത സമൂഹങ്ങളുടേയോ നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്ക്കൂളുകളിൽ നിർധനരായ കുട്ടികൾക്കും കത്തോലിക്കർക്കും ഫീസ് ഇളവ് അനുവദിക്കണം.
5. കത്തോലിക്ക എയ്ഡഡ് സ്ക്കൂളുകളും, പ്രദേശിക സ്ക്കൂളുകളും വളർത്തണം.
6. സാമ്പത്തിക സുസ്ഥിതിയുളള മാതൃസഭയിലെ ഇടവകകൾ ഒരു മിഷൻ കേന്ദ്രത്തെ ദത്തെടുക്കണം.
7. ഇടവകയിലെ മുതിർന്ന പൗരൻമാരുടെ കഴിവുകളെ പ്രയോജനപ്പെടുത്തണം.
8. കുടുംബത്തിലെ ആഘോഷങ്ങളുടെ ഒരു തുക പാവപ്പെട്ടർക്കു വേണ്ടിനീക്കിവയ്ക്കണം.

9. ഇടവകയിലുള്ള പിരിവുകൾ കുടുംബവരുമാനത്തിന്റെഅടിസ്ഥാനത്തിലായിരിക്കണം നിശ്ചയിക്കേണ്ടത്. നിർബന്ധിതമായിട്ടുള്ള ഫീസുകളും, സംഭാവനകളും പാടില്ല.
10. വിദ്യാഭ്യാസത്തിനോ, ജോലി ആവശ്യങ്ങൾക്കോ വേണ്ടി ഇടവകയിൽനിന്നും മാറുന്നവരുടെ വിവരങ്ങൾ അവർ അംഗമായിരിക്കുന്ന രൂപതയിലെ ഇടവകകളിൽ സൂഷിക്കണം. കൂടാതെ അവർ ആയിരിക്കുന്ന സ്ഥലത്തെ സീറോ മലബാർ ഇടവകയുമായി ബന്ധപ്പെടുവാനുള്ളസഹായങ്ങളും ചെയ്തുകൊടുക്കണം. കൂദാശകൾ സ്വീകരിക്കുന്നതിനോ പരികർമ്മം ചെയ്യുന്നതിനോ ഉള്ളതൊരുവിധ സംഭാവനകളും പ്രാദേശിക ഇടവക ചോദിക്കുവാൻ പാടുള്ളതല്ല.

എറണാകുളം അങ്കമാലി അതിരൂപതയിൽ നടന്ന ഭൂമി വിൽപന സംബന്ധിച്ച് സഭയിലും സമൂഹത്തിലും ഉണ്ടായ പരാമർശങ്ങളെ സിനഡ് വിലയിരുത്തി. മേജർ ആർച്ചുബിഷപ്പിനും സഹായമെത്രാന്മാർക്കും സഹായകമായ നിർദ്ദേശങ്ങൾ നൽകി.

വൈദിക പരീശീലനം പൂത്തിയാക്കുന്നവർ ഡീക്കൻ പട്ടത്തിന് മുൻപ് എടുക്കേണ്ട പ്രതിജ്ഞയ്ക്ക് സിനഡ് അന്തിമ രൂപം നൽകി. സിനഡ് അംഗീകരിച്ച വൈദിക ശുശ്രൂഷയുടെ സുരക്ഷാ പശ്ചാത്തലങ്ങളെ സംബന്ധിക്കുന്ന Safe Environmental Programe for Church Personnel വൈദികരുടെ ധാർമ്മീക ഉത്തരവാദിത്വത്തെപ്പറ്റി അവരെ കൂടുതൽ ബോധവാൻമാരാക്കും എന്ന് സിനഡ് പ്രതീക്ഷിക്കുന്നു.

AKCC-യുടെ ജൂബിലി വർഷമായ ഇക്കൊല്ലം ഈ സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനും സംഘടനയെ എല്ലാത്തലങ്ങളിലും ശക്തിപ്പെടുത്തണമെന്നും നിർദ്ദേശമുണ്ടായി.

ഭാരതത്തിനു പുറത്തുള്ള സീറോ മലബാർ വിശ്വാസികളുടെ അജപാലനകാര്യങ്ങൾ സിനഡ് ഗൗരവമായി ചർച്ചചെയ്യുകയും ഇതിനായി ബന്ധപ്പെട്ടവരുമായി നടത്തിക്കൊണ്ടിരിക്കുന്ന ചർച്ച തുടരുവാനും തീരുമാനിച്ചു. ഖത്തറിലെ ദോഹയിലെ സീറോ മലബാർ ഇടവക ഒരു സ്വതന്ത്ര ഇടവകയാക്കണമെന്ന (Personal Parish) ആവശ്യം സിനഡ് പരിഗണിച്ചു. സാർവ്വത്രിക സഭയിൽ അടുത്തുവരുന്ന മെത്രാൻ സിനഡ് "യുവജനങ്ങൾ-വിശ്വാസവും ജീവിത പാത കണ്ടെത്തലും" എന്നതിനെപ്പറ്റിയാണല്ലോ. ഈ സിനഡിൽ സംബന്ധിക്കുവാൻ നമ്മുടെ സഭയിലെ പ്രതിനിധികളെ തിരഞ്ഞെടുക്കുകയും സിനഡിനുള്ള ഒരുക്കങ്ങൾ ഊർജിതപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

കാൽഡിയൻ പേട്രിയാർക്ക് ലൂയിസ് സാക്കോ, അപ്പസ്തോലിക് നൂൺഷ്യോ ജാംബത്തിസ്താ ദിക്വാത്രോ, ഓറിയന്റൽ കോൺഗ്രിഗേഷൻ സെക്രട്ടറി ആർച്ച് ബിഷപ്പ് സിറിൽ വാസിൽ, അണ്ടർ സെക്രട്ടറി ഫാ. ലൊറൻസോ ലോറൂസ്സോ O.P, ഫ്രാൻസിലെ സന്നദ്ധ സഹായ

സംഘടനയായ l'Oeuvre d'Orient –ന്റെ ഡിറക്ടർ ജനറൽ മോൺസിഞ്ഞോർ– പാസ്കൽ ഗോൾണിഷ്, ChargH d'Affaires ഡൊമിനിക് ബേ്ളററി തുടങ്ങിയവർ സിനഡിൽ വിശിഷ്ടാതിഥികളായി സംബന്ധിച്ചത് സന്തോഷപൂർവ്വം സ്മരിക്കുന്നു.

അടുത്തുവരുന്ന CBCI പ്ലീനറിയുടെ വിഷയം, United in Diversity for a Mission of Mercy and Witness, സിനഡ് ചർച്ച ചെയ്യുകയും അതിനൊരുക്കമായിട്ടുള്ള പ്രാരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തു. അടുത്തുവരുന്ന നോമ്പുകാലം നിങ്ങൾക്കേവർക്കും അനുഗ്രഹപ്രദമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

+കർദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

N.B: ഈ വിജ്ഞാപനം ഉചിതമായ മാർഗ്ഗങ്ങളിലൂടെ അതതു രൂപത/അതിരൂപതകളിലെ വൈദികരുടെയും സമർപ്പിതരുടെയും അല്മായ സഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

Prot. No. 0167/2018

സർക്കുലർ

മിശിഹായിൽ പ്രിയമുള്ള ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ആരാധനക്രമവത്സരമനുസരിച്ച് ദനഹാക്കാലം കഴിഞ്ഞ് നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. വിദ്യാഭ്യാസം നടത്തുന്ന കുട്ടികളും യുവാക്കളും അവധിക്കാലത്തിലേക്ക് പ്രവേശിക്കുന്ന സമയവുമാണ്. ഈ സന്ദർഭത്തിൽ നമ്മുടെ സഭയുടെ ഒരു പ്രത്യേക ആവശ്യത്തെക്കുറിച്ച് നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. അത് മറ്റൊന്നുമല്ല, മിഷൻ രൂപതകളിലേക്കുള്ള വൈദികരുടേയും സമർപ്പിതരുടേയും ദൈവവിളിയെക്കുറിച്ചുതന്നെ.

"വിളവധികം വേലക്കാരോ ചുരുക്കം" (മത്താ. 9:37) എന്ന ദിവ്യനാഥന്റെ വാക്കുകൾ നമ്മുടെ സഭയെ സംബന്ധിച്ചും ഇപ്പോൾ കൂടുതൽ അന്വർത്ഥമാണ്. നമ്മുടെ പല മിഷൻ രൂപതകൾക്കും പ്രേഷിതപ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ വേണ്ടത്ര വൈദികരേ ലഭിക്കുന്നില്ല. ഭാരതം മുഴുവനിലും നമുക്ക് അജപാലനപരവും പ്രേഷിതപ്രവർത്തനപരവുമായ സ്വാതന്ത്ര്യം നൽകികൊണ്ട് പരി. പിതാവ് ഷംഷാബാദ്, ഹൊസൂർ രൂപതകൾ സ്ഥാപിക്കുകയും തക്കല, രാമനാഥപുരം, രൂപതകളുടെ അതിർത്തികൾ വിസ്തൃതമാക്കുകയും

ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ കൂടുതൽ വൈദികരുടേയും സമർപ്പിതരുടേയും ആവശ്യം വർദ്ധിച്ചിരിക്കുകയാണ്.

കേരളത്തിൽ നിന്നുള്ള വൈദികരെ മിഷൻ പ്രദേശങ്ങളിലേക്ക് കൊണ്ടുപോകാൻ പരിശ്രമിക്കുമ്പോൾ പല ബുദ്ധിമുട്ടുകളും നേരിടുന്നു. കേരളത്തിലെ വൈദികർക്ക് മിഷൻ പ്രവർത്തനത്തിനാവശ്യമായ പരിശീലനമില്ലാത്തതിനാൽ ആ മേഖലയിലേക്ക് പോകാൻ പലരും വിസമ്മതിക്കുന്നു. കേരളത്തിലെ അജപാലനശൈലി അപ്പാടെ മിഷൻ രൂപതകളിൽ നടപ്പിലാക്കുക സാധ്യമല്ല. അതാത് പ്രദേശങ്ങളിലെ ഭാഷ പഠിക്കേണ്ട ആവശ്യം വെല്ലുവിളികൾ വർദ്ധിപ്പിക്കുന്നു. അതിനാൽ, സഭയുടെ നേതൃത്വത്തിൽ തന്നെ അർത്ഥികളെ സ്വീകരിച്ച് മിഷൻ പരിശീലനം നൽകി വൈദികരായി അഭിഷേകം ചെയ്യാനുള്ള സംരംഭത്തിന് ഇക്കഴിഞ്ഞ ജനുവരി മാസം നടന്ന സഭയുടെ സിനഡ് തീരുമാനമെടുത്തു.

അതിൻപ്രകാരം, ഈ വർഷം തന്നെ സെമിനാരി വിദ്യാർത്ഥികളെ സ്വീകരിച്ച് പരിശീലനം തുടങ്ങാൻ പരിശ്രമിക്കുകയാണ്. നമ്മുടെ രൂപതകളിൽനിന്ന് മിഷനറി വൈദികരാകാൻ ആഗ്രഹിക്കുന്ന 10-ാം ക്ലാസ്സോ ഉപരി വിദ്യാഭ്യാസ യോഗ്യതകളോ ഉള്ള കുട്ടികളും യുവാക്കളും മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിലെ വൊക്കേഷൻ കമ്മീഷനിൽ അപേക്ഷിക്കേണ്ടതാണ്. കമ്മീഷൻ സെക്രട്ടറിയോടോ മേജർ ആർച്ച് ബിഷപ്പിനോടോ നേരിട്ട് ബന്ധപ്പെടാവുന്നതുമാണ്. കമ്മീഷൻ സെക്രട്ടറിയുടെ അഡ്രസ്സും ഫോൺ നമ്പറും ഈമെയിലും താഴെ കൊടുക്കുന്നു. ബഹു. വികാരിയച്ചന്മാരും സമർപ്പിതരും കുട്ടികളെ വേണ്ടത്ര പ്രോത്സാഹിപ്പിച്ച് നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ സദുദ്യമത്തിന് സഹകരിക്കുന്ന എല്ലാവരെയും വിളവിന്റെ നാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ഈശോയിൽ സസ്നേഹം

കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

Fr. Sebastian Muttamthottil, MCBS
Secretary, Commission for Vocation
Syro-Malabar Major Archiepiscopal Curia
Mount St. Thomas, Kakkanad, P.B. No. 3110, Kochi - 682 030 - India.
Mob : +91 9495772184, E-mail : smcvocationcommission@gmail.com

NB : ഈ വിജ്ഞാപനം ഉചിതമായ മാർഗ്ഗങ്ങളിലൂടെ അതതു / അതിരൂപതകളിലെ വൈദികരുടെയും സന്യസ്തരുടെയും അല്മായ സഹോദരങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

No. 30/18-PL 2
17.02.2018

ഇടയലേഖനം

പോൾ ആലപ്പാട്ട്

ദൈവകൃപയാലും സഭാനേതൃത്വത്തിന്റെ അനുഗ്രഹത്താലും
രാമനാഥപുരം രൂപതാ മെത്രാൻ

ദൈവവിളിവാരം

ഈശോയിൽ സ്നേഹമുള്ള സഹോദരരേ, കുഞ്ഞുമക്കളേ,
ഒരു വർഷത്തെ വ്യഗ്രതനിറഞ്ഞ പഠനത്തിനും പരീക്ഷകൾക്കും ശേഷം കുട്ടികളും മാതാപിതാക്കളും അദ്ധ്യാപകനദ്ധ്യാപകരും അവധിക്കാലത്തിന്റെ കുളിർമയിലേക്ക് പ്രവേശിക്കുകയാണല്ലൊ വേനൽക്കാലത്ത് സാധാരണ ചെയ്യുന്നത്. പുതിയ അദ്ധ്യയന വർഷത്തിലേയ്ക്ക് പ്രവേശിക്കുന്നതുവരെ എല്ലാവർക്കും പ്രത്യേകിച്ച് കുട്ടികൾക്ക് ഏറെ ആനന്ദകരമായ കാലഘട്ടമാണ് അവധിക്കാലം.
എന്നാൽ, ഇക്കാലത്ത് നാം പലപ്പോഴും മറന്നുപോകുന്ന, അതല്ലെങ്കിൽ വേണ്ടത്ര ഗൗരവത്തിൽ എടുക്കാത്ത മറ്റൊരുകാര്യമുണ്ട്. പ്രായത്തിലും പഠനത്തിലും ഓരോ വർഷവും മുന്നേറുമ്പോൾ നമ്മുടെ നല്ലദൈവത്തിനും സമൂഹത്തിനും ഇഷ്ടമുള്ള ഏത് തരത്തിലുള്ള ശുശ്രൂഷയാണ് ചെയ്യേണ്ടത് എന്ന് ചിന്തിക്കാൻ മറന്നു പോകുന്നുവെന്നകാര്യം. കുട്ടികൾ മാത്രമല്ല, മാതാപിതാക്കളും ഗുരുഭൂതരും വളരെ പ്രാധാന്യത്തോടുകൂടെ കാണേണ്ടകാര്യമാണിത്. ഈയർത്ഥത്തിലാണ് രൂപതയിലെ ദൈവവിളിവാരത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കേണ്ടത്.

1. എന്താണ് ദൈവവിളി

ദൈവത്തിന്റെ ഉപരിമഹത്വത്തിനും നമ്മുടെ പരിപൂർണ്ണതയ്ക്കും വേണ്ടി ദൈവം നമ്മെ ഓരോരുത്തരേയും ഓരോ ജീവിതാന്തസ്സിലേയ്ക്ക് ക്ഷണിക്കുന്നു. ഇതിനെയാണ് പൊതുവെ ദൈവവിളിയെന്ന് പറയുന്നത്.

2. വിവിധ ജീവിതാന്തസ്സുകൾ

പ്രധാനമായും നാല് ജീവിതാന്തസ്സുകളിലേയ്ക്കാണ് ദൈവം നമ്മെ വിളിക്കുന്നത്.

a. കുടുംബജീവിതം : ലോകത്തിൽ ഭൂരിഭാഗം ജനങ്ങളും കുടുംബജീവിതത്തിലേയ്ക്കാണ് വിളിക്കപ്പെടുന്നത്. മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിനും അഭിവൃദ്ധിക്കും

ഐശ്വര്യത്തിനും വേണ്ടി ദൈവം സ്ഥാപിച്ച കുടുംബം, പാപം ചെയ്ത് ദൈവത്തിൽനിന്നകന്നപ്പോഴും, നോഹിന്റെ കുടുംബത്തിലൂടെ മനുഷ്യവർഗ്ഗത്തെ നിലനിർത്താൻ അവിടുന്ന് തയ്യാറായി. കുടുംബത്തിൽ വന്നു പിറന്ന് കുടുംബജീവിതത്തെ അനുഗ്രഹിച്ച ഈശോ, തന്റെ പ്രബോധനങ്ങളിലൂടെയും നിലപാടുകളിലൂടെയും വിവാഹത്തിന്റെ മൂല്യവും കുടുംബത്തിന്റെ മഹത്വവും വെളിപ്പെടുത്തി.

b. സന്യാസജീവിതം : ദൈവസ്നേഹത്താൽ പ്രചോദിതരായി ദൈവമഹത്വത്തിനും ദൈവജനസേവനത്തിനുമായി തങ്ങളെത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്നതിനുള്ള വിളിയാണിത്. അനുസരണം, ബ്രഹ്മചര്യം, കന്യാത്വം, ദാരിദ്ര്യം എന്നീ സുവിശേഷാപദേശങ്ങൾ ജീവിച്ച് ഈശോയെകുറച്ചുകൂടി അടുത്ത് അനുകരിക്കാനുള്ള വിളി. വീരോചിതമായ ത്യാഗം ആവശ്യപ്പെടുന്ന വിളി.

c. ഏകസ്ഥ ജീവിതം : കുടുംബജീവിതത്തിലെ സന്തോഷമോ സമാശ്വാസമോ, സന്യാസജീവിതത്തിലെ കൂട്ടായ്മയോ സുരക്ഷിതത്വമോ, വൈദിക ജീവിതത്തിലെ അജപാലന സംതൃപ്തിയോ ഇല്ലാതെ ദൈവത്തിൽമാത്രം ആശ്രയിച്ച് ലോകത്തിന്റെ വശ്യതകളേയും ജഢത്തിന്റെ ആസക്തികളേയും പരാജയപ്പെടുത്തി നിർമ്മലമായ ജീവിതം നയിക്കാനുള്ള വിളിയാണിത്.

d. പൗരോഹിത്യ ജീവിതം : നിത്യപുരോഹിതനായ ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുപറ്റി, അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരോട് സഹകരിച്ച് ദൈവത്തിനും ദൈവജനത്തിനും വേണ്ടി ശുശ്രൂഷചെയ്യാനുള്ള വിളിയാണിത്. വിളിക്കപ്പെടുന്നവരുടെ അർഹതയോ അവകാശമോ അല്ല വിളിയുടെ അടിസ്ഥാനം. "നിങ്ങൾ എന്നെയല്ല, ഞാൻ നിങ്ങളെയാണ് തിരഞ്ഞെടുത്തത്" (യോഹ. 15:16). "അഹറോനെപ്പോലെ വിളിക്കപ്പെടുന്നവനല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുന്നില്ല" (ഹെബ്രാ. 5:4) എന്ന തിരുവചനം ഈ വിളി തികച്ചും സൗജന്യമായ ഒരു ദാനമാണെന്ന് വ്യക്തമാക്കുന്നു. ചിലരെ ഈശോ തന്റെ "സ്നേഹിതരുടെ" (യോഹ. 15:15) ഗണത്തിൽ പ്പെടുന്നത് അവിടുത്തെ മാത്രം ഇഷ്ടമാണ്. അങ്ങനെ വിളിക്ക പ്പെടുന്നവർ എങ്ങനെ തങ്ങളുടെ വിളിക്ക് പ്രത്യുത്തരം നൽകുമെന്ന് ആകുലപ്പെടേണ്ട. വിളിച്ചവൻ വിശ്വസ്തനാണ്; വിളിക്കനുസരിച്ച് ജീവിക്കാനുള്ള കൃപയും അവിടുന്ന് നല്കും.

3. ദൈവവിളിവാരം

ഈ പശ്ചാത്തലത്തിലാണ് ദൈവവിളിവാരത്തിന്റെ പ്രസക്തി നാം മനസ്സിലാക്കേണ്ടത്. ദൈവവിളി ദൈവത്തിന്റെ സൗജന്യമായ വിളിയാണ്. ദൈവം തനിക്ക് ഇഷ്ടമുള്ളവരെ ഇഷ്ടമുള്ള ജീവിതാവസ്ഥകളിലേയ്ക്ക് വിളിക്കുന്നു. ദൈവം വിളിക്കുന്ന

ജീവിതാവസ്ഥ തിരിച്ചറിയാൻ പ്രാർത്ഥനയും പഠനവും ഉപദേശവും വിലയിരുത്തലും ആവശ്യമാണ്. ദൈവവിളിവാരത്തിന്റെ ലക്ഷ്യവും അതുതന്നെയാണ്.

a. പ്രാർത്ഥന – ഉപവാസയജ്ഞം : വിളവധികം വേലക്കാരോ ചുരുക്കം അതിനാൽ തന്റെ വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ (മത്താ. 9:37-38). ഈശോയുടെ ഈ ആഹ്വാനമനുസരിച്ചാണ് ഓരോ വർഷവും ദൈവവിളിവാരത്തിൽ രാമനാഥപുരം കത്തീഡ്രലിൽ "പ്രാർത്ഥന ഉപവാസയജ്ഞം" നടത്തുന്നത്. അതനുസരിച്ച് ഈ വർഷം ഏപ്രിൽ 23 തിങ്കളാഴ്ച മുതൽ 28 ശനിയാഴ്ച വരെ (കാലത്ത് 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ)യാണ് "പ്രാർത്ഥന – ഉപവാസയജ്ഞം" സംഘടിപ്പിച്ചിട്ടുള്ളത്. ദൈവവിളിയെപ്പറ്റി ചിന്തിച്ച് തീരുമാന മെടുക്കുന്നവർക്കും വിവിധ ജീവിതാവസ്ഥകളിലേയ്ക്ക് പ്രവേശിച്ച് ജീവിക്കുന്നവർക്കും ശുശ്രൂഷ ചെയ്യുന്നവർക്കും വേണ്ടി ത്യാഗം ചെയ്ത് പ്രാർത്ഥിക്കാനുള്ള ഈയവസരം രൂപതയിലെ എല്ലാവരും പരമാവധി പ്രയോജനപ്പെടുത്തണം. എല്ലാവരുടെയും സാന്നിദ്ധ്യവും പ്രാർത്ഥനയും തദവസരത്തിലുണ്ടാകണം. അതിന്റെ വിശദാംശങ്ങൾ രൂപതാ ദൈവവിളി കമ്മീഷൻ എല്ലാവരേയും അറിയിക്കുന്നതാണ്.

b. ദൈവവിളി ക്യാമ്പ് : വിവിധ ജീവിതാവസ്ഥകളിലേയ്ക്കുള്ള ദൈവത്തിന്റെ വിളി തിരിച്ചറിയാൻ പ്രാർത്ഥന മാത്രം പോരാ, പഠനവും ഉപദേശവും വിലയിരുത്തലും ആവശ്യമാണ്. വിവിധ ജീവിതാവസ്ഥകളെപ്പറ്റി പഠിക്കണം, വിവിധ ജീവിതാവസ്ഥകൾ സ്വീകരിച്ചവരുടെ അനുഭവങ്ങളും ഉപദേശങ്ങളും കേൾക്കണം, മേൽപ്പറഞ്ഞ രീതിയിൽ വിളി സ്വീകരിക്കുന്നതിന് ഒരാളുടെ ആത്മീയവും മാനസികവും ശാരീരികവുമായ യോഗ്യത വിലയിരുത്തണം. അതിനുള്ള മാർഗ്ഗമാണ് ദൈവവിളി ക്യാമ്പ്.
അതനുസരിച്ച് ഈ വർഷത്തെ ദൈവവിളിക്യാമ്പ് ഏപ്രിൽ 21 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 5 മണിമുതൽ 24 ചൊവ്വാഴ്ച കാലത്ത് 10 മണിവരെയായിരിക്കും. ആൺകുട്ടികൾക്ക് രൂപതാ മൈനർ സെമിനാരിയിലും പെൺകുട്ടികൾക്ക് കുനിയമുത്തൂർ നിർമ്മലമാതാ സ്കൂളിലും വച്ചായിരിക്കും ക്യാമ്പ്. ദൈവം കനിഞ്ഞു നല്കിയ മക്കൾ ദൈവം ആഗ്രഹിക്കുകയും നിയോഗിക്കുകയും ചെയ്യുന്നിടത്ത് ആകുമ്പോഴാണ് കൂടുതൽ ധന്യതയിലും സംതൃപ്തിയിലും വളരുക. അതിന് സഹായകമാകുന്ന രീതിയിൽ രൂപതയിലെ 10-ാം ക്ലാസ്സിലും 12-ാം ക്ലാസ്സിലും അതിന് ഉയർന്ന ക്ലാസ്സുകളിലും പഠിക്കുന്ന പറ്റിയ ആൺകുട്ടികളേയും പെൺകുട്ടികളേയും ക്യാമ്പിന് അതത് ഇടങ്ങളിലേക്ക് പറഞ്ഞുവിടാൻ ബ. വികാരിയച്ചന്മാരും കൊച്ചച്ചന്മാരും സന്യസ്തരും മതാദ്ധ്യാപകരും മാതാപിതാക്കളും പ്രത്യേകം ശ്രദ്ധിക്കണം. 14 ജില്ലകളിലായി വ്യാപിച്ച് കിടക്കുന്ന നമ്മുടെ രൂപതയിൽ ശുശ്രൂഷ ചെയ്യാൻ ആവശ്യത്തിനുള്ള

വൈദികരും സന്യസ്തരുമുണ്ടാകാൻ എല്ലാവരും സഹകരിക്കണം, സഹായിക്കണം.

അങ്ങനെ, എല്ലാവരുടെയും സഹകരണത്തോടെ ഈ വർഷത്തെ "ദൈവവിളിവാര"വും അതിന്റെ ഭാഗമായുള്ള "പ്രാർത്ഥന - ഉപവാസയജ്ഞവും" ദൈവിവിളികൃാമ്പുകളും എല്ലാത്തരത്തിലും മംഗളകരവും അനുഗ്രഹപ്രദവുമാകട്ടെ! ത്രിത്വൈക ദൈവത്തിന്റെ കൃപയും വൈദികരുടെയും സമർപ്പിതരുടെയും അമ്മയും മാതൃകയുമായ പ. കന്യകാമറിയത്തിന്റെ സാന്നിദ്ധ്യവും മാദ്ധ്യസ്ഥവും നമ്മുടെ കൂടെ എന്നും ഉണ്ടാകട്ടെ. ഉത്ഥിതനായ ഈശോയുടെ അനുഭവം സ്വന്തമാക്കിയ മാർത്തോമ്മാ ശ്ലീഹായുടെ സാന്നിദ്ധ്യം നമ്മോടൊപ്പം എന്നും ഉണ്ടാകട്ടെ!

സ്നേഹപൂർവ്വം ഈശോയിൽ നിങ്ങളുടെ വത്സല പിതാവ്

+ Paul

മാർ പോൾ ആലപ്പാട്ട്
രാമനാഥപുരം രൂപതാ മെത്രാൻ

NB: ഈ ഇടയലേഖനം 08.04.2018 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും പൊതുജനത്തിനുവേണ്ടി വി. ബലിയർപ്പിക്കപ്പെടുന്ന സന്യാസ സമൂഹങ്ങളിലും സ്ഥാപനങ്ങളിലും ദിവ്യബലിമദ്ധ്യേ വായിക്കണം. +PA

No. 29/18 -C1
15.02.2018

വിജ്ഞാപനം

പോൾ ആലപ്പാട്ട്

തിരുക്കർമ്മ ധർമ്മവിവരം

ഈശോയിൽ സ്നേഹമുള്ളവരേ,

"ദൈവാലയ ജോലികാർക്കുള്ള ഭക്ഷണം ദൈവാലയത്തിൽ നിന്നാണെന്നും അൾത്താര ശുശ്രൂഷകർ ബലിവസ്തുക്കളുടെ പങ്കുപറ്റുന്നുവെന്നും നിങ്ങൾ അറിയുന്നില്ലെ? അതുപോലെ സുവിശേഷ പ്രഘോഷകർ സുവിശേഷം കൊണ്ടുതന്നെ ഉപജീവനം

കഴിക്കണമെന്ന് കർത്താവ് കൽപ്പിച്ചിരിക്കുന്നു" (1 കൊറി. 9:13-14). ദൈവാലയ ശുശ്രൂഷകരുടേയും സുവിശേഷ പ്രഘോഷകരുടേയും ഉപജീവനമാർഗ്ഗത്തെ സംബന്ധിച്ച ആദിമസഭയുടെ ദർശനമാണ് വി. പൗലോസ് ശ്ലീഹായിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത്. ഇതനുസരിച്ച് ദൈവാലയ ശുശ്രൂഷക്ക് നിയോഗിക്കപ്പെടുന്നവരുടെ ജീവസന്ധാരണത്തിനും ദൈവാലയത്തിന്റെ നടത്തിപ്പിനും വേണ്ടി തിരുക്കർമ്മങ്ങൾക്ക് നിയതമായ ധർമ്മം സ്വീകരിക്കുന്ന പതിവ് പുരാതനമായി സഭയിൽ നിലനിന്നിരുന്നു. ഇതിനാവശ്യമായ നിയമനിർമ്മാണം രൂപതാതലത്തിൽ നടത്തുവാൻ പൗരസ്ത്യസഭകളുടെ കാനോന സംഹിത അനുവദിക്കുന്നുമുണ്ട് (cc. 290;390#1).

ഏകദേശം എട്ടുവർഷത്തോളമായ നമ്മുടെ രൂപതയുടെ പ്രത്യേക പശ്ചാത്തലത്തിൽ, വർദ്ധിതമായ ജീവിത ചിലവുകൾ കണക്കിലെടുത്ത്, രൂപതയുടെ "തിരുക്കർമ്മ ധർമ്മവിവരം" പുതുക്കണമെന്ന് ആവശ്യമുയർന്ന സാഹചര്യത്തിൽ, ഇതേപ്പറ്റി വൈദിക സമ്മേളനത്തിലും വൈദിക സമിതിയിലും സന്യാസ സമൂഹത്തിന്റെ രൂപതാഘടക പ്രതിനിധികളുടെ മീറ്റിങ്ങിലും ചർച്ച ചെയ്തിരുന്നു. ഇതേപ്പറ്റി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പ്രത്യേകം കമ്മറ്റിയേയും ചുമതലപ്പെടുത്തിയിരുന്നു. മേൽപറഞ്ഞ ചർച്ചകളുടെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ രൂപതയുടെ മൂന്നാം "തിരുക്കർമ്മ ധർമ്മവിവരം" പ്രസിദ്ധീകരിക്കപ്പെടുകയാണ്.

2018 ഏപ്രിൽ 01 മുതൽ ഈ "തിരുക്കർമ്മ ധർമ്മവിവരം" നമ്മുടെ രൂപതയിൽ പ്രാബല്യത്തിൽ വരുന്നതാണ്. പുതിയ ധർമ്മ വിവരത്തിലെ നിബന്ധനകൾ നമ്മുടെ രൂപതയിൽ നിർബന്ധമായും പാലിക്കപ്പെടാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കണം. അവയ്ക്ക് വിരുദ്ധമായ നിയമങ്ങൾക്കും ആചാരങ്ങൾക്കും 01.04.2018 മുതൽ സാധുതയുണ്ടായിരിക്കുന്നതല്ല. പുതിയ ധർമ്മവിവരത്തിലെ നിരക്കുകൾ കൂട്ടാനോ കുറയ്ക്കാനോ (പ്രത്യേകം പറഞ്ഞിട്ടില്ലെങ്കിൽ) ഇടവക പൊതുയോഗത്തിന്/പ്രതിനിധി യോഗത്തിന് അനുവാദമില്ല. അതുപോലെ തിരുക്കർമ്മങ്ങളുടെ ഭാഗമായി പ്രത്യേക ഫീസ് ഈടാക്കാനും പള്ളിയോഗത്തിന് അധികാരമില്ല.

തിരുക്കർമ്മധർമ്മങ്ങളും സംഭാവനകളും നൽകുമ്പോൾ രസീത് ലഭിക്കാനുള്ള ദൈവജനത്തിന്റെ അവകാശം ഒരിക്കലും നിക്ഷേധിക്കാവുന്നതല്ല. പള്ളി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന മാർഗ്ഗരേഖ കൃത്യമായി പാലിക്കാനും നടപ്പിലാക്കാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

ദൈവീകശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്നവരെ പരിപാലിക്കാനും ദൈവാലയത്തിന്റെ നടത്തിപ്പിനുമായി ഏർപ്പെടുത്തിയിട്ടുള്ള ഈ ക്രമീകരണം കൃത്യമായി പ്രായോഗികമാക്കാൻ എല്ലാവരും സഹകരിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു. നല്ലവനായ ഈശോ പരി. അമ്മവഴി നിങ്ങളേവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ

യേശുവിൽ നിങ്ങളുടെ വത്സല പിതാവ്

+ Paul

മാർ പോൾ ആലപ്പാട്ട്
രാമനാഥപുരം രൂപതാ മെത്രാൻ

NB : a. ഈ വിജ്ഞാപനം 18.03.2018 ഞായറാഴ്ച രൂപതയിലെ പള്ളികളിലും വി. കുർബാനയുള്ള മറ്റു സ്ഥാപനങ്ങളിലും വായിക്കണം.

b. നിലവിലെ നിരക്കനുസരിച്ചുള്ള കുർബാനകളും മറ്റു തിരുക്കർമ്മങ്ങളും 01.05.2018ന് മുമ്പ് രൂപതാ ഫിനാൻസ് ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

c. പുതിയ "തിരുക്കർമ്മ ധർമ്മവിവര"ത്തിന്റെ കോപ്പികൾ 15.03.2018 മുതൽ ഗാന്ധിപുരം മതബോധന കേന്ദ്രത്തിൽനിന്ന് ലഭിക്കുന്നതാണ്. +PA

Prot. No. 0192/2018 3 February 2018

His ExcellencyBishop Paul Alappatt
Holy Trinity Cathedral
Ramanathapuram, Trichy Road
Coimbatore – 641 045 TN

Your Excellency,

This is to recall to your kind attention the following decision of the First Session of the XXVI Synod (2018), held from 8 January to 13 January 2018 at Mount St Thomas (Cf. *Minutes of 10 January 2018*): "To approve the following action plans for the implementation of the proposals of the Major Archiepiscopal Assembly:

1. When bishops come for various functions in various parishes and institutions make the receptions simple at the entrance of the parish church. Avoid reception from the parish boundary or from the church gate or with flexes and arches along the road.
2. All celebrations are to be simple. Any kind of publicity is to be merely informative and simple.
3. Institutions run by eparchies/ pariah churches and institutes of consecrated life are not to ask compulsory donations for admission and appointments.
4. Education institutions run by eparchies /parish churches and the institutes of consecrated life are to give concession to poor students as well as to the fourth and following children of Catholic parents.
5. The Catholic Aided schools or schools in the public sectors are to be fostered.
6. Every financially sound parish is to adopt a mission centre and keep the regular contact with it.
7. Skills of senior citizens are to be made use of in every parish.
8. A percentage of the amount of family celebrations is to be set apart for the poor.
9. When some fees /contributions are fixed in a parish, the amount shall be fixed according to the financial status of the families. No compulsory fees/contribution shall be demanded.
10. The data of those who go away from the home parishes for education and jobs are to be kept in the offices at parish, eparchial levels. They should be helped to connect with the local Syro-Malabar Catholic communities where they live or go for studies and do not demand donations as prerequisite for the administration of the sacraments in their local parishes.

I hope you will do the follow up in the matter concerned for its implementation.

With every good wish,
Yours cordially in Christ,



George Cardinal Alencherry
Major Archbishop of the Syro-Malabar Church

APOSTOLIC NUNCIATURE
IN INDIA

5 February 2018

N. 1173/LB

Your Beatitude,

As directed by His Eminence Cardinal Pietro Parolin, Secretary of State, I am pleased to comrnunicate to yrou the fbllotvtng :

As you will remember, on 23 November 2017 the Ho1y Father presided over a Prayer Vigil, at the Vatican Basilica, for peace in thc Democratic Republic of Congo and in South Sudan. Considering the on-going socio-political tensions and violence perpetrated in both Countries, Pope Francis has proposed a Day of Prayer and Fasting for peace in the Democratic Republic of Congo, South Sudan and in the entire world, to be held on 23February 2018, Friday of the first week of Lent. The official anouncement was given yesterday, Sunday 4th February, at the conclusion of the *Angelus prayer*, at the Vatican.

It is the wish of IIis IIoliness that the whole Church joins in this Day of Prayer, so as to invoke from God the Father and His infinite Mercy the change of hearts, especially of those u,ho have power in these Countries, and of those who are involved in the conflicts.

The Bishops are, therefore, invited to take the initiatives they they will deem more opportune in order to favour the participation of their local Churches.

In thanking Your Beatitude for your previous collaboration, with sentiments of esteem and prayerful regards, I remain

Yours devotedly in Christ,

+ Giambattista Diquattro

Archbishop Giambattista Diquattro
Apostolic'Nuncio

His Eminence
Cardinal Baselios Cleemis
Major Archbishop of Trivandrum
President of C.B.C.I.

സിബിസിഐ
33-ാം ജനറൽബോഡി മീറ്റിങ്ങ്
ഭാരതീയ കത്തോലിക്കാ മെത്രാൻ സംഘം (സിബിസിഐ)
ബാംഗ്ലൂർ, ഫെബ്രുവരി 2-9, 2018

കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി
വൈവിധ്യത്തിൽ ഐക്യപ്പെട്ട്:
"യുഗാവസാനം വരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ
ഉണ്ടായിരിക്കും" (മത്താ 28:20).

അന്തിമ പ്രസ്താവന

മുഖവുര

നമ്മുടെ ജനറൽ ബോഡി മീറ്റിങ്ങിന്റെ പ്രമേയം ത്രിത്വരഹസ്യത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ നേരിട്ടു ക്ഷണിക്കുന്നു. നമ്മുടെ ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യക്തികളിൽ ഐക്യപ്പെട്ടിരിക്കുന്ന ഏക ദൈവമെന്ന മഹാരഹസ്യമാണ്.

ഇന്ത്യയിലെ കത്തോലിക്കാസഭയുടെ അനന്യമായ സ്വഭാവത്തെ ഓർത്ത് ദൈവത്തിനു നാം നന്ദിപറയുന്നു. അത് മൂന്ന് സ്വയം ഭരണാധികാരമുള്ള (*sui iuris)* സഭകൾ ചേർന്നുണ്ടായതാണ്. പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയെക്കുറിച്ച് ജീവിതത്തിലും ദൗത്യത്തിലും ചിന്തിക്കാൻ ഈ സഭകൾ വിളിക്കപ്പെട്ടിരിക്കുന്നു.

ഈ വീക്ഷണത്തിൽ വേരുറച്ചവരായി ഞങ്ങൾ, ഇന്ത്യയിലെ 184 മെത്രാന്മാർ സിബിസിഐയുടെ 33-ാം ജനറൽ ബോഡി മീറ്റിങ്ങിനായി സമ്മേളിച്ചു. ബാംഗ്ലൂരിലുള്ള സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് എന്ന സ്ഥാപനത്തിൽ 2018 ഫെബ്രുവരി 2 മുതൽ 9 വരെയുള്ള ദിവസങ്ങളിലായിരുന്നു സമ്മേളനം. അത് പ്രാത്ഥിക്കാനും താഴെപ്പറയുന്ന പ്രമേയത്തെപ്പറ്റി ചിന്തിക്കാനുമായിരുന്നു: "കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി വൈവിധ്യത്തിൽ ഐക്യപ്പെട്ട്: യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20). നമ്മുടെതന്നെ തനിമയെപ്പറ്റിയുള്ള ധാരണയെ ആഴപ്പെടുത്താനും രാഷ്ട്രനിർമിതിക്കായുള്ള നമ്മുടെ സംഭാവനയെ വർധിപ്പിക്കാനുമാണത്: "കണ്ടാലും, യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20) എന്ന നമ്മുടെ കർത്താവിന്റെ വാക്കുകളാൽ ഞങ്ങൾ - ഭാരതീയ കത്തോലിക്കാ മെത്രാന്മാർ - ഉറപ്പും ശക്തിയും കണ്ടെത്തി. 2017 നവംബർ 17 മുതൽ 19 വരെ സമ്മേളിച്ച കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (സിസിഐ)യുടെ അന്തിമ പ്രസ്താവനകൾ ഞങ്ങൾ പരിഗണിച്ചു.

യേശുവിന്റെ ദൗത്യം

മനുഷ്യവംശത്തെമുഴുവനും ദൈവത്തിന്റെ ഒറ്റ കുടുംബമായി ഐക്യപ്പെടുത്താനും അനുരഞ്ജിപ്പിക്കാനും വന്ന യേശുതന്നെ യാണ് സദ്വാർത്ത. അവിടന്ന് എല്ലാവരെയും സ്നേഹിച്ചവിധത്തിൽ അതായത്, വിശക്കുന്നവരെ തീറ്റിപ്പോറ്റുന്നതിലും അസ്വസ്ഥരെ ആശ്വസിപ്പിക്കുന്നതിലും പാർശ്വവത്കരിക്കപ്പെട്ടവരുടെ മഹത്ത്വത്തെ വളർത്തുന്നതിലും, രോഗികളെ സുഖപ്പെടുത്തുന്നതിലും പ്രത്യാശ ഇല്ലാത്തവർക്ക് പ്രത്യാശ നല്കുന്നതിലും അടിമകൾക്കു സ്വാതന്ത്ര്യം നല്കുന്നതിലും പാപികൾക്കു പാപപ്പൊറുതി നല്കുന്നതിലും ദരിദ്രർക്ക് നീതി നല്കുന്നതിലും മരിച്ചവർക്ക് ജീവൻ നല്കുന്നതിലും ദൈവത്തെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു.

ഭാരതത്തിലെ സഭ

ഭാരതത്തിലെ സഭ യേശുവിന്റെ അപ്പസ്തോലനായ വിശുദ്ധ തോമായിലൂടെ വിശ്വാസമെന്ന ദാനം സ്വീകരിച്ചു. പ്രേഷിതപ്രവർത്തനത്തിന്റെ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെപ്പോലുള്ള മഹാന്മാരായ അനേകം വിശുദ്ധരുടെ പരിശ്രമങ്ങൾ വഴി നമ്മുടെ ക്രൈസ്തവവിശ്വാസം പോഷിപ്പിക്കപ്പെടുകയും ശക്തമാക്കപ്പെടുകയും ചെയ്തു. ഇന്ത്യയിലെ ക്രൈസ്തവവിശ്വാസം ക്രിസ്തുമതത്തോളം പഴക്കമുള്ളതാണെന്ന് ശക്തിയുക്തം ഉറപ്പിച്ചു പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇന്ത്യ ഇന്ന് എന്തായിരിക്കുന്നുവോ അത് ഇന്ത്യയിലെ സഭയുടെ സംഭാവനകൊണ്ടുകൂടിയാണ്.

സഭ മാന്യവും കാര്യക്ഷമവുമായ സേവനം ചെയ്തിട്ടുണ്ടെന്നതിന് തെളിവുണ്ട്. അതുകൊണ്ട് സഭയെ ഇന്ത്യയ്ക്ക് ആവശ്യമുണ്ടെന്നതു വ്യക്തമാണ്. നമ്മുടെ ഗുരുവായ യേശുവിനെ അനുകരിച്ച് സഭാംഗങ്ങൾ മാതൃരാജ്യത്തോടുള്ള സ്നേഹം തുടർന്നുകൊണ്ടിരിക്കുന്നു. അവൾ ഓരോ ദരിദ്രനിലേക്കും ഓരോ അധഃകൃതനിലേക്കും എത്തിച്ചേരുന്നുണ്ടല്ലോ. എല്ലാ ജനങ്ങളും നമ്മുടെ സഹോദരീസഹോദരന്മാരാണെന്ന് സഭ വിശ്വസിക്കുന്നു. യേശുതന്നെ നമ്മെ പഠിപ്പിച്ചിട്ടുള്ളതുപോലെതന്നെ: "നീ നിന്റെ അയല്ക്കാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം" (മത്താ 22:39). ദരിദ്രരെ ശക്തിപ്പെടുത്തൽ, മനുഷ്യമഹത്ത്വത്തെ വളർത്തൽ എന്നിവ നമ്മുടെ ഭരണഘടനയിൽ സൂക്ഷിച്ചിട്ടുള്ള മൂല്യങ്ങളാണ്. സഭയും തന്റെ ദൗത്യത്തിൽ അങ്ങനെ ചെയ്യുന്നുണ്ട്. സഭ തന്റെ പ്രവർത്തനങ്ങളിലൂടെ നിർവഹിക്കുന്ന ദൗത്യത്തിന് ഒരു ലക്ഷ്യമേ ഉള്ളൂ. സത്യം, നീതി, സ്നേഹം, സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള സമാധാനത്തിന്റെ നാലുസ്തംഭങ്ങളിൽ നമ്മുടെ രാഷ്ട്രത്തെ വളർത്തുകയെന്നതാണത് (cf വിശുദ്ധ ജോൺ 23-ാമൻ, "ഭൂമിയിൽ സമാധാനം").

യഥാർഥ ദേശീയതാവാദത്തെയും ഭരണഘടനാപരമായ മതേതരത്വത്തെയും മനസ്സിലാക്കൽ

ഏതെങ്കിലും ഒരു പ്രത്യേക സംസ്കാരത്തെയോ മതത്തെയോ അടി

സ്ഥാനപ്പെടുത്തിയിരിക്കുന്ന ദേശീയതാവാദത്തെ വളർത്താനുള്ള ഏതു പരിശ്രമവും അപകടകരമാണ്. അത് ഐകരൂപ്യത്തിലേക്കു നയിച്ചേക്കാം; പക്ഷേ ഒരിക്കലും യഥാർഥഐക്യത്തിലേക്കു നയിക്കുകയില്ല. മിഥ്യാധാരണാപരമായ അത്തരം പരിശ്രമങ്ങൾ നമ്മുടെ രാഷ്ട്രത്തെ സ്വയം നശീകരണത്തിന്റെ പാതയിലൂടെയേ നയിക്കുകയുള്ളൂ. സമാധാനം, പുരോഗതി, വികസനം എന്നിവയ്ക്കായുള്ള അന്വേഷണത്തിൽ ഏകസംസ്കാരവാദം ശരിയായ ഉത്തരമായിരുന്നിട്ടില്ല, ആയിരിക്കയുമില്ല. പ്രത്യേകിച്ച് സംസ്കാരവൈവിധ്യം, ഭാഷ, ദേശം, വംശം, മതം എന്നിവയുടെ സമ്പന്നമായ ഒരു രാജ്യത്ത് ഒരിക്കലുംഅങ്ങനെ ആവുകയില്ല. അക്രമം എപ്പോഴും അക്രമിയിലേക്കു തിരിച്ചുവരും – പെട്ടെന്നോ പില്ക്കാലത്തോ അങ്ങനെ സംഭവിക്കും. "എന്തെന്നാൽ വാൾ എടുക്കുന്നവൻ വാളാൽ മരിക്കും" (മത്താ 26:52). സ്ത്രീകൾക്കെതിരേ നടക്കുന്ന ക്രൂരകൃത്യങ്ങളെയും കൊലകളെയും വംശീയ മാത്സര്യങ്ങളെയും ക്രൈസ്തവസ്ഥാപനങ്ങൾക്കും സമുദായങ്ങൾക്കുമെതിരേയുള്ള സാമുദായിക അക്രമങ്ങളെയും ഞങ്ങൾ അപലപിക്കുന്നു. നമുക്ക് യഥാർഥമായ ദേശീയതാവാദത്തിന്റെ പാത പിന്തുടരാം. അത് നമ്മുടെ മാതൃരാജ്യത്തെ യഥാർഥ സമാധാനത്തിലേക്കും സമന്വയത്തിലേക്കും പുരോഗതിയിലേക്കും സമൃദ്ധിയിലേക്കും നയിക്കും. യഥാർഥ ദേശീയതാവാദം ഓരോ പൗരന്റെയും മാനുഷിക മഹത്ത്വത്തെ ആദരിക്കുന്നു. സാമ്പത്തികസ്ഥിതിയോ സംസ്കാരമോ മതമോ ദേശമോ ഭാഷയോ പരിഗണിക്കാതെ അങ്ങനെ ചെയ്യുന്നു.

നമ്മുടെ ഭാരതീയ ഭരണഘടന ഉറപ്പുനല്കിയിട്ടുള്ള നിയമവാഴ്ചയെ ഉയർത്തിപ്പിടിക്കാൻ സന്മനസ്സുള്ള എല്ലാ മനുഷ്യരെയും നിർബന്ധിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അക്രമത്തിന്റെ അന്തരീക്ഷത്തിൽ സമാധാനത്തിനുവേണ്ടി ജനക്കൂട്ട സംസ്കാരവും ജനക്കൂട്ടം നിയമം കയ്യിലെടുക്കുന്നതും ഒഴിവാക്കാൻ നമ്മുടെ എല്ലാ സഹപൗരന്മാരോടും ഞങ്ങൾ അഭ്യർഥിക്കുന്നു. നമ്മുടെ രാജ്യത്ത് എല്ലാവരുടെയും പുരോഗതിയും വികസനവും ഉറപ്പുവരുത്താനും പരിസ്ഥിതി സംരക്ഷിക്കാനും വേണ്ടി നിയമവും ക്രമസംവിധാനവും നിലനിറുത്താൻ സർക്കാർ ചെയ്യുന്ന എല്ലാ പരിശ്രമങ്ങളെയും ഞങ്ങൾ വിലമതിക്കുകയും അവയോട് സഹകരിക്കുകയും ചെയ്യുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വ്യക്തമായ വാക്കുകളിലൂടെ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്. " ഓരോ വ്യക്തിയുടെയും ആവശ്യത്തിനുവേണ്ടത് ലോകത്തിലുണ്ട്. എന്നാൽ ഓരോ വ്യക്തിയുടെയും അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്താൻ വേണ്ടത് ലോകത്തിലില്ല."

മനുഷ്യജീവൻ എന്ന അമൂല്യദാനം

ദൈവം തന്ന അമൂല്യദാനമായ മനുഷ്യജീവന്റെ പരിപൂർണവും അതിശായിത്വപരവുമായ മൂല്യത്തെ ക്രൈസ്തവസമൂഹം ഉയർത്തിപ്പിടിക്കുന്നു. അതുകൊണ്ട് മനുഷ്യജീവന് എതിരായ ഒരു ആക്രമണവും

ഒരിക്കലും ദൈവത്താൽ പ്രചോദിപ്പിക്കപ്പെട്ടതാവുകയില്ല. വ്യത്യസ്ത വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അടിസ്ഥാനത്തിൽ അത് ഒരിക്കലും നീതീകരിക്കാനും സാധ്യമല്ല. നമ്മുടെ പ്രിയപ്പെട്ട മാതൃരാജ്യത്തിലെ ഓരോ വ്യക്തിയുടെയും ജീവനെ വിലമതിക്കുകയും സംരക്ഷിക്കുകയും വേണം.

സഭയുടെ കാരുണ്യദൗത്യം

ദൈവത്തിന്റെ ഹൃദയത്തിൽനിന്നു മാത്രമാണ് കാരുണ്യം ഒഴുകുന്നത്. യേശുക്രിസ്തുവിന്റെ കുരിശിലൂടെ അത് ഒഴുകുന്നു. ആ കാരുണ്യത്തിനുമാത്രമേ മുറിവേറ്റ മനുഷ്യഹൃദയങ്ങളെ സുഖപ്പെടുത്താനും വ്യക്തികളും സമുദായങ്ങളും തമ്മിലുണ്ടാകുന്ന ബന്ധങ്ങളുടെ തകർച്ച പരിഹരിക്കാനും നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടവരെ ദുരിതത്തിൽനിന്നു രക്ഷിക്കാനും സാധിക്കുകയുള്ളൂ. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരായ ഞങ്ങൾ അപകടകരമായ ഈ അവസ്ഥ നേരിടുമ്പോൾ കാരുണ്യത്തിന്റെ യഥാർഥ സാക്ഷികളാകാൻ ശപഥംചെയ്യുന്നു. കാരുണ്യമാണ് സുവിശേഷത്തിന്റെ സത്തയും ക്രൈസ്തവ ശിഷ്യത്വത്തിന്റെ പ്രകാശനവും. കൽക്കട്ടയിലെ വിശുദ്ധ തെരേസയുടെ മൃദുലമായ കൈകളും ചുളിവുള്ള മുഖവും ഇൻഡോറിലെ വാഴ്ത്തപ്പെട്ട റാണിമരിയയുടെ രക്തസാക്ഷിത്വവും ഇതിനു സാക്ഷ്യം വഹിക്കുന്നു.

ക്രൈസ്തവരായ ഞങ്ങൾ രാഷ്ട്രത്തിനുവേണ്ടി – പ്രത്യേകിച്ച് ദളിതർ ഗോത്രവർഗക്കാർ, പിന്നോക്കം നില്ക്കുന്ന മറ്റു ജനസമൂഹങ്ങൾ എന്നിവർക്കുവേണ്ടി – ചെയ്യുന്ന സേവനത്തിൽ ഞങ്ങളുടെ സഹപൗരന്മാരുമായി കൈകോർത്തു പിടിക്കുന്നു. നമ്മുടെ ജനതയുടെ യഥാർഥ മാനുഷിക വികസനം ഉറപ്പാക്കാൻ വേണ്ടിയാണത്. ആ വികസനം കേവലം സാമ്പത്തിക മാനദണ്ഡങ്ങളനുസരിച്ചല്ല, പിന്നെയോ മാനുഷിക മാനദണ്ഡമനുസരിച്ചാണ് അളക്കപ്പെടുന്നത്. ഏതു തരത്തിലുമുള്ള ഇടുങ്ങിയ ആഭ്യന്തര മതിൽക്കെട്ടുകൾക്ക് അപ്പുറത്തേക്ക് ഇറങ്ങാൻ നമുക്ക് എല്ലാവർക്കും ശപഥംചെയ്യാം. യഥാർഥത്തിൽ മതേതരത്വപരവും സോഷ്യലിസപരവും ജനാധിപത്യപരവുമായ ഒരു രാഷ്ട്രം സ്ഥാപിക്കാൻ വേണ്ടിയാണത്. ഇന്ത്യൻ ഭരണഘടനയിൽ പ്രതിഷ്ഠിച്ചിട്ടുള്ള തരത്തിലുള്ള രാഷ്ട്രം തന്നെ.

സഭയിലും രാഷ്ട്രത്തിലും വൈവിധ്യങ്ങളുടെയിടയിൽ ഐക്യപ്പെട്ടു ജീവിക്കാൻ ഞങ്ങൾ താഴെപ്പറയുന്ന നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു:

1. ശിഷ്യത്വപരമായ നമ്മുടെ ക്രൈസ്തവജീവിതം എല്ലാ തലങ്ങളിലും ആഴപ്പെടുത്താനും തീവ്രതയുള്ളതാക്കാനും അതിനായി നിരന്തരം പ്രാർഥിക്കുന്ന സമുദായമായി നിലനിന്നുകൊണ്ട് ത്രിത്വാത്മക വിശ്വാസത്തിനുചേർന്ന വിധം എപ്പോഴും വൈവിധ്യത്തിൽ ഐക്യത്തോടെ ജീവിക്കണം.

2. അല്മായരും സന്ന്യസ്തരും വൈദികരും തമ്മിലുള്ള ബന്ധം

ശക്തിപ്പെടുത്തണം. എല്ലാതലങ്ങളിലും ആ കൂട്ടായ്മ സഭാജീവിത ത്തന്റെ മാർഗമാണെന്ന് ഉറപ്പുവരുത്തണം.

3. ലഘുക്രൈസ്തവസമൂഹങ്ങളെയും (SCCs) കുടുംബയൂണിറ്റുക ളെയും വളർത്തുകയും തീവ്രതരമാക്കുകയും വേണം. വിശ്വാസിക ളുടെ സമഗ്രമായ, സർവതലസ്പർശിയായ, പരിശീലനത്തിനും മതാ ന്തര സഹകരണത്തിനും സമാധാനത്തിനും സമന്വയത്തിനും വേണ്ടി യാണത്.

4. ലോകത്തിൽ കുടുംബങ്ങൾ നടത്തുന്ന സുവിശേഷവത്കരണ ദൗത്യത്തിൽ അവരോടൊപ്പമായിരിക്കുകയും അവ സഭയുടെ അജ പാലനശുശ്രൂഷയുടെ ശ്രദ്ധാകേന്ദ്രമായിത്തീരുന്നുണ്ടെന്ന് ഉറപ്പുവരു ത്തുകയും വേണം. ക്ലേശിച്ചു കഴിയുന്ന കുടുംബങ്ങളോട് സവിശേഷ ശ്രദ്ധയും സഹതാപവും കാണിക്കണം. ഉത്തരവാദിത്വപൂർണമായ പിതൃത്വത്തെക്കുറിച്ച് അവർക്ക് വെളിച്ചം നല്കണം.

5. നമ്മുടെ യുവജനത്തെ യഥാർഥ ക്രൈസ്തവജീവിതത്തെക്കുറി ച്ചുള്ള ദർശനംകൊണ്ടു നിറയ്ക്കണം. സഭയിലും സമൂഹത്തിലും അവർക്കുള്ള ധർമം നിർവഹിക്കാൻ അവരെ ശക്തരാക്കണം. നമ്മുടെ യുവജനത്തെ ദൈവവചനത്തെയും സഭയുടെ പ്രബോധനങ്ങളെയും സംബന്ധിച്ച അറിവുള്ളവരാക്കിത്തീർത്തുകൊണ്ട് സഭയിൽ സജീവ ധർമം നിർവഹിക്കാൻ ശക്തിപ്പെടുത്തണം. ഇന്ത്യൻ കാത്തലിക് മൂവ്മെന്റ് (ICYM), മറ്റുള്ള കത്തോലിക്കാ യുവജനപ്രസ്ഥാനങ്ങൾ എന്നിവയിലൂടെ അങ്ങനെ ചെയ്യണം. നമ്മുടെ യുവജനങ്ങളെ ദൈവ വിളി തിരിച്ചറിയാനും ജീവിതപാത തിരഞ്ഞെടുക്കാനും സഹായിക്കാ നാണത്. യുവജനങ്ങളെ സംബന്ധിച്ച് 2018 ഒക്ടോബറിൽ നടത്താനി രിക്കുന്ന സിനഡിന്റെ പ്രഥമ പ്രമേയം അതാണ്.

6. നമ്മുടെ അല്മായരെയും യുവജനത്തെയും രാഷ്ട്രനിർമാണ ത്തിന് പ്രോത്സാഹിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്യണം. രാഷ്ട്രീ യം, സിവിൽ സർവീസ്, രാജ്യരക്ഷ, നിയമം, ജുഡീഷ്യറി എന്നിങ്ങനെ യുള്ള ദേശീയ ജീവിതത്തിന്റെ സുപ്രധാന മേഖലകളിൽ ഉൾപ്പെട്ടു കൊണ്ടാണ് അവർ അങ്ങനെ ചെയ്യേണ്ടത്.

7. സ്ത്രീകൾക്കുള്ള തുല്യമഹത്ത്വത്തെ അംഗീകരിക്കാനും സഭയുടെ ജീവിതത്തിലും ദൗത്യത്തിലും അല്മായർക്കുള്ള പങ്കിനെ വളർത്താനും ഉതകുന്ന പരിശീലനം സഭയുടെ പരിശീലന ഭവനങ്ങ ളിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

8. സഭയുടെ എല്ലാ സംഘങ്ങളിലും സ്ത്രീകൾക്ക് പര്യാപ്തമായ പ്രാതിനിധ്യം ഉറപ്പുവരുത്തണം.

9. സഭയിലും സമൂഹത്തിലും കരുണയുടെ യഥാർഥ സാക്ഷികളായി രിക്കാൻ സെമിനാരി വിദ്യാർഥികളെയും വൈദികരെയും സന്ന്യസ്ത രെയും സജ്ജീകൃതരാക്കണം.

10. മതാന്തര സംവാദം വളർത്താനുള്ള എല്ലാ അവസരവും ഉപയോ ഗിക്കണം. ക്രിസ്തുവിലുള്ള നമ്മുടെ ഐക്യത്തെ വളർത്താൻ

ക്രൈസ്തവരായ നാം എല്ലാ പരിശ്രമവും ചെയ്താൽ നമ്മുടെ മതാന്തര സംവാദം കൂടുതൽ വിശ്വസനീയമാകും.

11. ഐക്യുമെനിക്കൽ ഗ്രൂപ്പുകൾ തമ്മിലുള്ള സംവാദത്തിലൂടെയും പൊതുവായ ഐക്യുമെനിക്കൽ സേവനങ്ങൾ, പൊതുവായ പ്രാർഥനകൾ, പൊതുവായ പ്രവർത്തനങ്ങൾ എന്നിവയിലൂടെയും ക്രൈസ്തവർ തമ്മിൽ കൂടുതൽ നല്ല സഹകരണം വളർത്താൻ വിവിധ സംരംഭങ്ങൾ തുടങ്ങണം.

12. സഭയുടെയും സമുദായത്തിന്റെയും എല്ലാ മേഖലകളിലും ഇന്ത്യയുടെ ഭരണഘടന കൂടുതൽ വ്യാപകമായി അറിയപ്പെടാൻ പരിശ്രമിക്കണം. എല്ലാ പൗരന്മാരുടെയും തുല്യത, മതസ്വാതന്ത്ര്യം, മനസാക്ഷി സ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നീ സുപ്രധാന സവിശേഷതകളെ ഉയർത്തിക്കാണിച്ചുകൊണ്ടും അങ്ങനെ ചെയ്യണം.

13. പൊതുസമൂഹത്തിൽ കൂടുതൽ സജീവമായി പ്രവർത്തിക്കാൻ അല്മായരെ പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും വേണം. അവരുടെ വിളിയനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് രാഷ്ട്രനിർമാണത്തിന് അവർ കാര്യക്ഷമമായ സംഭാവന നല്കാനാണത്.

14. വിദ്യാഭ്യാസ മണ്ഡലത്തിൽ കാരുണ്യത്തിന്റെ ദൗത്യം നിർവഹിക്കാനുള്ള നമ്മുടെ സേവനങ്ങൾ തുടരണം. സിബിസിഐയുടെ "All India Catholic Education Policy 2007" എന്ന നയം ബോധപൂർവം നിറവേറ്റാനാണത്. സുവിശേഷമൂല്യങ്ങളെ നല്കാൻവേണ്ടിത്തന്നെ.

15. കത്തോലിക്കാ ഹെൽത്ത് സർവീസുകളെ കാരുണ്യത്തിന്റെയും കഴിയുന്നത്ര സൗഖ്യദാനത്തിന്റെയും ഒരു ദൗത്യമാക്കണം. അത് സഹതാപപൂർണവും പരിരക്ഷണപരവുമായിരിക്കണം. എന്നാലും അത് സുസജ്ജവും സ്വയം നിലനില്ക്കാനാവുന്നതും സഹകരണപരവുമായിരിക്കണം.

16. സിബിസിഐയുടെ ദളിത് ശക്തീകരണ പോളിസി ഓരോ രൂപതയിലും നിറവേറ്റപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഗോത്രവർഗക്കാരുടെയും മറ്റുള്ള പിന്നാക്കവർഗക്കാരുടെയും സംരക്ഷണത്തിനും സമഗ്രമായ വികസനത്തിനുംവേണ്ടി അധ്വാനിക്കണം. കൃഷിക്കാർ, മീൻപിടിത്തക്കാർ, കുടിയേറ്റക്കാർ എന്നിവരും നിസ്സഹായരും ചൂഷണം ചെയ്യപ്പെട്ടവരുമായവർക്ക് ആശ്വാസവും ക്ഷേമവും നല്കാൻ സവിശേഷസംരംഭങ്ങൾ തുടങ്ങണം. അവരുടെ അസ്വസ്ഥതയിൽ അവർക്ക് ശുശ്രൂഷയും ആശ്വാസവും പ്രത്യാശയും നല്കുവാനാണത്.

17. നമ്മുടെ ക്രൈസ്തവ സമർപ്പണത്തിന്റെയും ആധ്യാത്മികതയുടെയും സത്താപരമായ ഭാഗമെന്ന നിലയിൽ പരിസ്ഥിതിക്കുള്ള പ്രാധാന്യത്തെ സംബന്ധിച്ച ബോധം വർധിപ്പിക്കണം. പരിസ്ഥിതിയെ സംരക്ഷിക്കാനും പ്രകൃതിയോടുള്ള സ്നേഹം വർധിപ്പിക്കാനും പുതിയ സംരംഭങ്ങൾ തുടങ്ങണം. ഫ്രാൻസിസ് മാർപാപ്പായുടെ ചാക്രികലേഖനമായ 'ലാവുദാത്തോ സീ'യിലുള്ള പ്രബോധന

ങ്ങൾ നിറവേറ്റാൻ ഓരോ രൂപതയും ഒരു പരിസ്ഥിതി നയം രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

18. തടവറയിലായിരിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരുടെ ദുരിതാവസ്ഥയെക്കുറിച്ചുള്ള ബോധം സൃഷ്ടിക്കണം. അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ കുടുംബങ്ങളെ പരിപാലിക്കുന്നതിനും സഹായിക്കണം.

19. സഭയുടെ ഭരണനിർവഹണത്തിന്റെ സകല മണ്ഡലങ്ങളിലും സുതാര്യത ഉറപ്പുവരുത്തണം. സമൂഹത്തിലെ സുതാര്യതയ്ക്കായി നിലകൊള്ളുകയും വേണം.

20. നമ്മുടെ എല്ലാ രൂപതകൾക്കും കാര്യക്ഷമമായ ഒരു "ചിന്താ കേന്ദ്രം" ഉണ്ടായിരിക്കണം. അടിയന്തിരസ്വഭാവമുള്ള കാര്യങ്ങൾ ഏറ്റെടുക്കാനും ബന്ധപ്പെട്ട എല്ലാവരോടും ഉത്സാഹപൂർവം സംവദിക്കാനുമാണത്.

ഉപസംഹാരം

"സഭ നിലകൊള്ളുന്നത് സുവിശേഷവത്കരണം നടത്താനാണ്. അതായത്, പ്രഘോഷിക്കാനും പഠിപ്പിക്കാനും ദൈവകൃപയാകുന്ന ദാനത്തിന്റെ ചാനലാകാനും പാപികളെ ദൈവവുമായി അനുരഞ്ജിപ്പിക്കാനും വേണ്ടിയാണ്" (വാഴ്ത്തപ്പെട്ട പോൾ 6-ാമൻ, *പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം,* നമ്പർ 14). "സുവിശേഷവത്കരിക്കാനാണ് സഭയും ദൈവശാസ്ത്രവും നിലകൊള്ളുന്നത്, ക്ലാസ് റൂം ദൈവശാസ്ത്രംകൊണ്ടു തൃപ്തിപ്പെടാനല്ല" (ഫ്രാൻസിസ് മാർപാപ്പാ, *സുവിശേഷത്തിന്റെ സന്തോഷം*, നമ്പർ 133). നമ്മുടെ രാഷ്ട്രത്തിന്റെ വൈവിധ്യത്തിൽ ഐക്യം എന്നതിനുണ്ടാകുന്ന ഗൗരവപൂർണമായ വെല്ലുവിളികളെയും പരാജയങ്ങളെയും നാം നേരിടുന്നുണ്ട്. എങ്കിലും ഭാരതീയരായിരിക്കുന്നതിൽ നാം അഭിമാനം കൊള്ളുന്നു. നാം നമ്മുടെ രാജ്യത്തെ സ്നേഹിക്കുന്നു. അതിനുവേണ്ടിയും അതിന്റെ ക്ഷേമത്തിനുവേണ്ടിയും നാം നിരന്തരം പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. വൈവിധ്യത്തിലുള്ള ഐക്യത്തിനായുള്ള പ്രവർത്തനം തുടരാനും സമാധാനവും സമന്വയവും സ്ഥാപിക്കാനും നമ്മുടെ രാജ്യം അതിന്റെ മഹോന്നതമായ വിളിക്കുചേർന്നവിധം ജീവിക്കാനും വേണ്ടിയാണത്. സഭയ്ക്കും സമൂഹത്തിനുംവേണ്ടി നാം ചെയ്യുന്നതെല്ലാം കാരുണ്യത്തിന്റെ അമ്മയായ മറിയത്തിൽ സ്നേഹപൂർണമായ സംരക്ഷണത്തിന് നാം ഏല്പിക്കുന്നു.

ബസേലിയോസ് കാർഡിനൽ ക്ലീമിസ്
പ്രസിഡന്റ്
കാത്തലിക് ബിഷപ്സ് കോൺഫ്രറൻസ് ഓഫ് ഇന്ത്യ
ഫെബ്രുവരി 9, 2018

XXXIII GENERAL BODY MEETING
CATHOLIC BISHOPS'CONFERENCE OF INDIA (CBCI)
BENGALURU, FEBRUARY, 2 - 9, 2018
"United in Diversity for a Mission of Mercy and Witness: 'I am with you always, to the end of the age' " (Mt 28: 20)
FINAL STATEMENT

PREAMBLE

The theme of our General Body Meeting immediately invites us to reflect on the mystery of the Trinity. The great mystery of the one God, united in three Persons – the Father, the Son and the Holy Spirit, is the foundation of our Christian faith.

We thank God for the unique nature of the Catholic Church in India who is blessed with three *sui iuris* Churches called to reflect in her life and mission the communion of the Holy Trinity.

Rooted in this vision, we, the 184 bishops of the Catholic Church in India gathered together for the 33rd General Body Meeting of the Catholic Bishops' Conference of India (CBCI) at St. John's National Academy of Health Sciences, Bengaluru, from 02 to 09 February 2018, to pray and reflect upon the theme: "United in Diversity for a Mission of Mercy and Witness: 'I am with you always, to the end of the age' " (Mt 28: 20) to deepen our understanding of our own identity and to enhance our contribution to nation-building. We, the Catholic Bishops of India felt reassured and strengthened by the words of our Lord: "And behold, I am with you always, to the end of the age" (Mt 28:20). We have taken into account the final statement of the Catholic Council of India (CCI) which met from 17 to 19 November 2017.

The Mission of Jesus

Jesus, who came to unite and reconcile the whole of humankind into one family of God, is himself the good news. He presented God to people in the way he loved all, namely, in feeding the hungry, comforting the disturbed, promoting the dignity of the marginalized, healing the sick, giving hope to the hopeless, freedom to the captives, forgiveness to the sinners, justice to the poor and life to the dead.

The Church in India

The Church in India received the gift of faith through St. Thomas, the Apostle of Jesus. Our Christian faith was nourished and

strengthened by the efforts of many great saints such as St. Francis Xavier who is Patron Saint of Missions. We want to emphatically affirm that the Christian faith in India is as old as Christianity. India is what it is today is also due to the contribution of the Church in India.

With the evidence of yeoman service rendered by the Church, it is clear that India needs the Church just as the members of the Church continue to love India as they reach out to the very last and the least, in imitation of Jesus our Master. The Church believes that all people are our brothers and sisters as Jesus himself has taught us, "You shall love your neighbor as yourself" (Mt 22: 39). The empowerment of the poor and the promotion of human dignity are values enshrined in our Constitution and are also cherished by the Church in her mission. The mission of the Church carried out through all her activities has only one aim, to build up our nation on the four essential pillars of peace, that is, truth, justice, love and freedom (cfr. St. John XXIII, *Pacem in Terris*).

Understanding Authentic Nationalism and Constitutional Secularism

Any attempt to promote nationalism based on any one particular culture or religion is a dangerous position. It may lead to uniformity but never to genuine unity. Such misconceived efforts can only lead our nation on the path of self-annihilation. Mono-culturalism has never been and can never be the right answer to the quest for peace, progress and development, especially in a country like ours that has a rich diversity of culture, language, region, race and religion. Violence always recoils upon the violent sooner or later, "For all who take the sword will perish by the sword" (Mt 26: 52**).** We deplore the rising incidence of atrocities against women, killings, caste rivalries and communal violence which includes attacks on Christian institutions and communities. Therefore, let us follow the path of true nationalism that can lead our motherland to true peace, harmony, progress and prosperity. Authentic nationalism respects the human dignity of every citizen, regardless of one's economic status, culture, religion, region or language.

We wish to urgently call all people of goodwill to uphold the rule of law guaranteed by our Indian Constitution. In a climate of violence, we make an appeal to all our fellow citizens to eschew

mob culture and vigilantism in favor of peace. We appreciate and will collaborate with the Government in all its efforts to maintain law and order in our country, to ensure progress and development of all and the protection of the environment. The Father of the Nation, Mahatma Gandhi has stated in clear terms that "The world has enough for everyone's need, but not enough of everyone's greed".

The Precious Gift of Human Life

The Christian community upholds the absolute and transcendent value of human life which is a precious gift of God. Therefore, an assault on human life can never be inspired by God nor justified because of the diverse beliefs and practices. Human life of every individual person in our beloved motherland needs to be valued and defended.

The Church's Mission of Mercy

Mercy that flows out of the heart of God alone, through the cross of Jesus Christ, can heal the wounded human hearts, restore the broken relationships between persons and communities and lift up out of misery those suppressed for centuries. Faced with this precarious situation we the disciples of Christ, resolve to be authentic witnesses of mercy, which is the essence of the Gospel and the manifestation of Christian discipleship. This is witnessed in the gentle hands and wrinkled face of St. Teresa of Kolkata and in the martyrdom of Blessed Rani Maria of Indore.

In our service to the nation, especially to the Dalits, Tribals and other backward classes, we Christians join hands with our fellow citizens to ensure the authentic human development of our people which is measured by the scale of human index, and not merely by economic standards.

Let us all resolve to go beyond narrow domestic walls of every kind in order to establish a truly secular, socialist and democratic nation as is enshrined in the Constitution of India.

To Live in Unity in the midst of Diversity, both within the Church and in the country, we propose the following:

1. To deepen and intensify our Christian life of discipleship at all levels by being a ceaselessly praying community, always living our unity in diversity in accordance with our Trinitarian faith.

2. To strengthen the bonds of communion among the laity, the religious and the clergy and to ensure that communion becomes

the way of life for the Church at all levels.

3. To promote and intensify Small Christian Communities (SCCs) and Family Units for the all-round integral formation of the faithful and for inter-religious cooperation, peace and harmony.

4. To accompany families in their evangelizing mission in the world and to make sure that they become the focal point of the pastoral ministry of the Church; to manifest special care and compassion to families in distress and to enlighten our families on responsible parenthood.

5. To imbue our youth with the vision of an authentic Christian Life to enable them to play their role in Church and society; to empower our youth to play an active role in the Church by equipping them with the knowledge of the Word of God and with the teachings of the Church through the Indian Catholic Youth Movement (ICYM) and other Catholic Youth Movements; to help our youth to discern and choose the way of life which is the primary theme of the forthcoming Synod on Youth in Oct 2018.

6. To encourage and train our lay people and youth for nation-building through involvement in vitally important areas of our national life such as politics, civil services, defense, law and judiciary.

7. To ensure that formators in our formation houses guide the formees to respect the equal dignity of women and to promote the role of the laity in the life and mission of the Church.

8. To ensure adequate representation of women in all Church bodies.

9. To prepare seminarians, priests and religious to be authentic witnesses of mercy within the Church and society.

10. To seize every opportunity to promote dialogue across religious boundaries; our inter-religious dialogue will become more credible, fruitful and effective if we Christians make every effort to grow in our unity in Christ.

11. To take various initiatives to foster better cooperation among all Christians through dialogue with ecumenical groups and promoting common ecumenical services, common prayers and common endeavours.

12. To make the Constitution of India more widely known in all sectors of Church and society, particularly highlighting some salient features such as the equality of all citizens, the freedom of religion, the freedom of conscience and the freedom of

expression.

13. To encourage and motivate our laity to be actively involved in the secular world in order to effectively contribute to nation-building in fulfillment of their proper vocation.

14. To continue to make our service in the field of education a mission of mercy and to implement purposefully the "All India Catholic Education Policy 2007" of the CBCI in order to impart Gospel values.

15. To make Catholic Health Services a mission of mercy and healing that is affordable, compassionate and caring, yet professional, self-sustaining and collaborative.

16. To ensure the implementation of the CBCI Policy of Dalit Empowerment in every diocese, to work for the protection and integral development of the Tribals and Other Backward Classes (OBC's) and to take special initiatives for the relief and welfare of farmers, fisher folk, migrants and other deprived and exploited communities by providing care, comfort and hope to them in their distress.

17. To increase awareness of the importance of ecology as an integral part of our Christian commitment and spirituality and to take new initiatives to protect the environment and to promote love for Nature; to ensure that every diocese has formulated an environment policy to implement the teachings of *Laudato Si*, the Encyclical Letter of Pope Francis.

18. To create an awareness of the plight of our brothers and sisters in prison and to assist them in their rehabilitation and the care of their families.

19. To ensure transparency in all spheres of the Church's administration and to stand for the same in society.

20. To set up an effective "think tank" for all our dioceses for taking up urgent matters and earnestly engaging in advocacy with all stakeholders.

CONCLUSION

The Church "exists in order to evangelize, that is to say, in order to preach and teach, to be the channel of the gift of grace, to reconcile sinners with God…" (Blessed Paul VI, *Evangelii Nuntiandi*, no. 14). "The Church and theology exist to evangelize, and not be content with a desk-bound theology" (Pope Francis, *Evangelii Gaudium*, no. 133). Even as we face many grave

challenges and setbacks to the unity in diversity of our country we are proud to be Indian. We love our country as we continue to pray constantly for it and its wellbeing. Our Christian faith gives us hope to move ahead to continue our work for unity in diversity so as to establish peace and harmony and make our country live up to its exalted calling. We entrust ourselves in all that we do for the Church and society, to the loving care of Mary, Mother of Mercy.

Baselios Cardinal Cleemis
President,
Catholic Bishops Conference of India
February 9, 2018

രൂപതാകാര്യാലയം

A. ഓർമ്മിക്കേണ്ട ദിവസങ്ങൾ

2018 മാർച്ച്

02 : ആദ്യവെള്ളി
09 : രൂപതാ ജാഗരണ പ്രാർത്ഥന
10 : പാസ്റ്ററൽ കൗൺസിൽ ജനറൽബോഡി മീറ്റിംഗ് (രാമനാഥപുരം)
17 : ജെറുസലേമിലെ വി. സിറിൽ
19 : വി. യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ
25 : ഓശാന ഞായർ, മംഗളവാർത്താ തിരുനാൾ
26 : വൈദിക വിശുദ്ധീകരണദിനം, മൂറോൻ വെഞ്ചിരിപ്പ് (രാമനാഥപുരം കത്തീഡ്രൽ)
29 : പെസഹാ വ്യാഴം
30 : ദു:ഖവെള്ളി
31 : വലിയ ശനി

B. ഇന്റേണൽ ഓഡിറ്റിങ്ങ്, ഇന്റേണൽ ഓഡിറ്റേഴ്സ്

രൂപതയിലെ പള്ളികളുടെയും സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും വാർഷിക കണക്ക് അംഗീകാരത്തിന് രൂപതാകാര്യാലയത്തിൽ സമർപ്പിക്കുന്നതിന് മുമ്പ് പള്ളികളിലെയും സ്ഥാപനങ്ങളിലേയും സംഘടനകളിലേയും പ്രസ്ഥാനങ്ങളിലേയും ബന്ധപ്പെട്ട സമിതികളിൽ കണക്ക് പാസ്സാക്കിയിരിക്കണം. അപ്രകാരം കണക്ക് പാസാക്കുന്നതിനുമുമ്പ് ഇന്റേണൽ ഓഡിറ്റും സി എ ഓഡിറ്റും നട

ത്തിയിട്ടുണ്ടാകണം. പള്ളികളിൽ ഓഡിറ്റിങ്ങിന് ബന്ധപ്പെട്ട പള്ളി യോഗമാണ് (പൊതുയോഗം/പ്രതിനിധിയോഗം) രണ്ട് ഓഡിറ്റർമാരെ തിരഞ്ഞെടുക്കേണ്ടത് ("പള്ളിയോഗ നടപടിക്രമങ്ങൾ", നമ്പർ 8.2). അപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവർ താഴെ പറയുന്ന യോഗ്യതകൾ ഉള്ളവരും താഴെപറയുന്നരീതിയിൽ പ്രവർത്തിക്കുന്നവരുമാകണം.

a. ദൈവവിശ്വാസമുള്ളവരും സഭാജീവിതത്തിൽ ഉത്സുകരുമാകണം.

b. കണക്കിലും കണക്കെഴുതുന്നവിധത്തിലും സഭാ സംവിധാനങ്ങളെപ്പറ്റിയുള്ള അടിസ്ഥാനപരമായ അറിവിലും മികവുള്ളവരാകണം.

c. വേണ്ടത്ര സംലഭ്യതയുള്ളവരാകണം- അതായത്, കഴിയുന്നിടത്തോളം പള്ളി സ്ഥിതിചെയ്യുന്ന അതേ ജില്ലയിൽ തന്നെ താമസവും ജോലിയുമുള്ളവരാകണം.

d. രൂപതാകാര്യാലയത്തിൽ നിന്ന് തരുന്ന മാർഗ്ഗരേഖയനുസരിച്ച് ഓഡിറ്റ് ചെയ്യുന്നവരാകണം.

e. ഓഡിറ്റ് റിപ്പോർട്ട് ബന്ധപ്പെട്ട സമിതിയിൽ അവതരിപ്പിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട സമിതിയുടെ അദ്ധ്യക്ഷന് രേഖാമൂലം ഡ്രാഫ്റ്റ് കൊടുക്കുകയും ആവശ്യമെങ്കിൽ കൃത്യതയും വ്യക്തതയും വരുത്തിയതിനുശേഷം മാത്രം റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കുകയും വേണം.

C. നാലാം പാസ്റ്ററൽ കൗൺസിൽ (4-ാം സമ്മേളനം)

മാർച്ച് 10 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രാമനാഥപുരം പാരിഷ് ഹാളിൽ വച്ചാണ് അടുത്ത സമ്മേളനം. നേരത്തെ അറിയിച്ചിരുന്നതുപോലെ, അടുത്ത സമ്മേളനത്തിന്റെ "ചർച്ചാ സഹായി"യുടെ ("സൻതോം വോയ്സ്" ഫെബ്രുവരി, 2018 pp 56-62) റിപ്പോർട്ട് ഇനിയും തരാത്തവർ മാർച്ച് 1ന് മുമ്പ് ബിഷപ്സ് ഹൗസിൽ ഏല്പിക്കണം. നമ്മുടെ രൂപതയെ സംബന്ധിച്ചിടത്തോളം "രൂപതയുടെ അതിർത്തി വികസനം : സാധ്യതകളും വെല്ലുവിളികളും'' വളരെ പ്രധാനപ്പെട്ടതാണ് അതുകൊണ്ടുതന്നെ എല്ലാവരും വിഷയം പഠിക്കണം. നേരത്തെ അറിയിച്ചിരുന്നതുപോലെ, കൗൺസിലംഗങ്ങളും റിസോഴ്സ് ടീമംഗങ്ങളും മതബോധന പ്രധാനദ്ധ്യാപകരും രൂപതാ-ഫൊറോന-ഇടവക, കുടുംബ കൂട്ടായ്മ, ഏകോപന സമിതി ഭാരവാഹികളും രൂപതാതിർത്തിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രിൻസിപ്പൽമാരും പ്രധാനദ്ധ്യാപകരും മീറ്റിങ്ങിൽ തീർച്ചയായും ആദ്യന്തം പങ്കുചേരണം. <u>പ്രത്യേകം ക്ഷണക്കത്ത് അയയ്ക്കുന്നതല്ല.</u>

D. വൈദികരുടെ മാസധ്യാനവും സമ്മേളനവും

വൈദികരുടെ അടുത്ത മാസധ്യാനവും സാമ്മേളനവും അതിനെ തുടർന്ന് പുതുതായി ശുശ്രൂഷയ്ക്കു കടന്നുവന്നിട്ടുള്ള

വൈദികർക്കുള്ള ഓറിയന്റേഷൻ പരിപാടിയും 06.03.2018 ചൊവ്വാഴ്ച ഈറോഡിൽ വച്ചാണ്. രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാവരും കാലത്ത് 10.00 മണിക്ക് ആരംഭിക്കുന്ന പരിപാടിയിൽ ആദ്യന്തം പങ്കു ചേരണം.

E. വൈദിക വിശുദ്ധീകരണദിനവും വി. മൂറോൻ വെഞ്ചിരിപ്പും

വലിയ ആഴ്ചയിലേക്ക് വേണ്ടവിധം ഒരുങ്ങുക എന്ന ലക്ഷ്യത്തോടെ വൈദികർക്കും ശെമ്മാശന്മാർക്കും വേണ്ടി ഒരുക്കിയിട്ടുള്ള വൈദിക വിശുദ്ധീകരണദിനം 26.03.2018 തിങ്കളാഴ്ച രാമനാഥപുരം കത്തീഡ്രലിൽ വച്ചാണ്. അതേ തുടർന്ന് അടുത്ത വർഷത്തേയ്ക്കുള്ള മൂറോൻ വെഞ്ചിരിപ്പും ഉണ്ടാകും.

രൂപതാതിർത്തിയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും ശെമ്മാശന്മാരും (സന്യസ്തരുൾപ്പെടെ) കാലത്ത് 10 മണിക്ക് ആരംഭിക്കുന്ന ധ്യാനത്തിലും ആരാധനയിലും പങ്കുചേരാൻ ശ്രമിക്കണം.

ഉച്ചക്ക് 1 മണി മുതൽ തുടങ്ങുന്ന മൂറോൻ വെഞ്ചിരിപ്പ് ശുശ്രൂഷയിലും വി. കുർബാനയിലും വൈദികരും ശെമ്മാശന്മാരും കൂടാതെ രൂപതയിലെ സന്യാസ സമൂഹങ്ങളുടെ അധികാരികളും പാസ്റ്ററൽ കൗൺസിലംഗങ്ങളും പങ്കുചേരണം.

F. ദൈവവിളി വാരം

രൂപതയിൽ ഈ വർഷം ദൈവവിളിവാരമായി ആചരിക്കുന്നത് ഏപ്രിൽ 22 മുതൽ 28 വരെ യാണ്. ഏപ്രിൽ 21 മുതൽ 24 വരെയുള്ള ദൈവവിളി ക്യാമ്പുകളിലേക്ക് (ആൺകുട്ടികൾക്ക് രൂപതാ മൈനർ സെമിനാരിയിൽ) (പെൺകുട്ടികൾക്ക് കുനിയമുത്തൂർ നിർമ്മലമാതാ സ്കൂളിൽ) പറ്റിയ കുട്ടികളെ (10, 12 + ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന) പറഞ്ഞുവിടാൻ ബഹു. വികാരിയച്ചന്മാരും സന്യസ്തരും മതാദ്ധ്യാപകരും മാതാപിതാക്കളും പ്രത്യേകം ശ്രദ്ധിക്കണം.

അതുപോലെ, ദൈവവിളി വർദ്ധനവിനും ദൈവവിളി സ്വീകരിച്ചവരുടെ വിശുദ്ധീകരണത്തിനും ശക്തിപ്പെടലിനും വേണ്ടി ഉപവസിച്ച് പ്രാർത്ഥിക്കാനുള്ള പ്രാർത്ഥന - ഉപവാസയജ്ഞത്തിൽ (23-28 രാമനാഥപുരത്ത്) രൂപതയിലെ എല്ലാവരും ആത്മാർത്ഥമായി പങ്കുചേരണം. വിശദാംശങ്ങൾ രൂപതാ വൊക്കേഷൻ കമ്മീഷൻ അറിയിക്കുന്നതാണ്.

G. ലോകസമാധാനത്തിനും രൂപതയ്ക്കും വേണ്ടിയുള്ള പ്രാർത്ഥന

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സമാധാനവും സഹവർത്തിത്തവും നിലനില്ക്കുന്നതിനും രൂപതയുടെ പ്രത്യേക നിയോഗങ്ങൾക്കുമായി 50 നോമ്പിലെ എല്ലാ ഞായറാഴ്ചകളിലും പള്ളികളിൽ പ്രധാന കുർബാനയ്ക്ക് മുമ്പും സന്യാസ സമൂഹങ്ങളിലും സ്ഥാപനങ്ങളിലും എല്ലാ വെള്ളിയാഴ്ചകളിലും അര മണിക്കൂർ നേരമെങ്കിലും

ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവച്ച് ആരാധന നടത്തുകയോ ജപമാല ചൊല്ലി പ്രാർത്ഥിക്കുയോ ചെയ്യണ മെന്ന് അഭ്യർത്ഥിക്കുന്നു.

H. ദൈവവിളിക്കുവേണ്ടിയുള്ള പ്രാർത്ഥന

പൗരോഹിത്യ-സന്യാസ ജീവിതത്തിലേയ്ക്ക് അനുയോജ്യരായ യുവജനങ്ങളും കുട്ടികളും കടന്നുവരുന്നതിന് മാർച്ച് 1 മുതൽ ജൂൺ 15 വരെ എല്ലാ പള്ളികളിലും വി. കുർബാനയ്ക്കുശേഷവും എല്ലാ സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ഉചിതമായ സമയത്തും എല്ലാ കുടുംബങ്ങളിലും അനുദിന കുടുംബപ്രാർത്ഥനയ്ക്കു ശേഷവും "ദൈവവിളിക്കുവേണ്ടിയുള്ള പ്രാർത്ഥന" ചൊല്ലണെന്ന് അപേക്ഷിക്കുന്നു.

I. ദമ്പതികൾക്കുവേണ്ടിയുള്ള സെമിനാർ

രൂപതയിലെ ദമ്പതികളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രൂപതാ ഫാമിലി അപ്പസ്റ്റോലേറ്റ് അവർക്കുവേണ്ടി ഒരുക്കിയിട്ടുള്ള സെമിനാർ 18.03.2018 ഞായറാഴ്ച കാലത്ത് 11.30നു വി. കുർബാന യോടുകൂടി രാമനാഥപുരത്താണ്. വിശദാംശങ്ങൾ സംഘാടകർ അറിയിക്കുന്ന താണ്. ബന്ധപ്പെട്ട എല്ലാ ദമ്പതികളും സെമിനാറിൽ വന്ന് പങ്കു ചേരണം.

J. രൂപതാ ബൈബിൾ ഓറിയന്റേഷൻ സെമിനാർ

മാസം തോറും രൂപതാ ബൈബിൾ അപ്പസ്റ്റോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ബൈബിൾ ഓറിയന്റേഷൻ സെമിനാർ 18-03-2018 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിമുതൽ 5.30 വരെ ഗാന്ധിപുരം പാരീഷ് ഹാളിൽ വച്ചുണ്ടായിരിക്കും. കഴിയാവുന്നിടത്തോളം പേർ അതിൽ വന്ന് പങ്കെടുത്ത് ഫലമെടുക്കാൻ ശ്രമിക്കണം.

K. APPOINTMENTS:

a. Transfer of Priests with effect from 07-2-2018):

Fr. Shaji Pandaraparambil - Appointed Vicar,Valparai + Chaplain FCC

Fr. Vineed Karukaparambil,O'Praem - Relieved Vicar, Valparai +FCC and appointed Director, Mother Theresa Peace Home, Tirupur

Fr. Jaison Pulikottil - Relieved Director, Mother Theresa Peace Home, Santhom Creations + to celebrate Holy Mass at ASMI, Avinashi on Sundays and other days of obligation relieved and permitted to return to his Mother Archeparchy

Fr. Paul Pulikottil - Relieved Vicar, Poomarket+ Chaplain, SABS + Vadavally and appointed Tirupur+ CMC + Executive Director, Santhom Creations, Avinashi + in charge of Kangeyam Syro-Malabar community (Holy Mass on Saturday & Sunday) + FCC

Fr. Ninto Kannampuzha, SDV - Relieved Vicar-in charge, Tirupur +Chaplain,

CMC+ Asst. Director, Mother Theresa Peace Home and appointed Priest-in charge, Palladam+ Chaplain FCC, to celebrate Holy Mass at Kangeyam FCC four three days a week (Monday, Tuesday, Wednesday &Thursday), +eparchial director of CML & Jesus Youth

Fr. Johnson Veeppattuparambil - Relieved correspondent, Trinity school, Ramanathapuram and appointed to celebrate Holy Mass two days a week (Friday and Saturday) instead of Thursday and Friday

Fr. Bijo Palayil - Relieved Priest-in charge, Palladam +Chaplain FCC + to celebrate Holy Mass at Kangeyam & Eparchial director of CML and appointed correspondent, Trinity school, RNM + to celebrate Holy Mass at St. Joseph's Old Age Home, Podannur four days a week (Monday to Thursday), Editor, Santhom Voice, Priest-in charge, Dharapuram with residence at Ukkadam

Fr. Shinto Parayil - Appointed vicar & Chaplain, SABS, Poomarket + Priest-in charge, Vadavally + Eparchial Director of Mathrusangam

Fr. Geo Kunnathuparambil - Relieved Priest-in charge, Dharapuram, Editor of Santhom Voice and appointed Asst. Director, Jeevan Jyothi centre, Thottipalayam and chaplain, Karunai Illam, Karamadai also with residence at Jeevan Jyothi centre

Fr. Linto Thaliyanayith - Relieved Finance officer & Prefect of studies, Eparchial Minor seminary, Asst. Director, Eparchial Vocation commission, Eparchial Director of Altar Boys and to assist the Parish priest of Pollachi & Suleswarampatty by celebrating one of the scheduled Holy Masses on Sundays and other days of obligation and permitted to return to the Mother eparchy (w.e.f.18-1-2018)

Fr. Rijo Alappatt - Appointed Finance officer & Prefect of Studies, Eparchial Minor seminary & asst. Director, Eparchial Vocation Commission and to assist the Parish priest of Pollachi & Suleswarampatty by celebrating one of the Scheduled Holy Masses on Sundays and other days of Obligation (w.e.f. 18-1-2018)

Fr. Jaju Elamkunnapuzha - Relieved Executive Director, San Thom Creations + chaplain, ASMI Avinashi & FCC Kangeyam & in charge of the Syro-Malabar community, Kangeyam and permitted to return to his Mother eparchy

Fr. Dipu Vallikunnel - Relieved Vicar + FCC-Good Shepherd+Karunai Illam) Karamadai & Asst. Director, Eparchial Social Service and appointed Vicar, Erode + Sastrinagar+ chaplain, FCC-Christujyothi & Jyothi Bhavan) & CSM (Sahayapuram).

Fr. Joy Chalissery, CMI - Relieved Vicar & chaplain, FCC-Christujyothi & Jyothi Bhavan) Erode + Sastrinagar & chaplain, CSM (Sahayapuram) and

appointed Vicar, Karamadai +FCC-Good Shepherd

Fr. Tom Vadakekara - Relieved Vicar & chaplain (FCC + CHF), Salem (+Namackal) (w.e.f. 13-2-2018)

Fr. Jijo Parayil - Vicar & chaplain (FCC + CHF), Salem + Namackal (w.e.f. 13-2-2018)

Fr. Thomas Kavungal - Relieved Director, Eparchial Mathrusangam

Fr. George Cheruvathoor - Relieved Director, Eparchial Jesus Youth

Fr. Jophin Kuruvammackal, CST- In charge of St. Joseph's Mission centre, Sitra also

Fr. Alwin Thanickal, CMI - Relieved 2nd Asst. Ramanathapuram Cathedral, Secretary to the Bishop, Associate editor of Santhom Voice, Asst. Director, Eparchial Family Apostolate & Kudumbakoottaima

Fr. James Elambassery, VC - Relieved Asst. Vicar Erode asst. Director, Eparchial Mathruvedi

Fr. Reneesh Pudussery, CMI - Relieved Asst. Vicar, Gandhipuram & Asst. Director, Eparchial SMYM

Fr. Jerin Elamkunnapuzha -Asst. Vicar, Tirupur, Asst. Director, Mother Theresa Peace Home, Tirupur and Asst. Director, Eparchial Social Service. Residence at Parish church, Tirupur

Fr. Kuriyakose Kallattil, CMI - 2nd Asst. Vicar, Ramanathapuram Cathedral, Secretary to the Bishop & Director, Eparchial Altar Boys + Asst. Director, Eparchial Family Apostolate & Kudumbakoottaima

Fr. Prathab Thuruthumalil,CMI - Asst. Vicar, Erode & Asst. Director, Eparchial SMYM

Fr. Antony Chirayath,VC - Asst. Vicar, Gandhipuram & Asst. Director, Eparchial Jesus Youth + Medical Fraternity+ Mathrusangam

b. Confession Faculty:

1. Confession faculty issued to Fr. Kuriakose Kallattil CMI (Order No. 31/18 dated 19-2-2018)
2. Confession faculty issued to Fr. Antony Chiryath, VC (Order No. 32/18 dated 19-2-2018)
3. Confession faculty issued to Fr. Prathap Thuruthumaly, CMI (Order No. 33/18 dated 19-2-2018)

c. Mr. Vincent Vellanikaran appointed consultant, “Santhom Creations”, Avinashi & “Mother Theresa Peace Home”, Vanchipalayam, Tirupur with effect from 13-2-12018 until futher orders

Mgr. George Narikuzhi
Syncellus

EPARCHIAL FINANCE OFFICE

A. വാർഷിക ഓഡിറ്റിംഗ്

2017-18 സാമ്പത്തിക വർഷത്തിലെ കണക്കുകൾ വേഗത്തിൽ തയ്യാറാക്കി Internal Audit നടത്തി, C.A. ഓഡിറ്റിംഗ് നടത്തുന്നതിനായി 2018 ഏപ്രിൽ 30ന് മുമ്പായി താഴെക്കൊടുത്തിട്ടുള്ളവ രൂപതാ ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

1. Day Book, 2. Leadger, 3. Receipt & Payment A/c. Statement, 4. Denomination Book (with signature of Vicar & Kaikarans), 5. Receipt Books, 6. Vouchers & Bills, 7. Orginal Fixed Deposit Receipts with one photo copy, 8. Bank Pass book, 9. Bank A/c. Balance confirmation as on 31/3/2018, 10. Copy of last year's audited financial statement. കൊണ്ടുവരുന്ന രേഖകളുടെ ഒരു ലിസ്റ്റും ഇതോടൊപ്പം കൊണ്ടുവരേണ്ടതാണ്. ഇതോടൊപ്പം ഇടവകകളിലെ യൂണിറ്റുകളുടെയും ഭക്തസംഘടനകളുടെയും വരവു ചിലവു കണക്കുകളും കൊണ്ടുവരണം. ഇതിനാവശ്യമായ forms രൂപതാ കാര്യാലയത്തിൽനിന്നും ലഭിക്കുന്നതാണ്.

B. വാർഷിക തെരട്ട്

2017-18 സാമ്പത്തിക വർഷത്തെ തെരട്ട് രൂപതാ ഓഫീസിൽ സമർപ്പിക്കുന്നതിന്റെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു. നിശ്ചിത ദിവസം തന്നെ തെരട്ട് സമർപ്പിക്കുമല്ലോ.

Sl. No.	Name & Place	Date	Time
1.	Holy Trinity Cathedral, Ramanathapuram	18-06-2018	10.00am
2.	St. Joseph's Mission Sitra	18-06-2018	11.00am
3.	Migrants' Mission Sowripalayam&KarunyaMathaSiruvani	18-06-2018	11.30pm
4.	Trinity Matric. Hr. Sec. School and Trinity Educational Society	18-06-2018	12.00pm
5.	St. Thomas Sulur Aero	18-06-2018	02.00pm
6.	Eparchial Holy Childhood	18-06-2018	02.30pm
7.	St. Alphonsa Church Palladam	18-06-2018	03.00pm
8.	Eparchial CML	18-06-2018	03.30pm
9.	Eparchial SMYM	18-06-2018	04.00pm
10.	St. Sebastian's Church Ukkadam	19-06-2018	09.30am
11.	St. Clotilda's Church Podanur	19-06-2018	10.00am
12.	St. Clotilda's Nursery School, Podanur	19-06-2018	10.30am
13.	St. Mark's Church Kuniamuthur	19-06-2018	11.00am
14.	Punnassery Nestle, Ettimadai	19-06-2018	11.30am
15.	Eparchial Family Apostolate	19-06-2018	11.45am
16.	St. Jude's Church Dharapuram	19-06-2018	12.15pm
17.	St. Paul's Church Pollachi	19-06-2018	02.00pm
18.	St. Elizabeth Church Suleswarampatty	19-06-2018	02.30pm
19.	Arogiamatha Church Pollachi	19-06-2018	03.00pm
20.	St. Luke's Church Valparai	19-06-2018	03.30pm
21.	Lourdes Forane Church Gandhipuram	20-06-2018	09.30am
22.	Holy Family Church Ganapathy	20-06-2018	10.00am
23.	Eparchial Charismatic Movement	20-06-2018	10.30am

24.	Infant Jesus Church Edayapalayam	20-06-2018	11.00am
25.	St. John Paul Mission Perianaickenpalayam	20-06-2018	11.30am
26.	St. Sebastian's Church Udumalpett	20-06-2018	12.00pm
27.	St. Joseph's Church Kavundampalayam	20-06-2018	02.00pm
28.	St. Antony's Church Viswasapuram	20-06-2018	02.30pm
29.	Good Shepherd Church Karamadai	20-06-2018	03.00pm
30.	St. Joseph's Church R S Puram	20-06-2018	03.30pm
31.	Mother Theresa Mission Vadavally and Eparchial Mathrusangham	20-06-2018	04.00pm
32.	Little Flower Church Sai Baba Colony	21-06-2018	10.00am
33.	LourdeMathaForane Church Erode	21-06-2018	10.30am
34.	LourdeMatha Play School Erode	21-06-2018	11.00am
35.	St. Antony's Church Sasthri Nagar Erode	21-06-2018	11.30am
36.	Eparchial Catechism Department	21-06-2018	12.00pm
37.	Eparchial Bible Apostolate	21-06-2018	12.30pm
38.	St. Mary's Minor Seminary Vadakkukadu	21-06-2018	02.00pm
39.	Eparchial Vocation Bureau	21-06-2018	02.30pm
40.	Eparchial Altar Boys Association	21-06-2018	03.00pm
41.	Mount Carmel Church Tirupur	21-06-2018	03.15pm
42.	Mother Theresa Peace Home Vanjipalayam	21-06-2018	03.45pm
43.	Santhome Creations / Santhom Charities	21-06-2018	04.15pm
44.	St. Antony's Church Kangayam	21-06-2018	04.45pm
45.	Eparchial Co-ordination Committee	22-06-2018	09.30am
46.	JeevanJyothi Centre Chinnathottipalayam	22-06-2018	10.00am
47.	St. Joseph's School, Jadayampalayam	22-06-2018	10.30am
48.	Mater Dei School and St. Joseph Educational Society	22-06-2018	11.00am
49.	St. Mary's Mission Annur	22-06-2018	11.30am
50.	St. Antony's mission , Chennimalai	22-06-2018	12.00pm
51.	St. Antony Mission , Karur	22-06-2018	12.30pm
52.	St. Joseph's Church Mettupalayam	22-06-2018	02.15pm
53.	St. Joseph's Nursery & Primary School, Mettupalayam	22-06-2018	02.45pm
54.	Eparchial Pithruvedi	22-06-2018	03.15pm
55	Social Service Society	22-06-2018	03.45pm
56	Deepthi Centre Theramplayam	22-06-2018	04.15pm

C. Contributions

a. Pastoral Centre

1. Divine Dhiana Illam Chinthamanipudur CBE 25000/-
2. Miss. Shinu M.G. D/o Mr. M.K. George Ramanathapuram 5000/-

b. Bishop's House Construction Fund

1. Sr. Provincial Superior Seraphic Province Palakkad 25000/-
2. Arokiamatha Matric.School Pollachi 25000/-
3. NirmalaMatha Convent Matric Hr. Sec. School Kuniamuthur 25000/-
4. Arokiamatha Matric. Hr. Sec. School Pollachi 40000/-

c. Seminary Fund

1. Mrs.K.V. Carmel Molly W/o Mr. Thomas Edayapalayam 12000/-

d. Seminary Burse

1. Mr. Jinit James & Family Kizhakel House Perumballoor Ernakulam
2. Mrs. Rosily Paul Pellissery Sundarapuram CBE
3. Alvernia Matric Hr. Sec. School Ramanathapuram

4. Infant Jesus Matric. Hr. Sec. School Palladam
5. Mr. Jose Thomas & Family Vadasseril House, Coimbatore

D. The Churches ,Institutions & Associations which have not yet submitted Annual Therattu of the year 2016-2017 for Approval

1. Karunya Matha Mission ,Siruvani
2. Eparchial Pithruvedhi

E. Mother Theresa Peace Home - Contributions

1. Nirmala Matha ConventMatric School Kuniamuthur 20000/-
2. Trinity Matric Hr. Sec. School Ramanathapuram, Jubilee gift of students 100000/-
3. Mrs. Maggie Francis C/o Mr. Justin Paul Thottan Anchery TCR 10000/-

F. MAINTENANCE FUND RECEIVED FROM PARISHES, MISSION CENTRES & RELIGIOUS HOUSES(Receipts until 15th February - 2018)

S.No	Name of Parish / Religious	Place	No.of Covers	Amount in Rupees
1	Holy Trinity Cathedral	Ramanathapuram	125	137500/-
2	Good Shepherd Church	Karamadai	52	9700/-
3	St. Antony's Church	Kangayam	10	10350/-
4	St. Antony's church	Viswasapuram	80	15900/-
5	St. Jude church	Dharapuram	6	5800/-
6	Lourds Forane church	Gandhipuram	202	122100/-
7	Holy Family Mission Centre	Ganapathy	101	64750/-
8	St. Thomas church	Sulur	14	12050/-
9	St. Mary's Mission Centre	Annur	10	9000/-
10	St. joseph church	R.S.Puram	81	33500/-
11	St. Antony's Mission Centre	Chennimala	6	3000/-
12	St. Mark's church	Kuniamuthur	140	93950/-
13	St. Joseph church	Mettupalayam	59	24200/-
14	Little Flower Church	Saibaba Colony	125	68350/-
15	St. Sebastian Church	Ukkadam	47	19850/-
16	St. Paul church	Pollachi	35	14100/-
17	St. Elizabath church	Suleswarampetty	31	8850/-
18	St. John paul Mission Centre	Perinaikampalayam	30	16650/-
19	St. Antony church	Sastrinager	22	11260/-
20	Lourde Matha Forane church	Erode	53	56300/-
21	St. Alphonsa church	Palladam	14	10400/-
22	Infant Jesus Church	Edayapalayam	132	66401/-
23	St. Luke church	Valparai	49	41550/-
24	St. Clotilda church	Podanur	116	65235/-
25	St. Sebastian church	Udumalpet	15	17750/-
26	Mount Carmal church	Tirupur	85	49400/-
1	St. John paul Mission Centre	Perinaikampalayam		25000/-

S.No	Name of Parish / Religious	Place	No.of Covers	Amount in Rupees

1	Holy Family Bhavan CHF	Sulur	1	2000/-
2	Vimal Jyothi Convent	Saravanampetty	1	3320/-
3	Holy Family Convent	Ukkadam	1	3000/-
4	Holy Family Convent	Mahalingapuram	1	2500/-
5	St. George Convent	Ramanathapuram	1	13200/-
6	Mercy FC Convent	Kangayam	1	4200/-
7	Karunya FC Convent	Valparai	1	1500/-
8	Cristhu Jyothi FC Convent	Erode	1	8000/-
9	Annai Mary FC Convent	Erode	1	2100/-
10	Jyothi Bhavan FC Convent	Erode	1	2000/-
11	Nazarath Bhavan CSE	Bomanapalayam	1	4000/-
12	St. Mary's Matric. Hr. Sec. school	Annur	1	10000/-
13	Clare Illam FC Convent	Thottipalayam	1	430/-
14	Little Flower Mission Centre	Maruthamalai	1	5000/-
15	Vimala FC Convent	Chennimala	1	2350/-
16	Lourde Matha Convent	Udumalpett	1	4000/-
17	St. Antony Convent	Karur	1	2024/-
18	San jose Convent	Mettupalayam	1	5000/-
19	Little Flower Convent	Kumarapuram	1	1700/-
20	Avila Convent	Coimbatore	1	10000/-
21	Assisi Convent ASMI	Coimbatore	1	1000/-
22	Little Flower monastery	Saibabacolony	1	5000/-
23	Mary Rani Convent	Gandhipuram	1	2500/-
24	Infant Jesus Convent	Palladam	1	4500/-
25	Arokiamatha Convent	Pollachi	1	5000/-
26	Good Shepherd Convent	Karamadai	1	2700/-
27	Sisters of Nazarath Convent	Edayapalayam	1	2500/-
28	Amaithy Illam Convent	Poomarket	1	2000/-
29	Nirmalamatha Convent	Kuniyamuthur	1	5000/-
30	Infant Jesus Convent	Perinaikampalayam	1	2200/-
31	Viswadeepthy Monastory	Pollachi	1	3000/-
32	Carmal Convent	Viswasapuram	1	3500/-
33	St. Annes Convent	Jadayampalayam	1	1000/-
34	Karunnymatha Convent	Podanur	1	5000/-
35	St. Joseph Aged Home	Podanur	1	5000/-
36	Zion Ashram	Selvapuram	1	1000/-
37	Nirmalamatha adoration Convent	Erode	1	2000/-
38	Little Flower Convent	Tirupur	1	3300/-

ഫാ. ജോസ് കന്നുംകുഴി
ഫിനാൻസ് ഓഫീസർ

ഫാ. ജോസഫ് ആലപ്പാടൻ
അസി. ഫിനാൻസ് ഓഫീസർ

SPECIAL COLLECTION

No.	Special Collection	Mission Sunday	Family Apostulate	Youth Day	Jesus Youth	Peter's Penny	Media Day	Bible Sunday	S.M.Mission Sunday	S.M.Church Day	Justice Sunday	Holy Child Hood	Santhom Voice	C .M. L.	Social Service	Carismatic	Catechism	13 th Month	Maunday Thursday	Lenten Campaign	Good Friday -2016
1	Dharapuram	1000	50	50	50	50	50	50	100	50	50	50	250	50	50	50					
2	Edayapalayam			2580	500	2328	500	2200	2246		2171	2311	250	1314							
3	Erode																				
4	Gandhipuram	22750							9374												
5	Kangayam																				
6	Karamadai	5500																			
7	Karur																				
8	Kavundampalaya		500	500	300	500	500	750	12920	1000	300	300	250	300	1000	300					
9	Kniamuthur	15000	500	300	300	1000	300	500	10000	600	300	300	250	300	1000	300					
10	Mettupalayam	30000	300	300	100	100	100	100	150	100	100	100	250	100	200	300					
11	Palladam	2000	100	100	100	100	100	100	150	100	100	100	250	100	200	300					
12	Viswasapuram																				
13	Podanur																				
14	Pollachi	17000	250	250	250	250	250	250	2500	650	200	200	250	200	250	200					
15	Ganapathy	11260	250	250	250	250	250	500	5000	3000	250	250	250	250	1000	250					
16	R.S.Puram	8750							780												
17	Ramanathapuram																				
18	Saibaba Colony	50300	500	300	300	500		300			300	300	250	300	1000	300					
19	Sasthrinagar		100	100	100	100	100	100	200	200	100	100	250	100	100	100					
20	Suleswaranpatty	7000	100	100	100	100	100	100	750	400	100	100	250	100	100	100					
21	Sulur Aero																				
22	Tirupur																				
23	Udumalpet	5000	200	350	150	100	200	200		300	100	100	250	100	200	100					
24	Ukkadam		100	100	100	100	100	100	500	600	100	100	250	100	100	100					
25	Valparai	6000	750	750	500	500	600	700	2000	2000	500	1500	250	600	700	500					
26	Chennimalai	5650	100	100	100	100	100	100	100	100	100	100	250	100	100	100					
27	Chinnathottipalayam																				
28	Annur	5000																			
29	Perinaickenpalayam																				
30	SITRASt.Joseph																				
31	Arokiamatha,Pollachi																				
32	MinorSeminary	17000																			
33	Selam																				

BISHOP'S Engagements

March 2018

04 : Holy Mass & Message, Gandhipuram
: Resource team class, Gandhipuram
06 : Monthly recollection and conference of priests & Orientation program for the newcomers, Erode
10 : Presybteral council, Ramanathapuram
: Pastoral council, Ramanathapuram
11 : Holy Mass & Meeting for Family gathering at Mannukad (Kattoor)
18 : Holy Mass & Message, Couples' Seminar, Ramanathapuram
: Eparchial Bible Orientation seminar
20 : Tirupur meetings
22 : Diaconate & Minor Orders, Minor seminary, Vadakukad
: Holy Mass & Message, Bible Convention, Mulloorkara
25 : Palm Sunday, Ramanathapuram
26 : Priests' Sanctification Day & the Blessing of the Myron, Ramanathapuram
29 : Maundy Thursday, Ramanathapuram
30 : Good Friday, Ramanathapuram
31 : Holy Saturday, Ramanathapuram



From the Bishop's Diary

ഫെബ്രുവരി 2018

01 – 09 : CBCI യുടെ മീറ്റിംഗിൽ പങ്കെടുത്തു.

09 : അരണാട്ടുകര ഇൻഫന്റ് ജീസ്സസ് L.P. സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

10 : പോത്തന്നൂർ സെന്റ് ജോസഫ് ഓൾഡേജ് ഹോമിൽ ദിവ്യബലിയർപ്പിക്കുകയും മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

11 : മണലൂർ വെസ്റ്റ് ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.
: പോട്ടയിൽ ബൈബിൾ കൺവെൻഷനിൽ സമാപന സന്ദേശം നൽകി.

: കുരിയച്ചിറ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു

12 : രാമനാഥപുരം കത്തീഡ്രലിൽ വിഭൂതി തിരുക്കർമ്മത്തിനും ദിവ്യബലിയ്ക്കും നേതൃത്വം നൽകി.

13 : പൊള്ളാച്ചി ആരോഗ്യമാത സ്കൂൾ ഓഡിറ്റോറിയത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി ദിവ്യബലിയർപ്പിച്ചു.

: തിരുപ്പൂർ മദർ തെരേസാ പീസ് ഹോമിന്റെ കമ്മിറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

18 : ഈറോഡ് മെഡിക്കൽ ഫ്രറ്റേണിറ്റി മീറ്റിംഗിൽ പങ്കെടുക്കുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

: ഗാന്ധിപുരത്ത് റിസോഴ്സ് ടീമിന് ക്ലാസ്സെടുത്തു.

: രാമനാഥപുരം ട്രൈബ്യൂണൽ മെമ്പേഴ്സിന്റെ സത്യ പ്രതിജ്ഞാ ചടങ്ങിന് നേതൃത്വം നൽകി.

22 : ജഡയംപാളയം സ്കൂൾ കമ്മിറ്റി മീറ്റിംഗിൽ പങ്കുചേർന്നു.

23-25: മേട്ടുപാളയം സെന്റ് ജോസഫ് ഇടവകയിൽ കുടുംബ സന്ദർശനവും അജപാലന സന്ദർശനവും നടത്തി.

25 : കൗണ്ടംപാളയത്ത് പത്ത് വർഷം പൂർത്തിയാക്കിയ ദമ്പതികൾക്കുവേണ്ടി ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി

28 : മൈനർ സെമിനാരി ബ്രദേഴ്സുമായി കൂടിക്കാഴ്ച നടത്തി.

DIRECTIVES THAT EMERGED FROM THE CONFERENCE OF PRIESTS HELD AT RAMANATHAPURAM (31-1-2018)

1. With regard to the handing over of the charge from the out-going priests to the new ones it was reminded that it concerns not only financial statements but also the whole documentation (including the civil documents) of the churches/institutions/associations etc. with much precision and clarity.
2. It was informed that the next general body meeting of the fourth eparchial pastoral council would be at 2.00 p.m on Saturday, 10th March in Ramanathapuram. Since the subject of discussion is regarding an important subject, i.e., "the extended territory of the eparchy: Its Possibiities and Challenges", all were exhorted to study the leaflet sent to the

churches, religious houses and institutions more seriously and participate in the discussion during the meeting on 10th without fail.

3. All were requested to organize adequate programs during the season of Lent in such way that the people might become more and more renewed spiritually.
4. All were requested to set apart 10% of the Lenten collection in the churches/mission centres for the charitable activities of the eparchy and entrust it to the Eparchial Finance office as soon as possible after the Easter.
5. It was informed that since the public examinations of the 10th and 12th class students of Tamilnadu end only late this year, the Vocation Week is scheduled to be from 22nd to 28th April. Vocation camp will be from evening on 21st to 24th morning, April (for boys in the Minor seminary and for the girls at Nirmalamatha school, Kuniamuthur). "Prayer & Fasting" program of the Vocation Week will be at Ramanathapuram from 23rd to 28th April. Priests were requested to send the prospective boys and girls to the respective camps and participate along with the parishioners in the "Prayer & Fasting" program of the Vocation Week as often as possible.
6. Those who have not yet entrusted the amount of various collections including the *Okhi* disaster were requested to do it without any delay.
7. Fr. Varghese Puthanangadi who took leadership for the reconstruction of the parish church, Kaundampalayam and paved the way for its consecration was congratulated and felicitated in the meeting. Parishioners were also congratulated on the occasion.
8. The directive of the Synod that in connection with the construction of the churches and institutions, a fixed percentage of the total cost should be contributed to the Mission Fund of the Syro-Malabar Church and the projects of the local diocese was communicated in the meeting. This kind of contribution is to be reported to the Major Archiepiscopal Curia through the local eparchial Curia.

9. A special *Karozuza* for the extended territory of the eparchy is to be prepared and recited during the Holy Mass every day in the churches, religious houses, institutions etc of the eparchy. Fr. Joseph Puthur, the secretary of the Eparchial Liturgical Commission was entrusted with the preparation of its draft before 1st March.
10. It was informed that as part of the extended territory of the eparchy Fr. Jijo Parayil, parish priest of Salem and Fr. Jaison Kollannur, the Priest-in charge of Trichy would form part of the eparchial Presbyterium.
11. Fr. Thomas Kavungal, the out-going Eparchial director of Mathruvedi requested the collaboration of all for the successful conducting of the *quiz* competition already arranged for the mothers of the eparchy.
12. The collaboration of all was solicited for updating and perfecting the Syro-Malabar Internet by providing the concerned materials within the territory of the eparchy.

Mar Paul Alappatt
Bishop of Ramanathapuram

Fr. Joseph Puthur
Secretary

പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ
മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

പുരോഹിതൻ: സഭയുടെ മനുഷ്യൻ

(തിരുവചനഭാഗം: ശ്ലീഹ 1,1-26)

സുവിശേഷങ്ങൾ ഈശോയുടെ ഇഹലോകജീവിതവും പ്രബോധനങ്ങളും പ്രവർത്തനങ്ങളും അവതരിപ്പിക്കുന്നെങ്കിൽ ശ്ലീഹന്മാരുടെ നടപടിപുസ്തകം ഈശോയുടെ സഭാത്മകജീവിതവും പ്രവർത്തനങ്ങളുമാണ് അവതരിപ്പിക്കുന്നത്. ഉത്ഥിതനായ മിശിഹാതന്നെയാണ് സഭയിലൂടെ തന്റെ രക്ഷാകരപ്രവർത്തനം തുടരുന്നത്. സഭയെ 'മിശിഹായുടെ ശരീര'മായി വി. പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് (1 കൊറി 12) സഭയിലുള്ള മിശിഹായുടെ സാന്നിദ്ധ്യവും പ്രവർത്തനവും തിരിച്ചറിഞ്ഞതുകൊണ്ടാണല്ലോ (ശ്ലീഹ 9,1-9). മർക്കോസിന്റെ

സുവിശേഷത്തിന്റെ ചില കയ്യെഴുത്തു പ്രതികളിൽ, 16-ാം അദ്ധ്യായം 8-ാം വാക്യത്തിനുശേഷം ഇപ്രകാരം പറയുന്നു: "അതിനുശേഷം ഈശോതന്നെ നിത്യരക്ഷയുടെ പരിശുദ്ധവും അനശ്വരവുമായ പ്രഖ്യാപനം അവർ (ശ്ലീഹന്മാർ) മുഖേന കിഴക്കുമുതൽ പടിഞ്ഞാറു വരെ എത്തിച്ചു". അതുകൊണ്ട് ഈശോയുടെ സുവിശേഷത്തിന്റെ രണ്ടാം ഭാഗമായി ശ്ലീഹന്മാരുടെ നടപടിയെ നാം മനസ്സിലാക്കണം. സഭയിൽ ജീവിക്കുന്ന ഈശോയുടെ പ്രവർത്തനങ്ങൾ ധ്യാനവിഷയ മാക്കി സഭയുടെ മനുഷ്യനായി വർത്തിക്കുവാൻ പുരോഹിതനു കഴി യണം.

ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിലെ ഒന്നാം അദ്ധ്യായത്തെ അഞ്ചു ഭാ ഗങ്ങളായി തിരിക്കാം. 1. പരിശുദ്ധാത്മാവിന്റെ വാഗ്ദാനം (1,1-5); 2. ഈശോയുടെ സ്വർഗാരോഹണം (1,6-11); 3. സെനക്കിളിൽ പ്രാർത്ഥന യിൽ മുഴുകിയിരിക്കുന്ന സഭ (1,12-14); 4. യൂദാസ് സ്കറിയോത്താ യുടെ വീഴ്ച (1,15-19); 5. മത്തിയാസിന്റെ തിരഞ്ഞെടുപ്പ് (1,20-26).

1. പുരോഹിതൻ: പരിശുദ്ധാരൂപിയാൽ അഭിഷിക്തൻ

"*അവൻ അവരോടൊത്തു ഭക്ഷണത്തിനിരിക്കുമ്പോൾ കല്പിച്ചു: നിങ്ങൾ ജറുസലേംവിട്ടു പോകരുത്. എന്നിൽനിന്നു നിങ്ങൾ കേട്ട പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുവിൻ. എന്തെന്നാൽ, യോഹ ന്നാൻ വെള്ളംകൊണ്ടു സ്നാനം നല്കി; നിങ്ങളാകട്ടെ ഏറെത്താമ സിയാതെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏല്ക്കും*" (1,4-5).

ഉത്ഥിതനായ മിശിഹാ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ട് അവരെ ദൈവരാ ജ്യത്തെക്കുറിച്ചു പഠിപ്പിക്കുകയും പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുകയും ചെയ്യുന്ന ഭാഗമാണ് ഇത്. "നാല്പതു ദിവസത്തേയ്ക്ക് ഈശോ അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കു റിച്ചു പഠിപ്പിച്ചു" (1,3). ഉത്ഥാനത്തിനുശേഷം നാല്പതുദിവസം കഴി ഞ്ഞാണ് സ്വർഗ്ഗാരോഹണം നടന്നത്. നാല്പതിന്റെ പ്രാധാന്യം ശ്രദ്ധേയമാണ്. പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ ഈശോ നാല്പ തുദിവസം വിജനസ്ഥലത്ത് ഉപവാസം അനുഷ്ഠിച്ചു (ലൂക്കാ 4,2). മോശ ദൈവത്തിൽനിന്ന് നിയമം ആലേഖനം ചെയ്ത കല്പലകകൾ ഏറ്റുവാങ്ങുവാൻ ഉപവാസപൂർവം നാല്പതു ദിവസങ്ങൾ സീനായ് പർവതത്തിൽ കഴിഞ്ഞു (പുറ 34,28). ഏലിയാ പ്രവാചകനും നാല്പ തുദിവസത്തെ നോമ്പാചരിച്ചു (1 രാജാ 19,8). വാഗ്ദാനനാട് കൈവശ മാക്കുന്നതിനുമുമ്പ് ഇസ്രായേൽക്കാർ നാല്പതുവർഷം മരുഭൂമിയിൽ കഴിഞ്ഞു (ശ്ലീഹ 13,18). ഈശോ ഉയിർത്തെഴുന്നേറ്റു മഹത്ത്വീകൃത നായി എന്ന സത്യം ശ്ലീഹന്മാർക്ക് അനുഭവവേദ്യമാക്കുകയും, അവി ടുത്തെ സുവിശേഷം ലോകത്തിൽ ഉദ്ഘോഷിക്കുവാൻ അവരെ പരി ശുദ്ധാത്മാവുവഴി ഒരുക്കുകയും ചെയ്യുന്ന ഘട്ടമായിരുന്നു ഈ നാല്പതുദിവസം. മിശിഹായുടെ ഉത്ഥാനാനുഭവവും പരിശുദ്ധാത്മാ ഭിഷേകവുമാണ് ശ്ലീഹന്മാർക്ക് സുവിശേഷപ്രഘോഷണത്തിനുള്ള ആധികാരികത നല്കുന്നത്.

ഉത്ഥിതനായ ഈശോ പ്രത്യക്ഷപ്പെടുക മാത്രമല്ല, ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിക്കുകയും ചെയ്തു. ഈശോയുടെ ദൗത്യം ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷണമായിരുന്നല്ലോ (മർക്കോ 1,14 –15). അതുതന്നെയാണ് ശ്ലീഹന്മാരുടെയും സഭയുടെയും ദൗത്യം. അതിനുള്ള ഒരുക്കമായിരുന്നു ഈ നാല്പതുദിവസം നടന്നത്. ഈ പ്രബോധനം അരൂപിയിലുള്ള പ്രബോധനമായിട്ടാണ് നാം മനസ്സിലാക്കേണ്ടത്. 'അരൂപിയിലൂടെ കല്പന നല്കി' എന്നാണല്ലോ പറയുന്നത് (1,1). മിശിഹാ ഉത്ഥാനത്തിലൂടെ ജീവദാതാവായ ആത്മാവായിത്തീർന്നു (1 കൊറി 15,45). പരിശുദ്ധാത്മാവ് 'പാറക്ലേത്താ' എന്ന നിലയിൽ മിശിഹായുടെ ആത്മാവാണ്. 'സത്യാത്മാവ്' എന്നാണ് യോഹന്നാൻ പരിശുദ്ധാത്മാവിനെ വിശേഷിപ്പിക്കുന്നത് (യോഹ 14,17). സത്യം മിശിഹായുമാണ് (യോഹ 14,6). അവൻ എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (യോഹ 14,26) എന്ന വാഗ്ദാനം ഈശോ ശിഷ്യർക്കു നല്കിയിട്ടുണ്ട്. ഇപ്രകാരം അരൂപിയിലുള്ള മിശിഹായുടെ പ്രബോധനമായിട്ടാണ് ഈ പ്രബോധനത്തെ നാം മനസ്സിലാക്കേണ്ടത്. പുരോഹിതൻ അരൂപിയാൽ അഭിഷിക്തനായിവേണം തന്റെ സുവിശേഷപ്രഘോഷണദൗത്യം നിർവഹിക്കുവാൻ. അത് ശരിയായവിധം നിർവഹിക്കണമെങ്കിൽ മിശിഹായുടെ അരൂപിയുടെ പ്രബോധനം സ്വീകരിക്കണം. അരൂപിയോടുള്ള തുറവിയോടുകൂടി വിശുദ്ധഗ്രന്ഥത്തിലൂടെയും പാരമ്പര്യത്തിലൂടെയും സഭയുടെ ഔദ്യോഗികപ്രബോധനങ്ങളിലൂടെയും ലഭിക്കുന്ന വചനം പഠിക്കുകയും ധ്യാനിക്കുകയും ചെയ്യണം. അപ്രകാരം അരൂപിയാൽ അഭിഷിക്തനായി, സുവിശേഷപ്രഘോഷണത്തിനായി, പുരോഹിതൻ ഒരുങ്ങണം.

2. പുരോഹിതൻ: മിശിഹായ്ക്കു സാക്ഷ്യംവഹിക്കുന്നവൻ

"*അവൻ പറഞ്ഞു: പിതാവ് സ്വന്തം അധികാരത്താൽ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സമയമോ കാലമോ നിങ്ങൾ അറിയേണ്ട കാര്യമില്ല. എന്നാൽ, പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും*" (1,7–8).

ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട നാല്പതു ദിവസകാലയളവിൽ, അവർ തങ്ങളുടെ ഒരു സംശയം തീർക്കുവാൻ ശ്രമിക്കുന്നു." അങ്ങ് മഹത്ത്വീകരണം പ്രഖ്യാപിച്ചുവല്ലോ. അതിനോടു ചേർന്ന് ഇസ്രായേലിനു ലഭ്യമാകേണ്ട രാജ്യം ഇനി എന്നായിരിക്കും സാക്ഷാത്കൃതമാകുക?" അതിന് ഈശോ കൊടുക്കുന്ന മറുപടി ശ്രദ്ധേയമാണ്: "പിതാവ് തന്റെ സ്വന്ത അധികാരത്തിൽ മാത്രം സൂക്ഷിക്കുന്ന സത്യം ആസ്പദമാക്കിയുള്ളതാണ് നിങ്ങളുടെ ചോദ്യം. അത് അറി

യാൻ ശ്രമിക്കാതെ നിങ്ങൾ ചെയ്യുവാനുള്ളതു ചെയ്യുവിൻ" (1,6–8). ലോകാവസാനത്തെക്കുറിച്ചുള്ള ജിജ്ഞാസ എപ്പോഴും എല്ലാവർക്കും സ്വാഭാവികമായി ഉള്ളതാണ്. ആദിമസഭയിൽ പൊതുവേ മിശിഹായുടെ രണ്ടാം ആഗമനത്തെക്കുറിച്ചുള്ള ആകാംക്ഷ വളരെ ശക്തമായിട്ടുണ്ടായിരുന്നു (മർക്കോ 9,1; ലൂക്കാ 21,23; 1 തെസ 4,15). അത് ദൈവപിതാവിന്റെ രഹസ്യമാണെന്നും അതേപ്പറ്റി ആകുലപ്പെടാതെ സഭയുടെ കാലഘട്ടത്തെപ്പറ്റി ചിന്തിക്കണമെന്നും ഈശോ അവരെ ഓർമ്മിപ്പിക്കുകയാണ്. സഭയുടെ കാലഘട്ടം സാർവത്രികമായ സുവിശേഷപ്രഘോഷണത്തിന്റെ കാലഘട്ടമായിട്ടാണ് ഇവിടെ അവതരിപ്പിക്കുക. "ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (1,8). സഭയുടെ സാർവത്രിക സുവിശേഷപ്രഘോഷണദൗത്യം നടപടിഗ്രന്ഥത്തിൽ പടിപടിയായി യാഥാർത്ഥ്യമാകുന്നതിനെ ഇതു സൂചിപ്പിക്കുന്നുണ്ട്. നടപടിഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത്, ജറുസലേമിലും യൂദയായിലുമാണ് സഭ രൂപം കൊള്ളുന്നതെങ്കിൽ (1,1–5,42), പിന്നീട് സഭ ജറുസലേമിൽനിന്നും അന്ത്യോക്യായിലേക്കും മറ്റു നഗരങ്ങളിലേക്കും വ്യാപിക്കുന്നുണ്ട് (6,1–12,25).

സഭയുടെ കാലഘട്ടം സുവിശേഷപ്രഘോഷണത്തിന്റെ കാലഘട്ടമായിട്ടാണ് ഈശോ ഇവിടെ അവതരിപ്പിക്കുന്നത്. സുവിശേഷപ്രഘോഷണവും സഭയും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. സുവിശേഷപ്രഘോഷണത്തിലൂടെയാണ് സഭ രൂപംകൊള്ളുന്നത്. നടപടിഗ്രന്ഥത്തിൽ ആദിമക്രൈസ്തവസമൂഹം രൂപംകൊള്ളുന്നത് മറ്റു പതിനൊന്നു പേരോടുമൊപ്പമുള്ള പത്രോസിന്റെ സുവിശേഷപ്രഘോഷണത്തിന്റെ ഫലമായിട്ടാണ് (2,14–42). സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യവും സുവിശേഷപ്രഘോഷണമാണ്. സഭയുടെ വളർച്ച സുവിശേഷപ്രഘോഷണത്തിന്റെ വളർച്ചയാണ്: "ദൈവവചനം പ്രചരിക്കുകയും ജറുസലേമിൽ ശിഷ്യരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു" (6,7). സുവിശേഷപ്രഘോഷണത്തിന്റെ നിയതരൂപം മിശിഹായ്ക്ക് സാക്ഷ്യം വഹിക്കലാണെന്നും ഇവിടെ സൂചിപ്പിക്കുന്നുണ്ട്. ഈശോയുടെ പ്രബോധനങ്ങളും കല്പനകളും പഠിക്കുകയും പഠിപ്പിക്കുകയുംമാത്രം ചെയ്താൽ പോരാ. ഈശോതന്നെയാവണം സുവിശേഷപ്രഘോഷണവിഷയം. ഈശോയുടെ ജീവിതം, പ്രവർത്തനങ്ങൾ, പീഡാനുഭവം, മരണം, ഉത്ഥാനം, മഹത്ത്വീകരണം എന്നിവയെല്ലാമാണ് സുവിശേഷപ്രഘോഷണവിഷയം. മറ്റു വാക്കുകളിൽ, ഈശോയുടെ പെസഹാനുഭവത്തിൽ പങ്കുചേർന്നുകൊണ്ടുള്ള ജീവിതം നയിച്ച് ഈശോയ്ക്ക് സാക്ഷ്യം വഹിക്കുന്ന ഒരു സുവിശേഷപ്രഘോഷണമാണ് സഭ നിർവഹിക്കേണ്ടത്. അതുകൊണ്ട് സഭാശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതന്റെയും പ്രഥമദൗത്യം മിശിഹായോടൊപ്പം പെസഹാനുഭവം ജീവിച്ച് മിശിഹായ്ക്കു സാക്ഷ്യം വഹി

ക്കുക എന്നതാണ്.

3. പുരോഹിതൻ: സഭാത്മക പ്രാർത്ഥനയുടെ മനുഷ്യൻ

"അവർ പട്ടണത്തിലെത്തി, തങ്ങൾ താമസിച്ചിരുന്ന വീടിന്റെ മുകളിലത്തെ നിലയിലുള്ള മുറിയിൽ ചെന്നു. അവർ, പത്രോസ്, യോഹന്നാൻ, യാക്കോബ്, അന്ത്രയോസ്, പീലിപ്പോസ്, തോമസ്, ബർത്തലോമിയോ, മത്തായി, ഹൽപൈയുടെ പുത്രനായ യാക്കോബ്, തീവ്രവാദിയായ ശിമയോൻ, യാക്കോബിന്റെ പുത്രനായ യൂദാസ് എന്നിവരായിരുന്നു. ഇവർ ഏകമനസ്സോടെ ഈശോയുടെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു" (1,13-14).

ജറുസലേമിനു കിഴക്ക് സാബത്തിൽ ഒരു യഹൂദന് യാത്ര ചെയ്യുവാൻ അനുവാദമുണ്ടായിരുന്ന ദൂരത്തിൽ സ്ഥിതി ചെയ്തിരുന്ന ഒരു ചെറിയ കുന്നാണ് ഒലിവുമല. അവിടെനിന്നുമായിരുന്നു ഈശോ സ്വർഗ്ഗാരോഹണം ചെയ്തത്. പെസഹാഭക്ഷണം കഴിഞ്ഞ് സ്തോത്ര ഗാനങ്ങൾ പാടിയശേഷം ഈശോ ശിഷ്യരുമായി പോയതും അവിടേയ്ക്കാണ്. സ്വർഗ്ഗാരോഹണശേഷം ശിഷ്യന്മാരും കൂടെയുള്ളവരും ജറുസലേമിലേക്കു നടന്നു. അവിടെ അവർക്ക് ഒരുമിച്ചുകൂടുവാൻ ഒരു ഭവനമുണ്ടായിരുന്നു. അവർ അവിടെ എത്തി. അതിന്റെ രണ്ടാം നിലയിൽ സജ്ജീകൃതമായിരുന്ന ശാലയിൽ പ്രവേശിച്ചു. അവിടെവച്ചായിരുന്നു ഈശോ ശിഷ്യന്മാരോടൊന്നിച്ച് പെസഹാ ഭക്ഷിച്ചതും പരിശുദ്ധ കുർബാന സ്ഥാപിച്ചതും (മത്താ 26,17-19). അത് ആദ്യ സഭയുടെ സമ്മേളനസ്ഥലവും ആരാധനാകേന്ദ്രവുമായിത്തീർന്നു. ദുഃഖവെള്ളിയാഴ്ച ശിഷ്യന്മാരെ താല്ക്കാലികമായി നിരാശയിലാഴ്ത്തിയെങ്കിലും, ഉയിർത്തെഴുന്നേല്പിനെക്കുറിച്ചുള്ള ബോദ്ധ്യം അവർക്കു ധൈര്യം പകർന്നു. അവരെ അത് ഒരുമിച്ചുകൂട്ടി. അവർ കൂടി വന്നത് ഈശോയോടൊന്നിച്ച് അത്താഴം കഴിച്ച അതേ സ്ഥലത്തുതന്നെയായിരുന്നു. മർക്കോസിന്റെ അമ്മയുടെ ഭവനവും അതിന്റെ മാളികയും ആദിമസഭാസമ്മേളനവേദിയായിരുന്നു (ശ്ലീഹ 12, 12.25). യൂദാസ് സ്കറിയോത്ത ഒഴികെയുള്ള പതിനൊന്നു ശ്ലീഹന്മാരും ഈശോയുടെ അമ്മയായ മറിയമുൾപ്പെടെ ശിഷ്യകളായ സ്ത്രീകളും ശിഷ്യന്മാരായ പുരുഷന്മാരുംചേർന്ന് നൂറ്റിയിരുപതോളം പേർ സഭാസമൂഹമായി സെനക്കിളിൽ ഒരുമിച്ചുകൂടി.

ആദിമസഭാസമൂഹം മുഴുവൻ ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴുകിയിരുന്നു എന്നാണ് ഇവിടെ എടുത്തുപറയുന്നത് (1,14). പരിശുദ്ധാത്മാവിനാൽ സ്നാനമേല്ക്കുമെന്നും (1,5) ഉന്നതത്തിൽനിന്നും ശക്തി ധരിക്കുമെന്നും (ലൂക്കാ 24,49) ഉള്ള ഈശോയുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ടായിരിക്കണം അവർ സെനക്കിളിൽ വന്ന് പ്രാർത്ഥനയിൽ മുഴുകിയിരുന്നത്. അരൂപിയോടുള്ള തുറവിയാണ് പ്രാർത്ഥനയുടെ അടിസ്ഥാനപരമായ വ്യവസ്ഥ. റോമാക്കാർക്കെഴുതിയ ലേഖനത്തിൽ വി. പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നു: "നമ്മുടെ ബല

ഹീനതയിൽ ആത്മാവു നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ, അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു" (റോമാ 8,26). അതുകൊണ്ട് നന്നായി പ്രാർത്ഥിക്കുവാൻ പരിശുദ്ധാരൂപിയോടു തുറവിവേണം. അതു പോലെ സഭാസമൂഹം ഏകമനസ്സോടെ ഒന്നുചേർന്നാണ് പ്രാർത്ഥന യിൽ മുഴുകിയിരുന്നത്. തന്റെ നാമത്തിൽ പ്രാർത്ഥിക്കണമെന്ന് ഈശോ ശിഷ്യരെ ഉത്ബോധിപ്പിക്കുന്നുണ്ട് (യോഹ 14,13; 16,23-24). 'ഈശോയുടെ നാമത്തിൽ' എന്നു പറഞ്ഞാൽ 'ഈശോയുമായുള്ള ഐക്യത്തിൽ' എന്നാണർത്ഥം. ക്രിസ്തീയമായ പ്രാർത്ഥന അവശ്യം സഭാത്മകമാണ്. കാരണം, സഭയാണ് മിശിഹായുടെ ശരീരം. അതു കൊണ്ട് പുരോഹിതൻ സഭാത്മകമായി പ്രാർത്ഥിക്കുന്നവനും, അപ്ര കാരം പ്രാർത്ഥിക്കുവാൻ സഭാംഗങ്ങളെ പരിശീലിപ്പിക്കുന്നവനുമായി രിക്കണം.

4. പുരോഹിതൻ: വിളിയോടു വിശ്വസ്തത പുലർത്തുന്നവൻ

"*സഹോദരരേ, ഈശോയെ പിടിക്കാൻ വന്നവർക്കു നേതൃത്വം നല്കിയ യൂദാസിനെക്കുറിച്ചു ദാവീദുവഴി പരിശുദ്ധാത്മാവ് അരുളി ച്ചെയ്ത വചനം പൂർത്തിയാകേണ്ടിയിരുന്നു. അവൻ നമ്മിലൊരുവ നായി എണ്ണപ്പെടുകയും ഈ ശുശ്രൂഷയിൽ അവനു ഭാഗഭാഗിത്വം ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ, അവൻ തന്റെ ദുഷ്കർമ്മ ത്തിന്റെ പ്രതിഫലംകൊണ്ട് ഒരു പറമ്പു വാങ്ങി. അവൻ തലകുത്തി വീണു; ഉദരം പിളർന്ന് അവന്റെ കുടലെല്ലാം പുറത്തുചാടി*" (1,16-18).

പത്രോസ് എഴുന്നേറ്റുനിന്ന് സഭാസമൂഹത്തോടു സംസാരിച്ചു. ശ്ലീഹ ന്മാരുടെയിടയിലും സഭാസമൂഹത്തിലും പത്രോസ്ശ്ലീഹായ്ക്കുള്ള നേതൃസ്ഥാനമാണ് ഇത് പ്രകാശിപ്പിക്കുന്നത്. പത്രോസിന്റെ പ്രസംഗ വിഷയം യൂദാസ് സ്കറിയോത്തായുടെ തിരഞ്ഞെടുപ്പും വീഴ്ചയുമാ ണ്. "ഈശോയെ പിടിക്കാൻ വന്നവർക്കു നേതൃത്വം നല്കിയ യൂദാസ്" എന്നാണ് പത്രോസ് യൂദാസിനെ വിശേഷിപ്പിക്കുന്നത്. സുവിശേഷങ്ങളെല്ലാം ഒറ്റിക്കൊടുക്കൽ രംഗം രേഖപ്പെടുത്തുന്നുണ്ട് (മർക്കോ 14,43-46; ലൂക്കാ 23,47-53; മത്താ 26,47-56). യൂദാസിന്റെ ശ്ലൈഹികവിളിയുടെ ശ്രേഷ്ഠതയും, അത് നഷ്ടപ്പെടാനിടയായ സംഭവവും ആദിമസഭയിൽ ശ്രദ്ധിക്കപ്പെട്ട വസ്തുതകളായിരുന്നു വെന്ന് ഇതു സൂചിപ്പിക്കുന്നു. 'പന്ത്രണ്ടു ശ്ലീഹന്മാരിലൊരുവനായി എണ്ണപ്പെടുക', 'ശ്ലൈഹികശുശ്രൂഷയിൽ ഭാഗഭാഗിത്വം ലഭിക്കുക' എന്നത് ഏറ്റം ശ്രേഷ്ഠമായ ദൈവവിളിയാണ്. ഈ വിളിയാണ് യൂദാസ് സ്കറിയോത്തായ്ക്ക് ലഭിച്ചത്. ശുശ്രൂഷാപൗരോഹിത്യം ശ്ലൈഹികശുശ്രൂഷയിലേക്കുള്ള വിളിയും ശ്ലൈഹികശുശ്രൂഷയി ലുള്ള ഭാഗഭാഗിത്വവുമാണ്. പൗരോഹിത്യത്തിലേക്കുള്ള നമ്മുടെ ദൈവവിളിയുടെ ശ്രേഷ്ഠതയും, ആ വിളിയോട് വിശ്വസ്തത

പുലർത്തേണ്ടതിന്റെ ആവശ്യകതയും ഇത് നമ്മെ അനുസ്മരിപ്പിക്കുന്നു.

യൂദാസ് സ്കറിയോത്തായുടെ വീഴ്ചയെ വിശദീകരിക്കുമ്പോൾ അതിന് അടിസ്ഥാനമായി പറയുന്നത്, "ദാവീദുവഴി പരിശുദ്ധാത്മാവ് അരുളിച്ചെയ്ത വചനം പൂർത്തിയാകേണ്ടിയിരുന്നു" എന്നാണ് (1,16). ദൈവത്തിന്റെ പദ്ധതി ഈശോയുടെ പീഡാനുഭവത്തെയും മരണത്തെയും ഉത്ഥാനത്തെയും പൊതുവായി ഉദ്ദേശിച്ചിട്ടുള്ളതാണ്. യൂദാസിന്റെ വീഴ്ച അതിന്റെ ഭാഗമായി സംഭവിച്ചതാണ്. അതുകൊണ്ട് യൂദാസിന്റെ ഒറ്റിക്കൊടുക്കൽ കുറ്റകരമല്ലായിരുന്നെന്നോ, യൂദാസിന് അതിൽ ഉത്തരവാദിത്വമില്ലായിരുന്നെന്നോ അർത്ഥമാക്കേണ്ടതില്ല. യൂദാസിന്റെ വീഴ്ച ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ ഭാഗമായിരുന്നു എന്നു മാത്രമാണ് അതു സൂചിപ്പിക്കുന്നത്. യൂദാസിന്റെ വീഴ്ചയ്ക്കു കാരണമായത് അയാളുടെ ഉത്തരവാദിത്വമില്ലായ്മതന്നെയാണ്. ഇത് ഈശോതന്നെ സൂചിപ്പിച്ചിട്ടുണ്ട്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തെത്തുടർന്ന് ശിഷ്യന്മാർ പിറുപിറുത്തപ്പോൾ ഈശോ പറഞ്ഞു: "എന്നാൽ, വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യം മുതലേ അവൻ അറിഞ്ഞിരുന്നു" (യോഹ 6,64). യൂദാസ് തന്റെ വിളിയുടെ പിന്നിലുള്ള ദൈവത്തിന്റെ സ്നേഹത്തിലും തിരഞ്ഞെടുപ്പിലും വിശ്വസിക്കാതെ കൂടെനടന്നയാളാണ്. പിന്നീട് "നിങ്ങളിലൊരുവൻ പിശാചാണ്" എന്നുവരെ ഈശോ യൂദാസിനെപ്പറ്റി പറയുകയുണ്ടായി (യോഹ 6,70-71). തൈലാഭിഷേകസന്ദർഭത്തിൽ യൂദാസ് പണക്കൊതിയനും കള്ളനുമായിരുന്നെന്ന് യോഹന്നാൻ പറയുന്നുണ്ട് (യോഹ 12,6). യൂദാസിനെപ്പോലെ ഉത്തരവാദിത്വബോധമില്ലാത്തവനായി മാറാതെ, തന്റെ വിളിയുടെ ശ്രേഷ്ഠത മനസ്സിലാക്കി, അതിന്റെ പിന്നിലുള്ള ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിച്ച് അതിന് പ്രത്യുത്തരിച്ചുകൊണ്ട് ജീവിക്കുവാൻ പുരോഹിതനു കഴിയണം.

5. പുരോഹിതൻ: മിശിഹാനുഭവമുള്ളവൻ

"*അതിനാൽ, കർത്താവായ ഈശോയുടെ പുനരുത്ഥാനത്തിന് ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം. യോഹന്നാന്റെ സ്നാനം മുതൽ നമ്മിൽനിന്ന് ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ട നാൾവരെ, ഈശോ നമ്മോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും, നമ്മുടെ കൂടെയുണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അവൻ*" (1,21-22).

യൂദാസ് സ്കറിയോത്തായുടെ സ്ഥാനത്ത് മറ്റൊരാളെ ശ്ലീഹന്മാരുടെ ഗണത്തിലേയ്ക്ക് എടുക്കുവാനുള്ള തീരുമാനമുണ്ടായതും ദൈവവചനപൂർത്തീകരണത്തിന്റെ ഭാഗമായിട്ടാണ്: "അവന്റെ ഭവനം ശൂന്യമായിത്തീരട്ടെ. ആരും അതിൽ വസിക്കാതിരിക്കട്ടെ എന്നും അവന്റെ ശുശ്രൂഷയുടെ സ്ഥാനം മറ്റൊരുവൻ ഏറ്റെടുക്കട്ടെ എന്നും സങ്കീർത്ത

നപ്പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു" (1,20). സങ്കീർത്തനം 69,25 ഉം 109, 8 ഉം ആണ് ഇവിടെ പത്രോസ്ശ്ലീഹാ ഉദ്ധരിക്കുന്നത്. പഴയനിയമസങ്കീർത്തനങ്ങളിൽ നേരിട്ടു പരാമർശിക്കുന്നത് ഇക്കാര്യമല്ലെങ്കിലും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് പഴയനിയമത്തെ ഇപ്രകാരം വ്യാഖ്യാനിക്കുവാനുള്ള അധികാരം സഭയ്ക്കുണ്ട്. വി. പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നു: "മുമ്പ് എഴുതപ്പെട്ടവയെല്ലാം നമ്മുടെ പ്രബോധനത്തിനുവേണ്ടിയാണ് - സ്ഥൈര്യത്താലും വിശുദ്ധ ലിഖിതങ്ങളിൽനിന്നു ലഭിക്കുന്ന സമാശ്വാസത്താലും നമുക്കു പ്രത്യാശയുളവാക്കുവാൻവേണ്ടി" (റോമാ 15,4). പഴയനിയമം വായിക്കുമ്പോൾ മനസ്സിൽ കിടക്കുന്ന മൂടുപടം കർത്താവിലേക്കു തിരിയുമ്പോൾ നീക്കപ്പെടുന്നുവെന്നും ശ്ലീഹാ പറയുന്നുണ്ട് (2 കൊറി 3,13-16). അതുകൊണ്ട് ഈ പഴയനിയമസങ്കീർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, യൂദാസ് സ്കറിയോത്താ നഷ്ടപ്പെടുത്തിയ ശ്ലൈഹികസ്ഥാനം മറ്റൊരാൾ ഏറ്റെടുക്കണമെന്ന്, പത്രോസ്ശ്ലീഹാ തീരുമാനിക്കുകയാണ്.

ശ്ലീഹന്മാരുടെ ഗണത്തിൽ എണ്ണപ്പെടുവാനുള്ള വ്യക്തിയുടെ സവിശേഷത എന്തായിരിക്കണമെന്ന് പത്രോസ്ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്. ഈശോയുടെ പരസ്യജീവിത പ്രവേശനംമുതൽ സ്വർഗ്ഗാരോഹണംവരെ ശ്ലീഹന്മാരോടൊപ്പം ഉണ്ടായിരുന്ന ഒരുവനായിരിക്കണം അയാൾ (1,22). ശ്ലീഹന്മാരുടെ മിശിഹാനുഭവമാണ് അവർക്ക് മിശിഹായുടെ സാക്ഷികളാകുവാനുള്ള ആധികാരികത നല്കുന്നത്. യോഹന്നാൻശ്ലീഹാ തന്റെ ഒന്നാം ലേഖനത്തിൽ ആമുഖമായി പറയുന്ന വാക്കുകൾ ഇതു സൂചിപ്പിക്കുന്നതാണ്. ശ്ലൈഹികകൂട്ടായ്മയിലുള്ള തന്റെ മിശിഹാനുഭവത്തിൽ അധിഷ്ഠിതമായിട്ടാണ് താൻ ഈ ലേഖനം എഴുതുന്നതെന്ന് യോഹന്നാൻ വ്യക്തമാക്കുന്നു (1 യോഹ 1,1-3). തിരഞ്ഞെടുപ്പ് ദൈവത്തിന്റേതാണെന്ന് അവരുടെ പ്രാർത്ഥന വ്യക്തമാക്കുന്നുണ്ട്: "ശ്ലൈഹികസ്ഥാനവും ശുശ്രൂഷാപദവിയും സ്വീകരിക്കുവാൻ ഈ ഇരുവരിൽ ആരെയാണ് അങ്ങ് തിരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കണമേ" (1,25). ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുപ്പാൽ പുരോഹിതശുശ്രൂഷയിലേക്ക് എടുക്കപ്പെട്ട പുരോഹിതന് ആ ശുശ്രൂഷ അർഹമായവിധം നിർവഹിക്കാൻ കഴിയണമെങ്കിൽ സഭാകൂട്ടായ്മയിൽ മിശിഹായോടൊപ്പം ജീവിച്ച് മിശിഹാനുഭവത്തിൽ വളരേണ്ടിയിരിക്കുന്നു.

ജീവിതസൂചിക

1. അരൂപിയോടുള്ള തുറവിയിൽ തിരുവചനം പഠിച്ചും ധ്യാനിച്ചും പരിശുദ്ധാത്മാഭിഷേകത്തോടെയാണോ ഞാൻ സഭാശുശ്രൂഷ നിർവഹിക്കുന്നത്?
2. മിശിഹായോടൊപ്പം പെസഹാനുഭവം ജീവിച്ച് മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന ഒരു ജീവിതമാണോ ഞാൻ നയിക്കുന്നത്?

3. സഭയുടെ പ്രാർത്ഥനയിൽ പരിശീലിപ്പിക്കപ്പെടുന്ന ഒരു പ്രാർത്ഥനാജീവിതമാണോ ഞൻ നയിക്കുന്നത്?
4. പൗരോഹിത്യത്തിലേക്കുള്ള ദൈവവിളിയോട് വിശ്വസ്തത പുലർത്തുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
5. സഭാകൂട്ടായ്മയിൽ മിശിഹായോടൊപ്പം ജീവിച്ച് മിശിഹാനുഭവത്തിൽ വളരാൻ എനിക്കു കഴിയുന്നുണ്ടോ?

കുടുംബകൂട്ടായ്മകൾക്കുള്ള പഠനവിഷയം

ബൈബിൾ വായന 1 കൊറി. 7:10-16

വിവാഹത്തിൽ ദമ്പതികളുടെ സ്നേഹം പ്രധാനമാണ്. ഈ സ്നേഹം ശാരീരിക ആകർഷണത്തിലോ, മറ്റ് പല ഇഷ്ടത്തിലോ ആണെങ്കിൽ ദാമ്പത്യ സ്നേഹം അധികം നീണ്ടുനിൽക്കില്ല. അതിനാൽ വിവാഹത്തിലെ ആദ്യവർഷത്തിൽതന്നെ ഈ ദാമ്പത്യ സ്നേഹം അടിയുറച്ച് വളരണം. അതിനുവേണ്ടി ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന കർമ്മപദ്ധതിക്ക് ദമ്പതികൾ തയ്യാറാകണം. അതിന് പരസ്പര ക്ഷമയോടും ധാരണയോടും സഹിഷ്ണതയോടും ഔദാര്യത്തോടും കൂടി ജീവിതപങ്കാളിയുടെ കുറവുകളെ അംഗീകരിച്ച് വിമർശന മനോഭാവം കൈവെടിഞ്ഞ് ജീവിക്കണം. വിവാഹം എന്നത് ദാമ്പത്യജീവിതത്തിന്റെ ഒരു തുടക്കം മാത്രമാണ്. ലക്ഷ്യത്തിലേക്കുള്ള വഴിയിലെ എല്ലാ തടസ്സങ്ങളേയും മറികടന്ന് നടത്തേണ്ടതായ ഒരു യാത്ര. വീട്ടിൽ തീരുമാനങ്ങൾ ഏക പക്ഷീയമായി എടുത്തുകൂടാ. എന്തെന്നാൽ ഓരോ പങ്കാളിയും കുടുംബത്തിനുവേണ്ടിയുള്ള ഉത്തരവാദിത്വം പങ്കുവയ്ക്കുന്നു. വിവാഹതകർച്ചയുടെ ഒരു കാരണം ദാമ്പത്യ ജീവിതത്തെക്കുറിച്ച് അനർഹമാവിധം ഉയർന്ന പ്രതീക്ഷകളാണ്. ഓരോ വിവാഹവും ഒരുവിധത്തിൽ ഓരോ "രക്ഷാകര ചരിത്ര"മാണ്. ലോലമായ തുടക്കങ്ങളിൽനിന്ന് ദൈവത്തിന്റെ ദാനവും - നമ്മുടെ ഭാഗത്തുനിന്ന് സൃഷ്ടിപരവും ഉദാരവുമായ പ്രത്യുത്തരം കൊണ്ട് വിലമതിക്കാനാവാത്ത ഒന്നിലേക്ക് വളരുന്ന രക്ഷാകരചരിത്രം. നല്ല ഒരു പുരുഷനും, നല്ല ഒരു സ്ത്രീയും ആകുവാൻ പരസ്പരം സഹായിക്കുകയെന്ന മഹത്തായ ദൗത്യമാണ്.

കുടുംബങ്ങൾക്ക് അനുഭവസ്ഥരായ ദമ്പതികളുടെ അനുഭവങ്ങൾ പങ്കുവച്ചുകൊടുക്കണം. അതിനുള്ള വേദിയാണ് ഇടവകയും ഇടവകയിലെ സംഘടനകളും. കുടുംബ ആദ്ധ്യാത്മികത, പ്രാർത്ഥന, ഞായറാഴ്ച ദിവ്യബലിയിലെ പങ്കാളിത്തം എന്നിവയ്ക്ക് ഊന്നൽ നൽകണം. യുവദമ്പതികളുടെ വൈവാഹിക ജീവിതത്തിന്റെ

വളർച്ചയ്ക്ക് വലിയ ഉത്തേജനമാണ് അനുഭവസ്ഥരായ ദമ്പതികളുടെ പങ്കുവയ്ക്കൽ. അതിന് വിവാഹിതരുടെ സംഘടനകൾ വഴി ഒരുക്കണം.

ദമ്പതികൾ വിശ്വാസത്തിൽ വളരുന്നതിന് ഇടയന്മാർ പ്രോത്സാഹിപ്പിക്കണം. അതിനുവേണ്ടി ഇടയ്ക്കിടയ്ക്ക് കുമ്പസാരം, ആദ്ധ്യാത്മിക മാർഗ്ഗദർശനം, ധ്യാനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് ഇടയന്മാർ ശ്രദ്ധിക്കണം.

"ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിലനിൽക്കുന്നു". അതിനാൽ കുടുംബങ്ങളിൽ കുടുംബപ്രാർത്ഥനയ്ക്ക് മുഖ്യസ്ഥാനം നൽകണം. കുടുംബത്തിന്റെ ജീവിതത്തിനും ആദ്ധ്യാത്മികതയ്ക്കുമുള്ള ഉറവിടം ദൈവവചനമാണ്. ദൈവവചനം ഒരു വ്യക്തിയുടെ സ്വകാര്യജീവിതത്തിലെ സദ്വാർത്തമാത്രമല്ല, മറിച്ച് ദമ്പതികളും കുടുംബങ്ങളും അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ വിവേചിച്ചറിയുന്നതിന് വിധിതീർപ്പിന്റെ ഒരു മാനദണ്ഡവും പ്രകാശവും കൂടിയാണ്.

കുടുംബങ്ങൾക്കുവേണ്ടിയുള്ള അജപാലന കരുതൽ അടിസ്ഥാനപരമായ പ്രേഷിത സ്വഭാവമുള്ളതാകണം. ജനങ്ങൾ ആയിരിക്കുന്നിടത്തേക്ക് ചെല്ലുവാൻ സാധിക്കണം.

ഫാ. ജോർജ്ജ് ചെറുവത്തൂർ, ഡയറക്ടർ

സെമിനാരി വിശേഷം

- 16-01-18 : ഒന്നരവർഷക്കാലം സെമിനാരി കുടുംബത്തിനും രൂപതയിലും സുത്യർഹമായി സേവനം അനുഷ്ഠിച്ച ഞങ്ങളുടെ പ്രൊക്യുറേറ്ററും പ്രിസെക്ടുമായിരുന്ന ലിന്റോ അച്ചന് യാത്രയയപ്പ് നല്കി. തുടർന്ന് 18.01.18 : അച്ചൻ പുതുതായി ചാർജ്ജെടുക്കുന്ന ഇരിങ്ങാലക്കുട രൂപതയിലെ അരൂർമുഴി ഇടവക ദൈവാലയത്തിൽ കൊണ്ടുചെന്നാക്കുകയും ചെയ്തു.
- 19-01.18 : ഞങ്ങളുടെ പുതിയ പ്രൊക്യുറേറ്ററും പ്രിസെക്ടുമായി ഫാ. റിജോ ആലപ്പാട്ട് സെമിനാരിയിൽ ചാർജ്ജെടുത്തു.
- 20-01-18 : സെമിനാരി കുടുംബത്തിന്റെ നായകനായ ഞങ്ങളുടെ പ്രിയ ജോയ് അച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.
- 25-01-18 : എല്ലാവരും എരുത്തിയാമ്പതി ദൈവാലയത്തിലെ തിരുനാളിൽ പങ്കെടുക്കുവാൻ പോയി.
- 26-01-18 ഇന്ത്യൻ റിപ്പബ്ളിക്ക് ദിനം സെമിനാരിയിൽ ആഘോഷിച്ചു.

- 01-02-18 എൽ.എസ്.എം.എസ്. സഭാ സമൂഹത്തിന്റെ ഇന്ത്യൻ ഡെലഗേറ്റ് സി. ജിജി തെരേസ സെമിനാരി സന്ദർശിച്ചു.
- 10-02-18 ഈ വർഷം ഫിലോസഫിക്കുപോകുന്ന ഞങ്ങളുടെ സഹോദരങ്ങൾക്ക് മേജർ സെമിനാരിയിലേക്കുള്ള പ്രവേശന പരീക്ഷ നടത്തി.

ഫാ. ജോയ് ചിറ്റിലപ്പിള്ളി, റെക്ടർ

മദർ തെരേസ പീസ് ഹോം

മദർ തെരേസ പീസ് ഹോമിൽ നിന്നും ആശംസകൾ

ജനുവരി 30 നും, ഫെബ്രുവരി 13 നും കോർകമ്മിറ്റി മീറ്റിംഗ് ബഹു. പോൾ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പീസ്ഹോമിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഭാവികാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

യാത്രയയപ്പ്

ഫാ. ജയ്സൺ പുലിക്കോട്ടിൽ

മദർതെരേസ പീസ് ഹോം എന്ന സ്വപ്നസാക്ഷാത്ക്കാരത്തിന് തുടക്കംകുറിച്ചവനും നാളിതുവരെയുള്ള പീസ് ഹോമിന്റെ അമരക്കാരനും ആയിരുന്ന ഫാ. ജയ്സൺ പുലിക്കോട്ടിൽ തൃശ്ശൂർ അതിരൂപതയിലേക്ക് തിരിച്ചുപോയി. രാവും പകലും ഇതിനുവേണ്ടി അദ്ധ്വാനിക്കുകയും ഊണിലും ഉറക്കത്തിലും പീസ് ഹോമിനെ സ്വപ്നം കാണുകയും ചെയ്ത അച്ചന്റെ കഠിന പ്രയത്നത്തിനും പ്രതിബദ്ധതയ്ക്കും ജനുവരി 30ന് കൂടിയ കോർ കമ്മിറ്റി മീറ്റിങ്ങിൽ പിതാവ് പ്രത്യേകം നന്ദിപറയുകയും എല്ലാവിധ അനുഗ്രഹാശംസകളും നേരുകയും ചെയ്തു.

ഫാ. ജാജു എളംങ്കുന്നപ്പുഴ

പീസ് ഹോമിനെ സ്വന്തമെന്നുകരുതി അതിന്റെ എല്ലാ ആവശ്യങ്ങൾക്കും ഓടിവരികയും രണ്ട് വർഷം പീസ് ഹോമിന്റെ കോർ കമ്മിറ്റി അംഗമെന്നനിലയിൽ പീസ് ഹോമിന്റെ വളർച്ചയ്ക്കുവേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്ത ഫാ. ജാജു എളംങ്കുന്നപ്പുഴയ്ക്കും പിതാവ് നന്ദിപറയുകയും ആശംസകൾ നേരുകയും ചെയ്തു.

ഫാ. നിന്റോ കണ്ണമ്പുഴ

പീസ് ഹോമിന്റെ അസി. ഡയറക്ടറായി വളരെ ചുരുങ്ങിയകാലം മാത്രമേ സേവനം ചെയ്തുള്ളുവെങ്കിലും ഒത്തിരി സ്നേഹത്തോടെ എല്ലാ ശുശ്രൂഷകളിലും പങ്കുകൊണ്ട ഫാ. നിന്റോ കണ്ണമ്പുഴയ്ക്കും പിതാവ് നന്ദിപറയുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

ഈ മൂന്നുപേർക്കും പീസ് ഹോം മക്കളുടെ അകമഴിഞ്ഞ സ്നേഹവും നന്ദിയും പ്രാർത്ഥനകളും നേരുന്നു.

സ്വീകരണം

മദർ തെരേസ പീസ്ഹോമിന്റെ പുതിയ ഡയറക്ടറായി ഫാ. വിൻസെന്റ് കറുകപറമ്പിൽ, O'Praem- ഉം അസി. ഡയറക്ടറായി ഫാ. ജെറിൻ എളംങ്കുന്നപ്പുഴയും 07.02.2018 ൽ ചാർജ്ജെടുത്തു. കോർക മ്മിറ്റി അംഗങ്ങളോടൊപ്പം പീസ് ഹോം മക്കളും സിസ്റ്റേഴ്സും അവരെ വളരെ ഹൃദ്യമായി സ്വാഗതം ചെയ്തു. തിരുപ്പൂർ വികാരിയായി ചാർജ്ജെടുത്ത ഫാ. പോൾ പുലിക്കോട്ടിലിനേയും അവരോടൊപ്പം സ്വാഗതം ചെയ്തു.

രണ്ടാംവാർഷികം

ഫെബ്രുവരി 2ന് പീസ് ഹോമിന്റെ രണ്ടാം വാർഷികം വളരെ ലളിത മായി ആഘോഷിച്ചു. നാളിതുവരെ പീസ്ഹോമിനെ സഹായിച്ചവ രേയും പീസ് ഹോമിനെ നയിച്ചവരേയും പ്രത്യേകമായി അഭിവന്ദ്യ പോൾ പിതാവിനേയും ബഹു. ജെയ്സനച്ചനേയും ദിവ്യബലി മദ്ധ്യേ പ്രത്യേകം ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

പൊതുവാർത്തകൾ

ശാരീരികാസ്വസ്ഥതമൂലം ദുർഗ്ഗ എന്ന കുഞ്ഞിനെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും സുഖംപ്രാപിക്കുകയും ചെയ്തു. ജനുവരി 26ന് പീസ്ഹോമിന്റെ മതിലിനോടുചേർന്നുള്ള കോളനിയിലെ യുവാക്കൾ പീസ്ഹോം സന്ദർശിക്കുകയും മധുരം പങ്കിടുകയും ചെയ്തത് വേറി ട്ടൊരു അനുഭവമായി.

ഓർമ്മിക്കാൻ

നിങ്ങളുടെ പ്രാർത്ഥനയിലും വിവാഹം, ജൂബിലി, ജന്മദിനം, കുർബാന സ്വീകരണം തുടങ്ങിയ നിങ്ങളുടെ ആഘോഷങ്ങളിലും ഞങ്ങളേയും ഉൾപ്പെടുത്താൻ ശ്രമിക്കുമല്ലോ.

അറിഞ്ഞിരിക്കാൻ

പീസ് ഹോമിലേക്ക് സാധനങ്ങൾ തന്ന് സഹായിക്കാൻ ആഗ്രഹിക്കു ന്നവർ പീസ് ഹോമിന്റെ ആവശ്യം എന്തെന്ന് അറിഞ്ഞ് സാധനങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുമല്ലോ. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 8220822936

സന്ദർശിച്ച പ്രധാന വ്യക്തികൾ

1. Staff & Students of St. Mary's Matric. Hr. Sec. School, Annur
2. Fr. Prince Poovathingal, Fr. Prinson Kanjirathingal, Fr. Biju Alappatt - Thrissur
3. Pithruvedi - Viswasapuram
4. Parishoners of Little Flower church - Anandapuram
5. Parishoners of St. Luke church - Valparai

ജനുവരി മാസത്തിലെ സഹായ ഹസ്തങ്ങൾ

1.	A well wisher	-	14,500
2.	Mr. Ouseph Arakkaparambil, Thrissur	-	10,000
3.	Master Kanishk, Coimbatore	-	5,000

4.	Mr. Manuel Joseph, Coimbatore	-	12,600
5.	Christhu Jyothi Matric. Hr. Sec. School	-	10,000
6.	Mr. Lonappan, Coimbatore	-	5,000
7.	Mr. Raju Augustin, Coimbatore	-	1,000
8.	Mr. Benny John Pullokkaran, Tirupur	-	3,500
9.	Mr. Roy Thrissukkaran, Erode	-	6,000
10.	Mr. Milton John, Thekkekara, Tirupur	-	10,500
11.	Mr. Joshy, Bangalore	-	2,000
12.	Mr. Shaju, Bangalore	-	1,000
13.	Mrs. Sheeja, Bangalore	-	1,000
14.	St. Mary's Matric. Hr. Sec. School Annur	-	40,000
15.	Mr. Stephen, Palladam	-	1,283
16.	Mr. Joseph, Velampalayam	-	2,305
17.	Mr. Roy T.J., Erode	-	2,000
18.	Mr. Sivaswami, Tirupur	-	10,000
19.	Mr. Jerry C. Jose, Thrissur	-	10,000
20.	Mr. John Bosco, Annur	-	1,000
21.	G. Andavar Selvam, Tirupur	-	3,306
22.	Pithruvedi, St. Antony's church, Viswasapuram	-	15,000
23.	Mr. Lawrance Vazhappilly, Periyarnagar	-	1,000
24.	Mr. Jose Prakash, Coimbatore	-	3,000
25.	Mrs. Suja Vincent, Tirupur	-	3,500
26.	Mrs. Jilsy Saijan, Chavakkad	-	3,000
27.	Mrs. Sheeba Joy Puthur, Thrissur	-	1,000
28.	Dhanalakshmi Cutting waste supplier, Palladam	-	2,000
29.	Mount Carmal church, Tirupur	-	25,000
30.	Alphonsa Unit, Mount Carmel church	-	1,100
31.	Jude Mathew Academy Namakkal	-	7,000
32.	Joseph Matha Nivas, Tirupur	-	2,280
33.	Mr. Mathew Konthapally	-	6,500
34.	Sherly George, R.S. Puram, Coimbatore	-	7,000
35.	Jolly Johnson, R.S. Puram, Coimbatore	-	2,500
36.	A well wisher, Mumbai	-	4,000
37.	Mr. Shijo Nellissery, Thrissur	-	20,000

Mater Dei ICSE School

The 2nd annual day of the school was celebrated in a grand manner on10-2-2018 at 5 p.m. Dr. Mrs. Jayasree Gopalakrishnan, Principal of Malar Ace school, Tiruppur was the Chief Guest. She delivered a wonderful speech about parents' responsibilities towards children. Mrs. G. Pandiselvi, Principal of Trinity Matric Hr. Sec. school, Mrs. Beula Daniel, former Principal of Sethu Vidhyalaya M.H.S. school, Mr. Robin Baby, parent representative were the other dignitaries who decorated the dais and spoke on the occasion. Sr. Adalaid, former Principal of Alvernia M.H.S. school gave away the prizes. Vote of thanks was presented by children. All children took part in cultural programme which was a feast for their parents and for all who had gathered there. In honour of great martyrs including Gandhiji, the father of Our Nation who sacrificed their lives for the country, we observed 2 minutes silence on Martyrs Day on 30 Jan 2018at 11 a.m. New school building is coming up at Pattanam (L&T by-pass road) and the school is expected to be shifted to the new building from the present location at KPR layout during the next academic year, 2018-2019. Admissions for Pre-KG to Grade III for the next academic year 2018-2019 are going on. Please hurry. Contact No. 9489133403

Fr. Jose Kannumkuzhy — Correspondent

Mrs. Tresa George — Principal

വിശ്വാസപരിശീലനം

Form : Scholarship Students (Std. V, VII, IX, XI) List അടങ്ങിയ form No : 14 submitt ചെയ്യേണ്ട അവസാന തീയതി 19ന് ആണ്. വിശദവിവരങ്ങൾക്ക് Diary Pg. No: 22, 27 ശ്രദ്ധിക്കുക. ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ മാത്രം ചോദ്യപേപ്പർ ഉണ്ടായിരിക്കുന്നതാണ്.

Result : എല്ലാ യൂണിറ്റിലും March 19th Sunday result പ്രസിദ്ധീകരിക്കുന്നു.

സ്കൊളാസ്റ്റിക് എക്സാം : മാർച്ച് 11ന് മതാദ്ധ്യാപകർക്കുള്ള എക്സാം നടത്തപ്പെടുന്നു. എല്ലാ അദ്ധ്യാപകരും നിർബന്ധമായും ഇതിൽ പങ്കെടുക്കണം. എല്ലാവർക്കും വിജയാശംസകൾ നേരുന്നു. സിലബസിൽ തന്നിരിക്കുന്നതിൽ മാർക്ക് ചെയ്ത ചോദ്യങ്ങൾ പരീക്ഷക്ക് നിർബന്ധമായും ഉണ്ടായിരിക്കും. ചോദ്യ പേപ്പർ മലയാളം, മംഗ്ലീഷ് ഭാഷകളിൽ മാത്രം എന്ന് പ്രത്യേകം

ഓർമ്മിപ്പിക്കുന്നു.

സമയം 10.00am മുതൽ 12.30pm വരെയായിരിക്കും.

Re-Exam : Xth, IXth, XII - Class ലെ കുട്ടികൾക്കുള്ള Re-Exam മാർച്ച് 4ന് അതാത് യൂണിറ്റിൽ നടത്തുന്നു. അതിനുള്ള ചോദ്യക്കടലാസ് ഓഫീസിൽ നിന്നും ലഭ്യമാണ്.

മീറ്റിംഗ് : ഏപ്രിൽ 8ന് ഗാന്ധിപുരത്തുവച്ച് 2.15pm മുതൽ 5.30pmവരെ Eparchial Catechetical Executive Committee Meeting ഉണ്ടായിരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ടവർ മീറ്റിംഗിൽ നിർബന്ധമായും പങ്കെടുക്കുമല്ലോ. Pastoral Council Secretary, Commission Secretary എല്ലാ പ്രധാനാദ്ധ്യപകരും സെക്രട്ടറിമാരും നിർബന്ധമായും കൃത്യസമയത്ത് ഈ മീറ്റിംഗിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

റിസോഴ്സ് ടീം സെമിനാർ : മാർച്ച് മാസത്തിലെ സെമിനാർ മാർച്ച് 4ന് ഗാന്ധിപുരത്തുവെച്ച് 2.00pm മുതൽ 5.00pm വരെ ഉണ്ടായിരിക്കുന്നതാണ്.

Santhom Stall : "വിവാഹവാഗ്ദാന ക്രമ"ത്തിന്റെ പുതിയ ക്രമ പുസ്തകം സ്റ്റാളിൽ നിന്നും ലഭ്യമാണ്.

ഫാ. ജോബി തെക്കിനേടത്ത്, ഡയറക്ടർ

സ്വാഗതം : ഫാമിലി അപ്പസ്തോലേറ്റിന് അസി. ഡയറക്ടറായി വന്നിരിക്കുന്ന ബഹു. ഫാ. കുര്യാക്കോസ് കള്ളാട്ടിൽ സി.എം.ഐ.ക്ക് സ്വാഗതം നേരുന്നു.

നന്ദി : ഒരുവർഷക്കാലം ഫാമിലി അപ്പസ്തോലേറ്റിന്റെ അസി. ഡയറക്ടറായി സേവനം അനുഷ്ഠിച്ച് കടന്നുപോയ ആൽവിൻ താന്നിക്കൽ സി.എം.ഐ.ക്ക് ഒത്തിരി നന്ദി.

Newly Wedded Couple Meet - 2018

2017 ൽ വിവാഹിതരായ നവദമ്പതികളെ ആദരിച്ചു. നമ്മുടെ രൂപതയിലെ വിവാഹിതരായ നവദമ്പതികളെ രൂപതയുടെ ആഭിമുഖ്യത്തിൽ ഉക്കടം സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ വെച്ച് 26.01.18ന് ആദരിച്ചു. നമ്മുടെ അഭിവന്ദ്യ പിതാവ് മാർ പോൾ ആലപ്പാട്ട് ദിവ്യബലിയർപ്പിച്ചു.

അതിനുശേഷം നടന്ന പൊതുസമ്മേളനം പിതാവ് ഉദ്ഘാടനം ചെയ്തു. വേദപോദേശ രൂപതാ ഡയറക്ടർ ഫാ. ജോബി തെക്കിനേടത്ത് മുഖ്യപ്രഭാഷണം നടത്തി. നവദമ്പതികൾ എല്ലാവരും തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. എല്ലാവർക്കും സമ്മാനങ്ങൾ

നല്കി. ഡയറക്ടർ ഫാ. ജോർജ്ജ് ചെറുവത്തൂർ സ്വാഗതവും ആനിമേറ്റർ സി. നിർമ്മല സി.എച്ച്.എഫ്. നന്ദിയും പറഞ്ഞു.

22-ാം പ്രീകാന കോഴ്സ് നടത്തി

ജനുവരി 14, 15, 16 തീയതികളിൽ കുനിയമുത്തൂർ നിർമ്മലമാതാ കോൺവെന്റ് സ്കൂളിൽ വെച്ച് 22-ാമത് പ്രീകാന കോഴ്സ് സംഘടിപ്പിച്ചു. വിവാഹപ്രായമായ 19 യുവതീയുവാക്കൾ പങ്കെടുത്തു.

ഫാ. ജോർജ്ജ് ചെറുവത്തൂർ, ഡയറക്ടർ

കുടുംബക്കൂട്ടായ്മ

പോസ്റ്റ്കാനാ കോഴ്സ്

2000-2016 കാലഘട്ടത്തിൽ വിവാഹിതരായ ദമ്പതികൾക്കായി പോസ്റ്റ്കാനാ കോഴ്സ് നടത്തുന്നു.

ഫെബ്രുവരി 25 ഞായറാഴ്ച ഉച്ചക്ക് 2.00 മണിമുതൽ 6.00മണിവരെ കൗണ്ടംപാളയം പള്ളിയിൽ വെച്ച് പെരിയനായ്ക്കംപാളയം, കാരമട, മേട്ടുപ്പാളയം, ചിന്നത്തൊട്ടിപ്പാളയം എന്നീ ഇടവകൾ.

മാർച്ച് 4 ഞായറാഴ്ച രാവിലെ 9.00 മണിമുതൽ 2.00 മണിവരെ ഗാന്ധിപുരം പള്ളിയിൽ വെച്ച് സായിബാബ കോളനി, പൂമാർക്കറ്റ്, വിശ്വാസപുരം, ഇടയാർപാളയം, അത്തിപ്പാളയം, അണ്ണൂർ എന്നീ ഇടവകൾ.

മാർച്ച് 18 ഞായറാഴ്ച രാവിലെ 9.00 മണിമുതൽ 2.00 മണിവരെ രാമനാഥപുരം പള്ളിയിൽ വെച്ച് രാമനാഥപുരം, ഉക്കടം, കുനിയമുത്തൂർ, പോത്തന്നൂർ, സൂളൂർ എന്നീ ഇടവകൾ.

ഈ ദിവസങ്ങളിൽ ഈ പറയുന്ന പള്ളികളിലെ ദമ്പതിമാർ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു. ഈ മീറ്റിംഗിൽ നമ്മുടെ അഭിവന്ദ്യ പിതാവ് പങ്കെടുക്കുന്നതും നമുക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നതുമായിരിക്കും.

ഫാ. ജോർജ്ജ് ചെറുവത്തൂർ, ഡയറക്ടർ

Office Number : 9786137938

സ്വാഗതം

സാന്തോം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അസി. ഡയറക്ടറായി ചാർജ്ജ് എടുത്തിരിക്കുന്ന ബഹു. ജെറിനച്ചന് ഹൃദ്യമായ സ്വാഗതം.

Kidney Function Test (KFT) ഫെബ്രുവരി 2

മറൈയൂർ അടുത്ത് സുറക്കുളം പഞ്ചായത്തിൽ ഗ്രാമീണർക്കായി KFT

പ്രോഗ്രാം നടത്തി. ഇതിൽ 102 വ്യക്തികൾ പങ്കെടുത്തു. കേരള-തമിഴ്നാട് അതിർത്തിയിൽ SSSS ന്റെ പരിപാടിയാണിത്.

ഫെബ്രുവരി 10 : KFT Programme

ഉദുമൽപേട്ട് അടുത്ത് വാഴവാടി ഗ്രാമത്തിൽ നിർദ്ധനരായ വ്യക്തികൾക്കായി KFT Programme നടത്തി. ഇതിൽ നൂറോളം വ്യക്തികൾ പങ്കെടുത്ത്.

ഫെബ്രുവരി 11 : Generla Medical Camp

ഉദുമൽപേട്ടിൽ ഗ്രാമീണർക്കായി ജനറൽ മെഡിക്കൽ ക്യാമ്പ് നടത്തി.

ഫെബ്രുവരി 12 : Cancer Awarness Programme

ഉദുമൽപേട്ടിൽ Cancer Awarness Programme വാഴവാടി ഗ്രാമത്തിൽ നടത്തി. സ്ത്രീകൾ ഇതിൽ പങ്കെടുത്ത് ബോധവത്ക്കരണം നേടി.

ലോൺ മേള : നിർദ്ധനരായ ഗ്രാമീണർക്കായി ചിന്നത്തൊട്ടിപാളയം ഗ്രാമത്തിൽ ലോൺ മേള ആരംഭിച്ചു. 'ല്ലെയ്ട്ട്' കമ്പനികളിൽ നിന്നും ചൂഷകരിൽനിന്നും പാവപ്പെട്ട ജനത്തെ സംരക്ഷിക്കാനായി അയൽക്കൂട്ടങ്ങൾ (SHG) രൂപപ്പെടുത്തി സഹായങ്ങൾ നൽകുന്നുണ്ട്.

- ഭാവിനടപടികൾ സുമുഖമാക്കാൻ സാന്തോം അണ്ണൂർ - തൊട്ടിപാളയം എന്നീ ഗ്രാമങ്ങളിൽ field unit നടത്തിവരുന്നുണ്ട്.

"തുളിർ"

ജലശേഖരണവും മണ്ണിന്റെ വളം വർദ്ധിപ്പിക്കാനുമായി 'തുളിർ' എന്ന പദ്ധതി ഒരുങ്ങുന്നു. കോയമ്പത്തൂർ ഭാഗത്ത് പുളിയകുളം മാതമ്പട്ടി (ഉക്കടം) എന്നീ പ്രദേശങ്ങളിൽ ഉടൻ പ്രവർത്തനങ്ങൾ ആരംഭിക്കും.

തൊഴിൽ അവസരം

കോയമ്പത്തൂരിൽ മാതമ്പട്ടി, പുളിയകുളം എന്നിവടങ്ങളിൽ field visit നടത്താനും സർവ്വേ നടത്താനും 10-ാം ക്ലാസ്സ് വിദ്യാഭ്യാസമുള്ള തമിഴ് എഴുതാനും വായിക്കാനും അറിയുന്നവർ അപേക്ഷിക്കാം. ഫാ. ജിയോ (ഡയറക്ടർ) : 9500951984

ഫാ. ജിയോ കുന്നത്തുപറമ്പിൽ, ഡയറക്ടർ

- രൂപതാ കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ മാർച്ചുമാസത്തിലെ ഏകദിന ധ്യാനം ഗാന്ധിപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ പതിവുപോലെ ഉണ്ടായിരിക്കുന്നതാണ്. മാർച്ച് 3 മാസാദ്യ ശനിയാഴ്ച രാവിലെ 9.00മണിക്ക് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30ന് ധ്യാനം അവസാനിക്കുന്നു. ഈ ദിവസത്തെ ധ്യാന ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്നത് റവ. ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി എം.സി.ബി.എസ്. ഏകദിന ധ്യാനത്തിൽ

പങ്കുചേരാനും സാധിക്കുന്നിടത്തോളം ദൈവമക്കളെ കൂട്ടിക്കൊണ്ടുവരുവാനും എല്ലാവരും പരിശ്രമിക്കുമല്ലൊ.

- മാർച്ചുമാസം ജാഗരണ പ്രാർത്ഥന 9-ാം തീയതി വെള്ളിയാഴ്ച രാത്രി 9.00 മണിക്ക് ആരംഭിച്ച് 10-ാം തീയതി ശനിയാഴ്ച പുലർച്ചെ 2.00 മണിക്ക് അവസാനിക്കുന്നു. അന്നത്തെ ശുശ്രൂഷയ്ക്കായി വരുന്നത് സി. മേരി ക്ലെയർ എഫ്.സി.സി. ആണ്. രാത്രി യാമങ്ങളിൽ കർത്താവിനോടൊപ്പം പ്രാർത്ഥനയിൽ വ്യാപരിച്ച് ദൈവകൃപയ്ക്ക് അർഹരാകാം.
- വലിയ നോമ്പിൽ ഒരുക്കുന്ന ഈ ശുശ്രൂഷകളിൽ പങ്കുചേർന്ന് ജീവിതവിശുദ്ധിയിൽ വളരാനും വിശ്വാസത്തിൽ ആഴപ്പെടാനും നമുക്ക് പരിശ്രമിക്കാം.

ഫാ. ജോസഫ് പുത്തൂർ, ഡയറക്ടർ

പിതൃവേദി

ക്രിസ്തുമസ്സ് ക്രിബ് മത്സരവിജയികൾ

ഇടവക/മിഷൻ സെന്ററുകളിൽ ക്രിസ്തുമസ്സിനോടനുബന്ധിച്ച് ഒരുക്കിയ ക്രിസ്തുമസ്സിന്റെ ഫോട്ടോ അയച്ചുതന്ന എല്ലാ വികാരിയച്ചന്മാർക്കും പിതൃവേദി ഭാരവാഹികൾക്കും ഒത്തിരിനന്ദി. സമ്മാനാർഹമായ ക്രിബ് ഒരുക്കിയ ഇടവക/മിഷൻ സെന്ററുകൾക്ക് അഭിനന്ദനങ്ങൾ

മൗണ്ട് കാർമ്മൽ പള്ളി, തിരുപ്പൂർ - I

ലൂർദ്ദ് ഫൊറോന പള്ളി, ഗാന്ധിപുരം - II

സെന്റ് സെബാസ്റ്റ്യൻ പള്ളി, ഉദുമൽപ്പേട്ട് - III

നോമ്പുകാലം

പിതൃവേദിയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി പ്രാർത്ഥിക്കുവാനും ആത്മീയ നവീകരണത്തിന് നോമ്പും ഉപവാസവും ആചരിക്കുവാനും എല്ലാവരും ശ്രദ്ധിക്കണം.

ഫാ. ജോസഫ് ആലപ്പാടൻ, ഡയറക്ടർ

സീറോ മലബാർ മാതൃവേദി

സ്വാഗതം

സീറോമലബാർ മാതൃവേദിയുടെ പുതിയ രൂപതാ ഡയറക്ടറായി നിയമിതനായിരിക്കുന്ന റവ. ഫാ. ഷിന്റോ പാറയിൽ അച്ചന് രൂപതാ

മാതൃവേദി നേതൃത്വത്തിന്റെയും രൂപതയിലെ എല്ലാ മാതൃവേദി അംഗങ്ങളുടെ പേരിൽ ഹൃദ്യമായ സ്വാഗതം നേരുന്നു. അതുപോലെതന്നെ അസി. ഡയറക്ടർ റവ. ഫാ. ആന്റണി ചിറയത്തിനും ഹൃദ്യമായ സ്വാഗതം നേരുന്നു. രണ്ടുപേർക്കും മുന്നോട്ടുള്ള പ്രവർത്തനത്തിന് പ്രാർത്ഥനാശംസകൾ

ചെറുകഥാ മത്സര വിജയികൾ

Ist Prize - Mrs. Shiny Joseph (Infant Jesus church, Edayapalayam)

IInd Prize - Mrs. Jessy Jose (St. Mark church, Kuniamuthur)

IIIrd Prize - Mrs. Itty John (St. Paul's church, Pollachi)

പ്രോത്സാഹന സമ്മാനങ്ങൾ

1. Mrs. Sowmya Bastin - St. Antony's church, Viswasapuram
2. Mrs. Anna Sunny - Holy Family Mission Centre, Attipalayam
3. Mrs. Annie Vincent - Little Flower church, Saibabacolony

Syro-Malabar Mathruvedi

സ്നേഹമുള്ള അമ്മമാരെ,

രൂപതാ മാതൃവേദിയുടെ ആശംസകൾ

മരിയൻ കിസ്സിന്റെ ഏതാനും ചോദ്യങ്ങൾ താഴെ ചേർക്കുന്നു.

ഫൊറോന തലം, രൂപതാതലം മത്സരങ്ങൾ

നടക്കുന്ന ദിവസം : 3-3-2018

സ്ഥലം : ഹോളിട്രിനിറ്റി കത്തീഡ്രൽ, രാമനാഥപുരം

സമയം : രാവിലെ 10 മണി

ഓരോ ഇടവകയിൽനിന്നു മരിയൻ കിസ്സ് നടത്തി 3 അമ്മമാരുടെ പേരുകൾ 27-2-2018 (2018 ഫെബ്രുവരി 27) ന് മുൻപ് രൂപതാ ഓഫീസിനെ അറിയിക്കുമല്ലോ.

മരിയൻ കിസ് മാതൃവേദി

1. ഫാത്തിമയിൽ മാതാവ് പ്രത്യക്ഷപ്പെട്ട കുട്ടികളെ കാനോനൈസ് ചെയ്യാൻ മാർപാപ്പ എവിടെയാണ് വന്നത് ? പോർച്ചുഗൽ
2. മറിയം എലിസബത്തിനെ അഭിവാദനം ചെയ്തപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ എന്താണ് സംഭവിച്ചത് ? ശിശുകുതിച്ചുചാടി (ലൂക്കാ 1-41)
3. വി. ജോൺ പോൾ രണ്ടാമൻ പാപ്പ എത്ര പ്രാവശ്യം ലൂർദ്ദിൽ സന്ദർശനം നടത്തി ? 3
4. കാനായിലെ കല്യാണവിരുന്നിൽ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിക്കുന്ന സത്വം എന്താണ്? അമ്മ ഈശോയിൽ വിശ്വസിക്കുന്നവളായി കാണപ്പെടുന്ന മാതാവിന്റെ വിശ്വാസം (St. John Paul Redemptoris Mater, No : 21)
5. അവർക്ക് വീഞ്ഞില്ല എന്ന് മറിയം പറഞ്ഞപ്പോൾ യേശു നല്കിയ മറുപടി എന്ത് ?

സ്ത്രീയേ, എനിക്കും നിനക്കുമെന്ത് എന്റെ സമയം ഇനിയും ആയിട്ടില്ല (യോഹ. 2:4)

6. അമ്മയും സഹോദരനും യേശുവിനെ കാണാൻ പുറത്ത് നിൽക്കുന്നു എന്ന് ശിഷ്യന്മാർ അറിയിച്ചപ്പോൾ യേശു എന്ത് മറുപടിയാണ് പറഞ്ഞത് ?
ദൈവത്തിന്റെ ഹിതം നിർവ്വഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും (മർക്കോസ് 3:35)

7. വി. ലൂക്കായുടെ വിവരണമനുസരിച്ച് മറിയത്തിന്റെ ഭർത്താവായ ജോസഫ് ആരുടെ മകനായിരുന്നു? ഹേലിയുടെ (ലൂക്കാ 3:23)

8. കാനായിലെ കല്യാണ വിരുന്നിൽ വച്ച് യേശുവിന്റെ അമ്മ പരിചാരകരോട് എന്താണ് പറഞ്ഞത്?
അവൻ നിങ്ങളോടു പറയുന്നത് ചെയ്യുവിൻ (യോഹന്നാൻ 2:5)

9. സഭയിലെ ആദ്യത്തെ മരിയൻ വത്സരം എന്ന്, ആര് പ്രഖ്യാപിച്ചു ?
1954-ൽ 12-ാം പിയൂസ് മാർപാപ്പ

10. ലൂർദ്ദിൽ മാതാവ് ദർശനം നൽകിയത് ആർക്കെല്ലാം?
ബർണ്ണദീത്ത, സൂസിറോസ്, സഹോദരി മേരി, ജീൻ അബാദി

11. പരി. മറിയം ഈശോയൊടൊപ്പം മരിക്കാൻ ആഗ്രഹിച്ചിരുന്നു എന്ന് പഠിപ്പിക്കുന്ന വിശുദ്ധൻ? വി. അംബ്രോസ്

12. സഭയുടെ ആദ്യ സമ്മേളനമായി പരി. മറിയവും ശ്ലീഹന്മാരും കൂടി ചേരുന്ന സംഭവം ഏതാണ് ?
യൂദാസിന്റെ ദുരന്തത്തിനുശേഷം മത്തിയാസിനെ തിരഞ്ഞെടുക്കുന്ന സംഭവത്തെ

13. ഭാരത സഭയുടെ മദ്ധ്യസ്ഥ ആര് ?
സ്വർഗ്ഗാരോപിത മാതാവ്, ഓഗസ്റ്റ് 15ന് തിരുനാൾ

14 ഞാൻ അമലോത്ഭവയാണെന്ന് മാതാവ് ആർക്കാണ് വെളിപ്പെടുത്തിയത്? Bernadette Soubirous

15 പരി. മറിയത്തെ സർവ്വ വിശുദ്ധ എന്ന് വിശേഷിപ്പിക്കുന്നത് ആർ? പൗരസ്ത്യ സഭാപിതാക്കന്മാർ

16 ലുത്തനിയായിൽ ക്രിസ്ത്യാനികളുടെ സഹായമായ മറിയമേ എന്ന് പ്രാർത്ഥന കൂട്ടി ചേർത്തതാര്? പയസ് അഞ്ചാമൻ പാപ്പ

17 1876 ഓഗസ്റ്റ് 27ന് നിശബ്ദതയുടെ മാതാവ് മൂന്നുപേർക്ക് പ്രത്യക്ഷപ്പെട്ടു. ഏതു സ്ഥലത്ത് വച്ചാണ്? അയർലന്റ്

18 വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ മറിയത്തെ എന്ത് പറഞ്ഞാണ് വിശേഷിപ്പിക്കുന്നത്? സക്രാരി

19 മറിയം അമലോത്ഭവയാണെന്ന് ആദ്യമായി പഠിപ്പിച്ച സഭാപിതാവാര്? എഫ്രേം

20 ഫാത്തിമ ഗ്രാമം എവിടെ സ്ഥിതി ചെയ്യുന്നു?
പോർട്ടുഗലിന്റെ തലസ്ഥാന നഗരമായ ലിസ്ബണിൽ

21 പരി. കന്യക പ്രത്യക്ഷപ്പെട്ടപ്പോഴുണ്ടായ അത്ഭുതത്തിന്റെ ഉറവ

എവിടെയാണ് സ്ഥിതി ചെയ്യുന്നത്? ഫ്രാൻസിലെ ലൂർദ്ദിൽ

22 ദൈവദൂതൻ മറിയത്തോട് ആദ്യമായി പറഞ്ഞതെന്ത്?
ദൈവകൃപ നിറഞ്ഞവളേ സ്വസ്തി. കർത്താവ് നിന്നോടുകൂടെ (ലൂക്കാ 1:28)

23 സുവിശേഷത്തിൽ മറിയം ഏറ്റവും അവസാനമായി സംസാരിച്ചതെന്താണ്?
അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ (യോഹ. 2:5)

24 കുരിശിൻ ചുവട്ടിലെ മറിയത്തെ അവതരിപ്പിക്കുന്ന സുവിശേഷകൻ? സെന്റ് ജോൺ

25 മരുഭൂമിയിൽ സംരക്ഷിക്കപ്പെടുന്ന സ്ത്രീയുടെ ചിത്രത്തിന്റെ ആനുകാലിക പ്രസക്തി എന്ത്?
തിരുസഭയുടെ ചിത്രം (വെളി. 12:6)

26 മറിയത്തിന്റെ ചാർച്ചക്കാരി വൃദ്ധയായ സ്ത്രീ ആരാണ്?
എലിസബത്ത് (ലൂക്കാ 1:36)

27 മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ പിതാവ് യാക്കോബ് എവിടെ വച്ചാണ് മരിച്ചത്? ഈജിപ്തിൽ (Act 7:15)

28 പ്രവാചികയായ അന്ന എത്ര വർഷമായിട്ട് വിധവയായിരുന്നു?
84 വർഷം (ലൂക്കാ 2:37)

29 മറിയത്തിന്റെ സ്തോത്രഗീതം എഴുതിയിട്ടുള്ള സുവിശേഷകൻ ആരാണ്? അദ്ധ്യായം, വാക്യം എന്നിവ എഴുതുക ലൂക്കാ 1:46-55

30 ലൂർദ്ദിൽ രണ്ടാമത് മാതാവ് പ്രത്യക്ഷപ്പെട്ടത് എന്ന്?
1858 ഫെബ്രുവരി 14ന്

31 സഭാ സമൂഹത്തിന്റെ അമ്മയാണ് മറിയം എന്ന് പഠിപ്പിച്ച വിശുദ്ധൻ ആര്? വി. അഗസ്റ്റിൻ

32 മാതാവിന്റെ തിരുനാളുകൾ നമ്മൾ ഘോഷിക്കുമ്പോൾ നമ്മെ ഓർമ്മിപ്പിക്കുന്നത് എന്താണെന്നാണ് ഫ്രാൻസിസ് പാപ്പ പറയുന്നത്?
നമ്മൾ ദൈവ ജനമാണ്, ദൈവത്തിന്റെ കുടുംബത്തിലെ അംഗങ്ങളാണ്, ദൈവത്തിന്റെ മക്കളാണ്, നമുക്ക് പകരം വയ്ക്കാൻ മറ്റൊന്നുമില്ല

33 ഈശോ ഉത്ഥാനശേഷം മാതാവിനും ശിഷ്യന്മാർക്കും പ്രത്യക്ഷപ്പെട്ടത് എവിടെ വെച്ച്?
സെഹിയോൻ ഊട്ടുശാലയിൽ വെച്ച് (Act 1:14)

34 Le-pelerinage de loardes എന്ന എൻ സൈക്കിളിക്കിൽ മാർപാപ്പ എടുത്തുപറയുന്ന മരിയൻ മാതൃക എന്തൊക്കെ?
മാതാവിന്റെ നിസ്വാർത്ഥതയും സ്നേഹവും

35 പരി. മറിയത്തെക്കുറിച്ച് ഏറ്റവും കൂടുതൽ വ്യക്തമായി പറയുന്ന ലേഖനം ആരുടെതാണ് ആർക്ക് എഴുതിയത്?
വി. പൗലോസിന്റെ ഗലാത്തിയകാർക്കുള്ള ലേഖനം

36 വി. യോഹന്നാന്റെ വെളിപാട് ഗ്രന്ഥത്തിൽ മറിയത്തെ എങ്ങനെയുള്ള സ്ത്രീയായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്?
12 നക്ഷത്രങ്ങൾകൊണ്ട് കിരീടം ധരിച്ചവൾ (വെളി. 12:1)

37 കാനായിലെ വിവാഹ വിരുന്നിനുശേഷം യേശുവും അമ്മയും ശിഷ്യന്മാരും എവിടെയ്ക്കാണ് പോയത്?
കഫർണാമിലേയ്ക്ക് (യോഹ. 2:12)

38 ലൂർദ്ദിലെ പുതിയ കത്തീഡ്രൽ കൂദാശകർമ്മം നടത്തിയ മാർപാപ്പ ? പോപ്പ് ലിയോ XIII

39 യേശു കുരിശിൽ കിടക്കുമ്പോൾ കുരിശിനരികെ സ്ത്രീകളായി ആരെല്ലാം നിന്നിരുന്നു?
യേശുവിന്റെ അമ്മയും അമ്മയുടെ സഹോദരിയും, ക്ലോപ്പാസിന്റെ ഭാര്യ മറിയവും, മഗ്ദലേന മറിയവും (യോഹ. 19:25)

40 പോളണ്ടിലെ ഏറ്റവും വലിയ മരിയൻ തീർത്ഥാടന കേന്ദ്രം ഏത്? എവിടെ?
ജെബ്ന ഗോറ നഗരത്തിൽ ചെസ്റ്റഹോവയിലെ കറുത്ത മാതാവിന്റെ ബസ്ലിക്ക

41 മാതാവ് ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടത് എന്ന്? 1858 ഫെബ്രുവരി 11

42 മറിയത്തിന്റെ വിമലഹൃദയത്തിന് ലോകത്തെ മുഴുവൻ പ്രതിഷ്ഠിച്ചത് ആര്? എന്ന്?
12-ാം പീയൂസ് മാർപാപ്പ, 1942 ഒക്ടോബർ 31ന്

43 1858-ൽ മാതാവ് ഏത് രൂപത്തിലാണ് ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടത്?
അമലോത്ഭവ മാതാവായിട്ട്

44 സി. എൽസിയുടെ സ്ഥാനമുദ്രയുടെ അർത്ഥം എന്താണ്?
മറിയം വഴി യേശുവിലേയ്ക്ക്

45 പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ ആഗസ്റ്റ് 15

46 പരി. കന്യകാമറിയത്തെ സഭയുടെ മാതാവെന്ന് വിശേഷിപ്പിച്ചത് ആര്? എപ്പോൾ? പോൾ ആറാമൻ പാപ്പ. 1964 നവംബർ 21

47 എത്രയും ദയയുള്ള മാതാവെ എന്ന പ്രാർത്ഥന ആരുടേത്?
വി. ബർണാർദ്

48 പരി. മറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ
ഫെബ്രുവരി 2

49 പരി. മറിയം തന്റെ പുത്രന് ജന്മം നൽകിയ ബത്ലേഹം അഭിനന്ദാർഹമാണെന്ന് പറയുന്ന പ്രവാചകൻ
മിക്കാ പ്രവാചകൻ 5:2

50 ലുത്തനിയായിൽ തിരുസഭയുടെ മാതാവെ എന്ന പ്രാർത്ഥന കൂട്ടി ചേർത്തത് ആര്?
സെന്റ് ജോൺ പോൾ പാപ്പ. 1980 സെപ്തംബർ 8

ഫാ. തോമസ് കാവുങ്കൽ, ഡയറക്ടർ

കത്തോലിക്കാ കോൺഗ്രസ്സ്

സ്നേഹമുള്ള അംഗങ്ങളെ,
നോമ്പുകാലം നമ്മുടെ ഉത്തരവാദിത്വങ്ങൾ, കടമകൾ എന്നിവ ശരിയായി ചെയ്തുവോ എന്ന് പരിശോധിക്കാനും കുറവുകൾ പോരായ്മകൾ എന്നിവക്ക് പരിഹാരം ചെയ്യുവാനുമുള്ള കാലഘട്ടം. നമുക്ക് വി. കുർബാനയിലും കുരിശിന്റെ വഴിയിലും പങ്കെടുത്ത് നമുക്ക് പരിഹാരം ചെയ്യാം. ഇടവക ധ്യാനത്തിൽ നാം പങ്കെടുക്കുക. ദാനധർമ്മം, ത്യാഗപ്രവൃത്തികൾ, തീർത്ഥാടനം എന്നിവ നടത്തുക.

ഫാ. തോമസ് കാവുങ്കൽ, ഡയറക്ടർ

എസ്.എം.വൈ.എം.

SMYM യുവജനവർഷവും കലാകായിക മത്സരങ്ങളും
2018 ഫെബ്രുവരി 13ന് ഉക്കടം സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ വെച്ച് SMYM ഭാരവാഹികളുടെ മീറ്റിംഗ് നടത്തപ്പെടുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ യുവജനവർഷത്തിന് മുന്നോടിയായി രൂപതാതല ഫുട്ബോൾ മത്സരവും ആർട്സ് ഇനത്തിൽ ബൈബിൾ ദൃശ്യവത്ക്കരണ മത്സരവും നടത്തുവാൻ തീരുമാനമായി. മത്സരങ്ങളുടെ വിശദാംശങ്ങളും നിയമവും താഴെ ചേർക്കുന്നു.

SMYM SKIT EVENT- 2018

DATE : APRIL 14 th 2018 saturday
TIME : 5:30 pm
PROGRAM : **SKIT**
Venu : Alvernia convent

RULES AND REGULATIONS:

- One team per unit/parish
- Skit duration 18 min
- The voice should be pre recorded and the theme must be pure biblical
- Participants per team 15 members (minimum 8)
- Age limit for skit will be 18-30 years
- kindly get a letter from your parish priest which should include participants list and age
- Registration fee will be Rs500 per team
- Further information will be intimated through letter

For queries contact:Mr.Vimith (general secretary) 8668163038
Mr.Darshan Wilson (tresurer) 8807387747

SMYM FOOT BALL EVENT - 2018

DATE : March 4 th 2018 sunday
TIME : 10:00 am
Venu : nirmalamatha school, kunniamathoor
PROGRAM : **TEAM QUALIFICATION MATCH**

RULES AND REGULATIONS:

- One team per unit/parish
- Participants per team 10 members (out of 10 members can use 3 as substitutes)
- Age limit for foot ball will be 18-30 years
- kindly get a letter from your parish priest which should include participants list and age
- slots will be decided by taking the lot by the referee
- referee's decision will be the final
- Registration fee will be Rs100 each
- Further information will be intimated through letter

For queries contact: Mr.Darshan Wilson (treasurer) 8807387747

SMYM GROUP SONG EVENT - 2018

VENUE : ALVERNIA SCHOOL, Ramanathapuram
DATE : APRIL 14th 2018 (Saturday)
TIME : 3:30PM
PROGRAM : GROUP SONG

RULES AND REGULATIONS:

- Registration fee will be Rs200 for a team
- Age limit for group song will be from 18 - 30 years
- Devotional songs only allowed
- Participants maximum per team 12 members
- Electronic devices and musical instruments are not allowed
- Duration for group song is 5 minutes
- kindly get a letter from your parish priest which should include participants list and age
- slots will be decided by taking the lot

For queries contact: Mr.Vimith (general secretary) 9497325067

ഫാ. ബിജോ പാലായിൽ, ഡയറക്ടർ

സാന്തോം ക്രിയേഷൻസ്

- രണ്ടുവർഷത്തെ സ്തുത്യർഹമായ ശുശ്രൂഷയ്ക്കുശേഷം സ്ഥലം മാറിപോയ എക്സിക്യുട്ടീവ് ഡയറക്ടർ ഫാ. ജാജു എളംങ്കുന്നപ്പുഴ യച്ചന് നന്ദിയും കടപ്പാടും. അച്ചന്റെ ജാഗ്രതയും നിസ്വാർത്ഥ സേവനവും ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ നാഴികകല്ലായിട്ടുണ്ട്. അച്ചന് സാന്തോം ക്രിയേഷന്റെ, രൂപതയുടെ നന്ദി.
- ഫെബ്രുവരി 8ന് പുതിയ ഡയറക്ടറായി സ്ഥാനം ഏറ്റെടുത്ത റവ. ഫാ. പോൾ പുലിക്കോട്ടിലിന് സാന്തോം ക്രിയേഷൻസ് ഊഷ്മളമായ സ്വാഗതം നൽകി. പുതിയ ഡയറക്ടർ എല്ലാവരും ഒരുമിച്ച് പ്രാർത്ഥിക്കുകയും പുതിയ ഉണർവ്വോടെ സ്ഥാപനത്തെ മുന്നോട്ടു നയിക്കുവാൻ കൂട്ടായ പ്രവർത്തനം വേണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു..
- പുതിയ ഡയറക്ടർ ചാർജ്ജെടുത്തശേഷമുള്ള പ്രഥമ ജനറൽബോഡി യോഗം 13.02.2018 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് അഭിവന്ദ്യ മാർ പോൾ ആലപ്പാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പുത്തൻ തീരുമാനങ്ങളും അഭിപ്രായങ്ങളുമായി മീറ്റിംഗ് സജീവമായിരുന്നു. ഈ കാലഘട്ടത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും പുതിയ ഓർഡറുകളെ കുറിച്ചും ശ്രീ. വിൻസെന്റ് (റിട്ട. ജന. മാനേജർ, എസ്.ഐ.ബി.) സംസാരിച്ചു. സാന്തോം ക്രിയേഷൻ എസ്.എം. ശ്രീ. ബിജു നിലവിലുള്ള കാര്യങ്ങൾ വിവരിച്ചു. എല്ലാവർക്കും നന്ദി.

ഫാ. പോൾ പുലിക്കോട്ടിൽ, ഡയറക്ടർ

വൊക്കേഷൻ കമ്മീഷൻ

രാമനാഥപുരം രൂപതയുടെ നേതൃത്വത്തിൽ വൈവാഹിക ജീവിതം നയിക്കുന്നവർക്കുവേണ്ടിയും വൈദികർക്കുവേണ്ടിയും സമർപ്പിതർക്കുവേണ്ടിയും ഉപവാസ പ്രാർത്ഥനയജ്ഞം നടത്തപ്പെടുന്നു.

Date : April 23rd Monday - 28th Saturday

Place : Holy Trinity Cathedral, Ramanathapuram

ദൈവവിളി ക്യാമ്പുകൾ

Date : April 21st Saturday - 24th Tuesday

Place : St. Mary's Minor Seminary Vadukkakad (Boys)

Nirmala Matha Higher Sec. School Kuniamuthur (Girls)

ബഹു. അച്ചന്മാരും സമർപ്പിതരും ഇടവകജനങ്ങളും ഈ ശുശ്രൂഷയിൽ പങ്കെടുത്ത് രൂപതക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

എസ്. എം. ആർ. സി.

- പരി. പിതാവിന്റെ ആഹ്വാനപ്രകാരം നമ്മുടെ അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചതനുസരിച്ച് എല്ലാ സന്യാസ ഭവനങ്ങളിലും Prayer & Fasting Day നടത്തുവാൻ SMRC വഴി സാധിച്ചു.
- എല്ലാ സന്യാസ സമൂഹങ്ങളിലേയും പ്രൊവിൻഷ്യൽ & കൗൺസിലേഴ്സ് ബിഷപ്പ് ഹൗസിൽ ഒന്നിച്ച് ചേർന്നപ്പോൾ SMRC സെക്രട്ടറി അതിൽ സംബന്ധിക്കുകയും. എസ്.എം.ആർ.സി.യുടെ ഇന്നത്തെ നിജസ്ഥിതി അറിയിക്കുകയും ചെയ്തു.
- പലതരത്തിലുള്ള മാനസിക പ്രശ്നങ്ങളാൽ വേദനിച്ചുകഴിയുന്ന അനേകം മക്കൾക്ക് ഉക്കടം ഭവനത്തിൽ കൗൺസിലിംഗിലൂടെ സഹായം നല്കിവരുന്നു. ഭിന്നിച്ച് നിന്നിരുന്ന രണ്ട് ദമ്പതികൾ കൗൺസിലിംഗ് വഴിയും, വി. മറിയം ത്രേസ്യയുടെ മദ്ധ്യസ്ഥാലും ഒരുമിച്ച് ജീവിക്കാൻ ഇടയായി.
- പൊള്ളാച്ചി ആരോഗ്യമാതാ സ്കൂളിലെ ഓഡിറ്റോറിയം പണി നടത്തിയ 25 പേർക്ക് വസ്ത്രങ്ങളും സ്റ്റേഷനറി സാധനങ്ങളും അടങ്ങുന്ന ഒരു കിറ്റ് സമ്മാനമായി നല്കുകയും നല്ലജീവിതം നയിക്കുവാനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.
- സ്കൂളിലേക്ക് കുട്ടികളുമായി കടന്നുവരുന്ന എല്ലാ ഓട്ടോ ഡ്രൈവർമാർക്കും ക്രിസ്തുമസ് സന്തോഷമറിയിച്ച് കേക്ക് നല്കി.
- പൊള്ളാച്ചി ആരോഗ്യമാതാ സ്കൂളിലെ ഒരു വിദ്യാർത്ഥിയുടെ വേർപിരിഞ്ഞ് താമസിക്കുന്ന മാതാപിതാക്കളെ സിസ്റ്റേഴ്സിന്റെ നിരന്തരമായ സന്ദർശനത്താലും പ്രാർത്ഥനയാലും രമ്യതയിലാക്കാൻ സാധിച്ചു.
- പൊങ്കലിനോടനുബന്ധിച്ച് സ്കൂളിലെ കുട്ടികൾ പൊങ്കലുണ്ടാക്കാനുള്ള സാധനങ്ങൾ കൊണ്ടുവരികയും വിദ്യാർത്ഥികളും ടീച്ചേഴ്സും ചേർന്ന് പൊങ്കലുണ്ടാക്കി ഉത്സവത്തിൽ പങ്കുചേർന്നു.
- ആരോഗ്യമാതാ സ്കൂളിൽ പഠനത്തിൽ പിന്നോക്കവും ദുഃസ്വഭാവവുമുള്ള വിദ്യാർത്ഥികളെ ഒന്നിച്ച് ചേർത്ത് ഉപദേശം നല്കിയും പ്രാർത്ഥിപ്പിച്ചും പഠനത്തിൽ മുന്നോട്ടു കൊണ്ടുവരുവാനും സത് സ്വഭാവ രൂപീകരണത്തിനും സിസ്റ്റേഴ്സ് സഹായിക്കുന്നു.
- സുവിശേഷ ഭാഗങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള കഥകളും പാട്ടുകളും തമിഴിലും ഇംഗ്ലീഷിലും നല്കി പൊള്ളാച്ചി സ്കൂൾ വിദ്യാർത്ഥികളെ വിശ്വാസജീവിതത്തിലേക്ക് നയിക്കുവാനും അങ്ങനെ സുവിശേഷ പ്രഘോഷണം നടത്തുവാൻ കഴിയുന്നു.

വിമൽ ജ്യോതി കോൺവെന്റ്

- വിമൽ ജ്യോതി ഹോസ്പിറ്റലിൽ വെച്ച് സ്റ്റാഫിനും വിദ്യാർത്ഥികൾക്കുമായി രണ്ടുദിവസത്തെ നവീകരണ ബോധവത്ക്കരണ ക്ലാസ്സുകളും പ്രാർത്ഥനയും മാനന്തവാടി പ്രൊവിൻസിലെ അംഗവും തൃശ്ശൂർ

ഏവുപ്രാസ്യ ധ്യാന സെന്ററിലെ ധ്യാനം നയിക്കുന്ന സി. ഫിൽസി ഏവുപ്രാസ്യ സി.എൻ.സി.യുടെ നേതൃത്വത്തിൽ നടത്തി ആത്മീയ ഉണർവ്വ് നേടി.

- വിമൽ ജ്യോതി സ്കൂളിലെ 10, 11, 12 ക്ലാസ്സുകളിലെ കത്തോലിക്കാ വിദ്യാർത്ഥികൾക്കുവേണ്ടി സി. ഫിൽസി ഏവുപ്രാസ്യ ഒരു പ്രാർത്ഥന യത്നം നടത്തി. കുട്ടികൾക്ക് പ്രാർത്ഥനയിൽ ആഴപ്പെടാനും തങ്ങളിൽ ഒളിഞ്ഞിരിക്കുന്ന ദൈവവിളി മനസ്സിലാക്കുവാനും ചിലർക്കൊക്കെ സാധിച്ചു.
- 2018 ഫെബ്രുവരി 10 വി. ചാവറ പിതാവിന്റെ ജന്മദിനത്തോടനു ബന്ധിച്ച് വിമൽജ്യോതി സ്കൂളിൽ Non Teaching Staff , ഫാമിലി ഗാദറിങ്ങ് നടത്തി. സി. ഫിൽസി അവരെ സ്വാഗതം ചെയ്തു. Non Teaching ഫാമിലിയെ പ്രതിനിധീകരിച്ച് ശ്രീ. തിമോത്തി കുടുംബപ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി. ബസ് ഡ്രൈവർ ശ്രീ. പുകഴേന്തി ബൈബിളിനെ അടിസ്ഥാനമാക്കി കുടുംബത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് സംസാരിച്ചു. അവരുടെ കലാപരിപാടികൾ ഉണ്ടായിരുന്നു. ആദ്യമായി സംഘടിപ്പിച്ച ഈ സംഗമം അവർക്ക് സ്നേഹത്തിന്റെയും ഐക്യത്തിന്റെയും അനുഭവമായിരുന്നു. നല്ലഭക്ഷണവും സമ്മാനവും നല്കി 3.30ന് പരിപാടി സമാപിച്ചു.
- ഫെബ്രുവരി 11ന് രോഗീദിനം സമുചിതമായി ഹോസ്പിറ്റലിൽ കൊണ്ടാടി. രോഗികൾക്കായി ദിവ്യബലിയർപ്പിച്ചു. ആരാധന നടത്തി അവർക്കായി പ്രാർത്ഥിച്ചു.

സി. നിർമ്മല CHF (സെക്രട്ടറി)

ബേസിക് കൗൺസിലിംഗ് കോഴ്സ് (ബി.സി.സി.)

മാർച്ച് 3	:	മോഡൽ പരീക്ഷ
മാർച്ച് 10	:	University Exam (at Palakkad Councelling Centre) Time 9.00am - 12.00am
മാർച്ച് 17	:	സ്റ്റഡി ടൂർ
മാർച്ച് 24	:	Teens Witness Programme at Liziux College, Saravanampatty

സന്യാസ സമർപ്പണത്തിന്റെ
25 വർഷങ്ങൾ പൂർത്തിയാക്കുന്ന

സി. സുദീപ CMC

(രൂപതാ മെഡിക്കൽ ഫ്രട്ടേണിറ്റി) യ്ക്ക്
രജതജൂബിലി മംഗളങ്ങൾ.

MEDICAL FRATERNITY

Medical Fraternity (Annual Report 2017)

As a part of health education and health screening activity of the Medical fraternity of the Eparchy of Ramanathapuram, various medical camp at various churches were conducted for the benefit of the parishioners and others in the locality.

March 2017

Activity Report of Breast awareness & screening camp conducted at Holy Trinity Cathedral , Ramanathapuram on 26/ 03/2017

A breast awareness and screening program were conducted on Sunday, 26 /03/2017. .A medical team from oncology department of KMCH comprising of Dr Rupa M.D, Dr. Sumathi M.D and Dr Ajith Shinto were present. Dr Roopa led the introductory class on the importance of breast awareness,. This program was attended by 176 lady parishioners of Ramanathapuram. More than ten ladies were detected to have been affected with breast lump.

June 2017

Breast awareness & screening camp conducted at Infant Jesus church , Edayapalayam on 18/ 06/2017

The breast awareness and screening program were conducted on Sunday,18 /06/2017 at Infant Jesus church Edayapalayam. This awareness program was conducted for the benefit of the parishes Saibaba colony, Koundampalayam and Edayapalayam and it was attended by 59 lady parishners and Breast lump was detected for 10 persons .

July 2017

Breast awareness & screening camp conducted at St. Marks's church, Kuniamuthur on 23 07-2017

The breast awareness camp and screening program were conducted on Sunday,23 July 2017 at St Mark's Parish hall, Kuniamuthur It was attended by 61 lady parishioners and Breast

lump was detected for 10 persons. Dr.Thushara led the introductory class on the importance of breast awareness.

Sep2017

Breast awareness &screening camp at St. Pauls's church, Pollachi on 17-09-2017

The Medical camp on Breast Awareness and screening for parishioners of St. Paul's Parish, Pollachi and Suleswarampatty was organized at Arogyamatha school run by the Holy Family convent, Mahalingapuram, Pollachi on Sunday, 17/09/2017. Dr Thushara gave an introductory class in Malayalam regarding the importance of breast awareness . Nearly 61 parishioners were benefitted through this camp and lumps were detected for 9 persons .

October 2017

General medical camp was conducted at St. Luke's church, Valparai

A General medical camp was conducted on Sunday, 22-10-2017 at St. Luke's church, Valparai. The camp was conducted by the Santhom Social Service Society in collaboration with Karpagam Medical college and hospital to make available medical service to BPL people of the remote areas of Valparai. A medical team of 15 doctors and 5 nurses from Karpagam medical college and hospital comprising from various departments like Pediatrics, ENT, General Medicine, Dental, Dermatology, and Ortho were present to lead the medical camp.

Free Health check ups like weight, BP, Sugar and medicine were delivered to 200 people of whom 15 patients were taken to the hospital for the further free medical investigation and treatment.

Nov 2017

Breast awareness & screening camp was conducted at St. Joseph's church, Mettupalayam on 05-11-2017

A Medical camp on Breast Awareness and screening were

conducted for parishioners of St. Joseph's church, Mettupalayam on 05-11-2017. A medical team from the Oncology department of KMCH, Coimbatore, which comprised of Dr.Thushara MBBS and Dr.Sweetha MBBS were present to lead the program. Dr Thushara presented an awareness class, breast screening was done to the required patients. Nearly 43 lady parishioners were benefitted through this camp and lumps were detected for 3 persons

Dec 2017

Activity Report of General awareness class and Breast awareness, screening camp conducted at St.Antonys church, vishwasapuram on 03-12-2017

A Medical camp on Breast Awareness & screening and general awareness was conducted for parishioners of St.Antonys church, vishwasapuram on 03-12-2017.Dr Ajith Shinto gave a general awareness class.regarding heart disease, diabetes and cholesterol and cancer

A medical team from the Oncology department of KMCH, Coimbatore, which comprised of Dr.Thushara MBBS and Dr.Swetha MBBS were present to lead the program. Nearly 52 lady parishioners were benefitted through this camp and lumps were detected for 8 persons .

The response and the outcomes were enthusiastic and the medical fraternity will take this as a positive step towards planning more such events in future. We thank all the medical fraternity members who have actively participated and worked for the camps .

Fr. Johnson Veeppattuparambil,
Director

(Sd-)
Dr. Ajith Shinto,
President

(Sd-)
Sr. Sudeepa CMC, Secretary

SNIPPETS

Starting of the Coimbatore Mission	29th April 1955
Formation of Coimbatore Forane	Nov. 1973
Erection of the Eparchy of Palghat	20th June 1974
Inauguration of the Eparchy of Palghat	8th Sept 1974
Inauguration of the Coimbatore Region and Formation of 3 Foranes	1st May 2008
Erection of the Eparchy of Ramanathapuram	18th Jan 2010
Inauguration of the Eparchy of Ramanathapurm & Episcopal Ordination of Msgr. Paul Alappatt	11th April 2010
Inauguration of the Ist Pastoral Council	29th April 2010
Ist Eparchial Day & Releasing of the Eparchia Logo and Anthem (Chief Guest: Mar Andrews Thazhath, Metropolitan Archbishop of Trichur)	4th July 2010
Inauguration & Blessing of Eparchial Catechetical Centre (Gandhipuram) & Animation Centre (Ukkadam) (Temporary)	12th October 2010
Blessing of the Arokiamatha Chapel, Pollachy	18th October 2010
Blessing & Inauguration of "Santhom Creations", Tirupur	25th October 2010
Blessing foundation Stone for the Eparchial Minor Seminary (H.E. Mar Jacob Manathodath)	06th January 2011
Inauguration of the 2nd Pastoral Council	11th June 2011
Inauguration of "St. Mary's Minor Seminary", at temporary building in Edayapalayam	12th June 2011
Releasing of the 1st Diocesan Directory (Mar Bosco Puthur)	03rd July 2011
Inauguration of the Mission Year	10th Sept. 2011
Inauguration of the Diocesan Website	10th Sept. 2011
Consecration of the Karunya Matha Church Karunya Nagar (Perur)	08th Dec. 2011
Erection of the Parish Udumalpet	07 Jan. 2012
Starting of the Dharapuram Mission	4th March 2012
Blessing of the Presbytery, Karamadai	06th May 2012
The Pastoral visit of the Major Archbishop Mar George Cardinal Alencherry	6th-8th July 2012
03rd Eparchial day	8th July 2012
Blessing of the foundation stones for Bishop's House & Pastoral Centre by the Major Archbishop	8th July 2012
Erection of the Parish Sulur Aero	15th July 2012
Inauguration of the Eparchial Santhom Social Service Society	18th August 2012
Laying foundation Stone for the Minor Seminary at Kozhinjampara	18th January 2013
Consecration of the Good Shepherd Church, Karamadai	20th January 2013
Starting of Vadavally Mission	10th February 2013
Starting of Ettimada Mission	17th February 2013
Starting of St. Alphonasa Mission, Edayarpalayam (Mettupalayam)	03rd March 2013
Starting of Athipalayam Pirivu Mission(Ganapathy, Gandhipuram)	11th August 2013
Starting of Sowripalayam Mission	20th October 2013

Consecration of the St. Judes Church, Dharapuram	21st Dec. 2013
Sifting of the Minor Seminary to the New building in Vadakkukadu (Kozhinjampara)	06th Jan 2014
Consecration of St. Alphonsa Church, Palladam	1st Feb 2014
Starting of Holy Mass at Peelamedu (Sitra)	2nd Feb 2014
Blessing of Presbytery, Dharapuram	23rd Feb 2014
Perpetual Adoration Centre at Lourde Forane Church, Gandipuram	8th Dec 2014
Laying foundation stone for Mother Theresa Peace Home, Tirupur	11th Apr 2015
Laying foundation stone for the new church at Kuniamuthur	25th Apr 2015
"Samarpithavarsham" at Ramanathapuram Cathedral in connection with the year of the Consecrated (2014 Nov. 30-2016 Feb.02)	14th Jun 2015
Laying Foundation Stone for the Community hall at "Rosary Garden" (RNM)	11th Aug 2015
Laying of the Foundation stones for Bishop's house and Pastoral Centre (by Mar Paul Alappatt)	06th Nov 2015
Formal blessing & inauguration of St. Mary's Minor Seminary, Vadakkukad (Pollachi) by Mar Andrews Thazhath, Metropolitan Archbishop of Trichur	08th Dec 2015
Opening of the "Door of Divine Mercy" at Cathedral	13th Dec 2015
2nd Diocesan Bible convention at Ramanathapuram (Alvernia School Ground)	18-22nd Dec 2015
Protest rally & Meeting at Ramanathapuram against attach on a priest and three lay people in the diocese	07th Feb 2016
Blessing of the first phase of the Mother Theresa Peace Home Tirupur (By Bishop Paul Alappatt)	11th Feb 2016
Blessing & laying of the foundation stone for St. John Paul Mission centre, Periyanaickampalayam (Bishop Paul Alappatt)	23rd May 2016
Blessing of the grotto, Kindergarten section & Kids park, at St. Joseph's school, Jadayampalayam (Bishop Paul Alappatt)	07-6-2016
Formal blessing & inauguration of Mater Dei ICSE school at temporary building in Singanalloor (Bishop Paul Alappatt)	09-6-2016
The first feast of St. Mother Theresa of Kalkota in the diocesan level At Holy Trinity Cathedral, Ramanathapuram	09-10-2016
Blessing of the chapel at St. Joseph's Matri. Higher sec. School Jadayampalayam	19-10-2016
Blessing of Holy Family Priest Home, Ganapathy	06-11-2016
First Eparchial Convention of Catholica Congress	20-11-2016
Blessing of Second phase of Mother Theresa Peace Home	01-05-2017
4th Pastoral Council	18-06-2017
Bishop Joseph Irimpen Memorial Eparchial Quiz Competition (Ed. 1)	18, 25 June 2017
8th Eparchial Day	02-07-2017
Foundation stone laid for "Mater Dei ICSE School" at Pattanam, CBE (Bishop Paul Alappatt)	08-09-2017
Extension of the territory of the Eparchy (Decree No. 38/2010)	10-10-2017
4th Diocesan Bible convention at Ramanathapuram (Alvernia School Ground)	24-26th Nov 2017
Handing over of the Syro-Malabar St. Mary's Parish (from the diocese of Salem to the eparchy of Ramanathapuram By Bishop Sebastianappan Singorayan of Salem)	20-1-2018
Consecration of St. Joseph's church (reconstructed) at Kaundampalayam (By Bishop Paul Alappatt)	21-1-2018

Eparchial Tribunal Officers with the Bishop

Newly Wedded Couples Meet (26.01.18)

Trinity Matric. Hr. Sec. School
Silver Jubilee Celebrations